# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 സെപ്റ്റംബർ–2017 ലക്കം 9**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


ഡിക്രി ........................................................................ 05
പുരോഹിതൻ ആരാധനാസമൂഹാദ്ധ്യക്ഷൻ ............ 06
രൂപതാകച്ചേരി വാർത്തകൾ ..................................... 13
വിദ്യാഭ്യാസസഹായനിധി ........................................... 18
വൈദികരുടെ മാസധ്യാനം ........................................ 21
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 22
മതബോധനരംഗം ....................................................... 24
ചെറുപുഷ്പമിഷൻലീഗ് ............................................... 38
*Department of Youth Ministry* ........................................ 52
കെ.സി.വൈ.എം. ....................................................... 56
കുടുംബപ്രേഷിതത്വം .................................................. 68
സീയോൻ വാർത്തകൾ ................................................ 72
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 74
സാമൂഹ്യ സേവനരംഗം (WSSS) .................................. 77
ബയോവിൻ അഗ്രോ റിസർച്ച് ..................................... 83
റേഡിയോ മാറ്റൊലി .................................................. 86
Mary Matha Arts & Science College ................................. 93
ഡി.എഫ്.സി. ............................................................... 94
അറിയിപ്പുകൾ .............................................................. 96
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 97
ബിഷപ്സ് പ്രോഗ്രാം .................................................... 98

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

Prot. No. 20125/2017

## നിലവിൽ നടവയൽ ഫൊറോനയിലായിരുന്ന വിളമ്പുകണ്ടം ഇടവകയെ ദ്വാരക ഫൊറോനയിൽ ചേർത്തുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി

നിലവിൽ നടവയൽ ഫൊറോനയിലായിരുന്ന വിളമ്പുകണ്ടം ഇടവകയെ പുതിയതായി രൂപീകരിച്ച ദ്വാരക ഫൊറോനയിൽ ചേർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11-6-2017 ന് ചേർന്ന പാരീഷ് കൗൺസിലിന്റെ അംഗീകാരത്തോടെ ബഹു. വികാരി റവ.ഫാ. ജോസ് ചക്കിട്ടക്കുടി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. യാത്രാസൗകര്യം കണക്കിലെടുത്തും നടവയലിലേയും ദ്വാരകയിലേയും ഫൊറോനവികാരിയച്ചന്മാരുടെ ശുപാർശ പരിഗണിച്ചും അപേക്ഷ അംഗീകരിക്കുന്നു. ആകയാൽ രണ്ടായിരത്തി പതിനേഴാമാണ്ട് ആഗസ്റ്റ് മാസം പതിനൊന്നാം തീയതി വെള്ളിയാഴ്ച മുതൽ മേൽപ്പറഞ്ഞ ഇടവക ദ്വാരക ഫൊറോനയിലുള്ള ഇടവകയായി ഇതിനാൽ അംഗീകരിച്ച് നിശ്ചയിക്കുന്നു. ഈ തീയതി മുതൽ വിളമ്പുകണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഇടവകക്കാർ ബഹു. ഫൊറോന വികാരിയിൽനിന്നും ലഭിക്കേണ്ട എല്ലാ അനുവാദങ്ങൾക്കും ആവശ്യങ്ങൾക്കും ദ്വാരക ഫൊറോന വികാരിയെയാണ് സമീപിക്കേണ്ടത്. അതോടൊപ്പം ഫൊറോനാതലത്തിലുള്ള സംഘടന പ്രവർത്തനങ്ങൾ ദ്വാരക കേന്ദ്രീകരിച്ചായിരിക്കും നടക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചൻ യഥാസമയം ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2017 ആഗസ്റ്റ് മാസം 11 ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
ചാൻസലർ

**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# പുരോഹിതൻ : ആരാധനാസമൂഹാദ്ധ്യക്ഷൻ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: മർക്കോ 11,1-33)**

ഈശോമിശിഹായുടെ പീഡാനുഭവത്തെയും മരണത്തെയുംകുറിച്ചുള്ള വിവരണത്തിന് പ്രാരംഭമായി സുവിശേഷകൻ ഒരുക്കുന്ന ഭാഗമാണ് ഇവിടെ ആരംഭിക്കുന്നത്. ഈശോയുടെ ജറുസലേം പ്രവേശനം കൊണ്ടാണ് ഈ ഭാഗം തുടങ്ങുന്നത്. നാലു സുവിശേഷകരും രേഖപ്പെടുത്തുന്ന ഒരു സംഭവമാണ് ഈശോയുടെ ആഘോഷമായ ജറുസലേം പ്രവേശനം. കേസറിയാ ഫിലിപ്പിയിൽവച്ച് പത്രോസ് ഈശോയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനുശേഷം ഈശോ തന്റെ ശിഷ്യന്മാരോടൊപ്പം ആരംഭിച്ച യാത്രയാണ് ജറുസലേമിൽ ലക്ഷ്യസ്ഥാനത്തെത്തുന്നത്. ജറുസലേമിനു തൊട്ടുപുറത്തുള്ള രണ്ടു സ്ഥലങ്ങളാണ് ബേത്ഫഗെയും ബഥാനിയായും. അവിടെനിന്നാണ് ഈശോയുടെ നഗരപ്രവേശന ഘോഷയാത്ര ആരംഭിക്കുന്നത്.

ഈശോയുടെ രാജകീയ ജറുസലേംപ്രവേശനം (11,1 -11), ഫലങ്ങളില്ലാത്ത അത്തിമരം (11,12-14), ദൈവാലയശുദ്ധീകരണം (11,15-19), വിശ്വാസത്തിന്റെ ശക്തി (11,20-26), ഈശോയുടെ അധികാരം (11,27 -33) എന്നീ അഞ്ചുഭാഗങ്ങളാണ് ഈ സുവിശേഷഭാഗത്തിനുള്ളത്. പഴയനിയമ ആരാധനാവേദിയായിരുന്നല്ലോ ജറുസലേം ദൈവാലയം. പഴയനിയമ ആരാധനയെ ശുദ്ധീകരിച്ച് മിശിഹാകേന്ദ്രീകൃതമായ പുതിയനിയമ ആരാധനയ്ക്ക് രൂപംകൊടുക്കുന്നു എന്ന ഒരു സന്ദേശമാണ് നമുക്ക് ഇവിടെ ലഭിക്കുന്നത്. ആരാധനാസമൂഹാദ്ധ്യക്ഷനായ പുരോഹിതന്റെ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള വിചിന്തനങ്ങൾക്ക് ഈ സുവിശേഷഭാഗം സഹായകരമാകും.

**1. പുരോഹിതൻ: ആരാധനാജീവിതം നയിക്കുന്നവൻ**

"*അവൻ ജറുസലേമിൽ പ്രവേശിച്ച് ദൈവാലയത്തിനുള്ളിലേക്കു പോയി; ചുറ്റും നോക്കി എല്ലാം കണ്ടശേഷം, നേരം വൈകിയിരുന്നതിനാൽ, പന്ത്രണ്ടു പേരോടുംകൂടെ ബഥാനിയായിലേക്കു പോയി*" (11,11).

മർക്കോസ് 11,1-6 ലെ വിശദമായ വിവരണം ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. ആകസ്മികമായി സംഭവിച്ച ഒന്നല്ല ഈശോയുടെ ജറുസലേം പ്രവേശനം. ഈശോ മുൻകൂട്ടി ആലോചിച്ച് തീരുമാനിച്ച ഒരു പദ്ധതിയാണ് ഇവിടെ നടപ്പാക്കുന്നത്. നടന്ന് തീർത്ഥാടനകേന്ദ്രത്തിലേക്കു കയറുന്നതിനു പകരം ഈശോ ഒരു കഴുതക്കുട്ടിയുടെ

പുറത്തിരുന്ന് നഗരപ്രവേശനം നടത്തുന്നു. ഒരു രാജാവ് നഗരപ്രവേശനം നടത്തുമ്പോൾ കൊടുക്കാറുള്ള രാജകീയസ്വീകരണമാണ് ഈശോയ്ക്ക് നഗരവാസികൾ കൊടുത്തത്. എന്നാൽ വെറും ഭൗമിക രാജാവായിട്ടല്ല ഈശോ നഗരപ്രവേശനം നടത്തുന്നത് എന്ന് ഓർമ്മിപ്പിക്കുന്നതാണ് ഈശോയുടെ പ്രതികരണം. സാധാരണ രാജാക്കന്മാർ കുതിരപ്പുറത്താണ് നഗരപ്രവേശനം നടത്താറുള്ളത്. ഈശോ കഴുതപ്പുറത്തിരുന്നു നഗരപ്രവേശനം നടത്തുന്നത് സഖറിയ 9,9 ഓർമ്മിപ്പിക്കുന്നതിനാണ്. ഈശോ എളിമയും ശാന്തതയുമുള്ള, സമാധാനത്തിന്റെ രാജാവാണ്. തന്റെ പീഡാനുഭവത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് അവിടുന്ന് ഈ സമാധാനം സ്ഥാപിക്കുന്നത്. കുരിശിലാണ് അവിടുത്തെ രാജത്വം മനുഷ്യർക്കു വെളിപ്പെടുത്തപ്പെട്ടത്. തന്റെ ഈ രാജത്വമാണ് കഴുതയുടെ പുറത്തിരുന്ന് നഗരപ്രവേശനം നടത്തിയ ഈശോ പ്രഖ്യാപിക്കുന്നത്.

നഗരപ്രവേശനം നടത്തിയ ഈശോ ദേവാലയത്തിനുള്ളിലേക്കു പോയി. ദൈവാലയത്തിൽ പ്രവേശിച്ച് എല്ലാം നിരീക്ഷിച്ചതിനുശേഷം ബഥാനിയായിലേക്കു പോയി എന്നാണ് മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. മത്തായി സുവിശേഷകനും ലൂക്കാ സുവിശേഷകനും ഉടനെതന്നെ ഈശോ ദൈവാലയശുദ്ധീകരണം നടത്തുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവാരാധനക്കുവേണ്ടിയുള്ള ദൈവാലയം എപ്രകാരം സംരക്ഷിക്കപ്പെടുന്നു എന്ന് അറിയുവാൻ താല്പര്യമുള്ളവനാണ് ദൈവം. മാമ്മോദീസായിലൂടെ ത്രിയേക ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള ദൈവാലയങ്ങളായി നാം മാറുകയുണ്ടായി (മത്താ 28,19; യോഹ 14,23). ദൈവം ആയിരിക്കുന്നതുപോലെ ദൈവത്തെ അംഗീകരിക്കുന്നതാണ് ആരാധന. പരിശുദ്ധനായ ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള നമ്മുടെ ജീവിതം പരിശുദ്ധമായി കാത്തുസൂക്ഷിക്കണം. ഇരുപത്തിനാലു മണിക്കൂറും നമ്മുടെ ജീവിതം ദൈവത്തിന്റെ നിരീക്ഷണത്തിലാണ്. അത് ദൈവത്തിനു സ്വീകാര്യമായ വിധത്തിൽ പരിശുദ്ധമായി കാത്തുസൂക്ഷിക്കുന്നതിലൂടെയാണ് നാം യഥാർത്ഥ ആരാധനാജീവിതം നയിക്കുന്നത്. ഇപ്രകാരം പുരോഹിതൻ യഥാർത്ഥ ആരാധനാജീവിതം നയിക്കുന്നവനാകണം. യഥാർത്ഥ ആരാധനാജീവിതം നയിക്കുവാൻ ജനങ്ങൾക്കു നേതൃത്വം നല്കുന്നവനുമാകണം.

**2. പുരോഹിതൻ: നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നവൻ**

"*അവൻ പറഞ്ഞു: ആരും ഇനിയൊരിക്കലും നിന്നിൽനിന്നു പഴം തിന്നാതിരിക്കട്ടെ! അവന്റെ ശിഷ്യന്മാർ ഇതുകേട്ടു*" (11,14).

നാലു സുവിശേഷകരും രേഖപ്പെടുത്തുന്ന ഒരു സംഭവമാണ്

ദൈവാലയശുദ്ധീകരണം. മത്തായിയും ലൂക്കായും ദൈവാലയം ശുദ്ധീകരിക്കുന്ന സംഭവം രേഖപ്പെടുത്തിയിരിക്കുന്നത് ഈശോയുടെ നഗരപ്രവേശനത്തിനുശേഷം ഉടനെതന്നെ അതേ ദിവസം നടക്കുന്ന തായിട്ടാണ്. നാലാമത്തെ സുവിശേഷം ഈ സംഭവം ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭത്തിലാണ് അവതരിപ്പിക്കുന്നത്. മർക്കോസ് മാത്രം ദൈവാലയശുദ്ധീകരണം വ്യത്യസ്തമായ സന്ദർഭ ത്തിലാണ് അവതരിപ്പിക്കുന്നത്. നഗരപ്രവേശനത്തിനും ദൈവാലയ നിരീക്ഷണത്തിനും ശേഷം ഈശോ ബഥാനിയായിലേക്കു പോകുന്നു. പിറ്റേദിവസം ബഥാനിയായിൽനിന്ന് തിരിച്ചുവരുന്ന വഴിക്ക് ഫലംതരാത്ത അത്തിവൃക്ഷത്തെ ശപിക്കുന്നു. പിന്നീടുവന്ന് ദൈവാ ലയം ശുദ്ധീകരിക്കുന്നു. ഫലമില്ലാത്ത അത്തിമരം ശപിക്കപ്പെട്ടതു പോലെ ദൈവപുത്രനെ സ്വീകരിക്കാത്ത ആരാധനാകേന്ദ്രവും ശപിക്ക പ്പെട്ടതായിത്തീരുമെന്ന സന്ദേശം നല്കാനാണ് മർക്കോസ് ഇപ്രകാരം ചെയ്യുന്നത്.

ജറുസലേം ശുശ്രൂഷയിൽ ഈശോ ചെയ്ത ഏക അത്ഭുതമാണ് അത്തിമരത്തെ ശപിച്ചതും ആ മരം ഉടനെ ഉണങ്ങിപ്പോയതും. പഴയ നിയമത്തിൽ പ്രവാചകന്മാർ നിരവധി പ്രതീകാത്മക പ്രവൃത്തികളിലൂടെ ദൈവമനസ്സ് ജനങ്ങളെ അറിയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഈജിപ്തി ലെയും എത്യോപ്യായിലെയും ജനങ്ങളെ അടിമത്തത്തിലേക്കു കൊണ്ടു പോകുന്ന സമയം വരുന്നുവെന്ന മുന്നറിയിപ്പു നല്കാൻ ഏശയ്യാ പ്രവാ ചകൻ മൂന്നു വർഷം നഗ്നനായി ജീവിച്ചുവെന്ന് നാം കാണുന്നുണ്ട് (ഏശ. 20). അതുപോലെ ജറെമിയായും എസെക്കിയേലും നിരവധി പ്രതീകാത്മക പ്രവൃത്തികളിലൂടെ മുന്നറിയിപ്പുകളും സന്ദേശങ്ങളും നല്കിയിട്ടുണ്ട്. അതുപോലെ ഒരു പ്രതീകാത്മക പ്രവൃത്തിയാണ് അത്തിമരത്തെ ശപിക്കുന്നത്. ഇലകൾ മാത്രമായി ഫലങ്ങളൊന്നും പുറ പ്പെടുവിക്കാതെനിന്ന അത്തിമരംപോലെ ആയിത്തീർന്നിരുന്ന യഹൂദ നേതൃത്വവും ജറുസലേം ദൈവാലയകേന്ദ്രീകൃതമായ മതാനുഷ്ഠാന ങ്ങളും ദൈവം നിരസിച്ചുതള്ളിയിരിക്കുന്നു എന്നതാണ് ഇവിടുത്തെ സന്ദേശം. ക്രിസ്തീയ ആരാധനയും ഇതുപോലെയാകാനുള്ള സാദ്ധ്യ തയുണ്ട്. അരൂപിയുടെ ഫലങ്ങൾ പുറപ്പെടുവിക്കാതെ ബാഹ്യമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങിനില്ക്കുന്ന ആരാധന യായി നമ്മുടെ ദൈവാലയകർമ്മങ്ങൾ മാറരുത്. അരൂപിയുടെ ഫല ങ്ങൾ പുറപ്പെടുവിക്കുന്ന ജീവിതത്തിന്റെ ആഘോഷമായിരിക്കണം സഭ യുടെ ആരാധന.

**3. പുരോഹിതൻ: യഥാർത്ഥ ആരാധകൻ**

*"അവർ ജറുസലേമിലെത്തി. അവൻ ദൈവാലയത്തിൽ പ്രവേശിച്ച്, അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കാൻ*

*തുടങ്ങി. നാണയമാറ്റക്കാരുടെ മേശകളും പ്രാവു വില്പനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. ദൈവാലയത്തിലൂടെ പാത്രങ്ങൾ ചുമന്നുകൊണ്ടുപോകാൻ ആരെയും അവൻ അനുവദിച്ചില്ല. അവൻ അവരെ പഠിപ്പിച്ചു: എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു"* (11,15-17).

ദൈവാലയശുദ്ധീകരണം ആരാധനയുടെ ശുദ്ധീകരണമാണ്. ഈശോയുടെ പ്രവൃത്തികൾ പഴയനിയമത്തിലെ പ്രവാചകദൗത്യത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ്. ദൈവാലയത്തിലെ അനുഷ്ഠാനപരമായ ആരാധന അസാദ്ധ്യമാക്കിത്തീർക്കുന്ന പ്രവൃത്തിയാണ് ഈശോ ചെയ്തത്. ദൈവാലയത്തെ ഏശയ്യായുടെ പ്രവചന പ്രകാരം (ഏശ 57,7) സകല ജനതകൾക്കുംവേണ്ടിയുള്ള യഥാർത്ഥ പ്രാർത്ഥനാലയമാക്കി പുന:പ്രതിഷ്ഠിക്കുകയായിരുന്നു അവിടുത്തെ ലക്ഷ്യം. അന്ത്യകാലത്ത് ലോകജനതകൾ ജറുസലേമിലേക്ക് തീർത്ഥയാത്രചെയ്ത് ദൈവത്തെ ആരാധിക്കുമെന്ന പ്രവാചകപ്രതീക്ഷ അവിടുന്ന് പൂർത്തിയാക്കുകയായിരുന്നു (ഏശ 2,1-4; 56,6-7). ഈശോയുടെ മരണനിമിഷത്തിൽ ദൈവാലയത്തിലെ തിരശ്ശീല മുകൾ മുതൽ അടി വരെ രണ്ടായി കീറിയത് (മർക്കോ 15,37) പഴയ ദൈവാലയത്തിന്റെ അന്ത്യവും ഈശോയുടെ ഉത്ഥാനത്തിൽ ജനതകളുടെ പ്രാർത്ഥനാലയമായ പുതിയ ദൈവാലയത്തിന്റെ നിർമ്മാണവും ദ്യോതിപ്പിക്കുന്നു. ഈ പുതിയ ദൈവാലയം ഉത്ഥിതനായ മിശിഹായുടെ ശരീരമാണെന്ന് വി. യോഹന്നാന്റെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 2,17).

യഥാർത്ഥ ദൈവാലയത്തെക്കുറിച്ചും ആരാധനയെക്കുറിച്ചും ഈശോ പറയുന്നത് യോഹന്നാന്റെ സുവിശേഷത്തിലാണ്. സമറിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണത്തിൽ ഈശോ പറയുന്നു: "യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം അരൂപിയാണ്: അവിടുത്തെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (യോഹ 4,23-24). പരിശുദ്ധാരൂപിയിൽ മിശിഹായിലൂടെ പിതാവിനെ ആരാധിക്കുന്ന, ത്രിത്വാത്മക ആരാധനയാണ് ഇവിടെ യഥാർത്ഥ ആരാധനയായി ഈശോ വിശേഷിപ്പിക്കുന്നത്. മഹത്ത്വീകൃതനായ മിശിഹായിൽ ഒന്നായി ജീവിക്കുന്ന, മാമ്മോദീസായിലൂടെ മിശിഹായുടെ ശരീരത്തിലെ അവയവങ്ങളായിത്തീർന്ന സഭാസമൂഹത്തിന്റെ ആരാധനയാണ് യഥാർത്ഥ ആരാധന. പരി. കുർബാനയിൽ കേന്ദ്രീകൃതമായ, ത്രിത്വ

കൂട്ടായ്മയിലുള്ള സഭാജീവിതത്തിന്റെ ആഘോഷമാണ് യഥാർത്ഥ ആരാധന. ഇപ്രകാരമുള്ള ആരാധനാസമൂഹമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള ദൗത്യമാണ് കുർബാനയർപ്പിക്കുന്ന പുരോഹിതനുള്ളത്. അതുകൊണ്ട് പുരോഹിതൻതന്നെ ഇപ്രകാരമുള്ള യഥാർത്ഥ ആരാധകനാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**4. പുരോഹിതൻ: പ്രാർത്ഥനയുടെ മനുഷ്യൻ**

"*അതിനാൽ, ഞാൻ പറയുന്നു: പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗത്തിലുള്ള നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും*" (11,24-25).

ഈശോ ശപിച്ച അത്തിമരം സമൂലം ഉണങ്ങിപ്പോയിരുന്നു. ഈശോയുടെ ശാപമാണ് അത്തിമരത്തിന്റെ ഗതി അത്തരത്തിലാക്കിയതെന്ന് പത്രോസിനു മനസ്സിലാകുകയും അദ്ദേഹം അത് മറച്ചുവയ്ക്കാതെ ഈശോയോട് പറയുകയും ചെയ്യുന്നു (11,21). പത്രോസിന്റെ ഈ ഓർമ്മപ്പെടുത്തൽ വിശ്വാസത്തെക്കുറിച്ചും പ്രാർത്ഥനയെക്കുറിച്ചും പഠിപ്പിക്കാൻ ഈശോയ്ക്ക് അവസരമൊരുക്കുന്നു. 23-ാം വാക്യം വിശ്വാസത്തെപ്പറ്റി പറയുമ്പോൾ 24-ാം വാക്യം പ്രാർത്ഥനയെപ്പറ്റിയും 25-26 വാക്യങ്ങൾ ക്ഷമിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റിയുമാണ് പറയുന്നത്. ഈ മൂന്നു കാര്യങ്ങളും അവശ്യം ബന്ധപ്പെട്ടവയാണ്. വിശ്വാസത്തിന്റെ പ്രകാശനമാണ് പ്രാർത്ഥന. വിശ്വസിക്കുന്നവനേ പ്രാർത്ഥിക്കുകയുള്ളൂ. വിശ്വാസത്തിനനുസൃതമായേ പ്രാർത്ഥന ഫലപ്രദമാകുകയുള്ളൂ. വിശ്വാസത്തോടെയുള്ള പ്രാർത്ഥനവഴി അസാദ്ധ്യകാര്യങ്ങൾപോലും സാധ്യമായിത്തീരും. കേൾക്കപ്പെടാത്ത ഒരു പ്രാർത്ഥനയുമില്ല. പക്ഷേ, അത് ദൈവഹിതത്തിന് അനുസൃതമായിരിക്കണമെന്നുമാത്രം. ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിച്ചുകൊണ്ട് നാം പ്രാർത്ഥിക്കണം. നമുക്കു നന്മയാണെങ്കിൽ അതു തീർച്ചയായും ദൈവം നല്കും എന്നു വിശ്വസിച്ചുകൊണ്ട് നാം പ്രാർത്ഥിക്കണം. അപ്പോൾ ദൈവം പ്രാർത്ഥന കേട്ടു എന്ന അനുഭവം നമുക്കുണ്ടാകും.

വിശ്വാസത്തോടൊപ്പം ക്ഷമിക്കുന്ന സ്നേഹവും പ്രാർത്ഥന കേൾക്കപ്പെടുന്ന അനുഭവത്തിന് ആവശ്യമാണ്. പരസ്പരം ക്ഷമിക്കുവാൻ തയ്യാറാകാതെ സ്നേഹത്തിൽ നിലനില്ക്കുവാൻ സാധിക്കുകയില്ല. പ്രാർത്ഥിക്കുക എന്നു വച്ചാൽ സ്നേഹിക്കുക എന്നാണർത്ഥം. ദൈവവുമായുള്ള സ്നേഹസംഭാഷണമാണ് പ്രാർത്ഥന. ദൈവത്തെ സ്നേഹിക്കുന്നവർ ദൈവം തരുന്നവരെയും സ്നേഹിക്കും. ശരിയായ

വിശ്വാസമുള്ളിടത്ത് ശരിയായ സ്നേഹബന്ധമുണ്ടാകും. ദൈവത്തിൽ വിശ്വസിക്കുന്നവൻ ദൈവത്തിന്റെ സ്നേഹത്തിലാണ് വിശ്വസിക്കുന്നത്: "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4,16). ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുന്നവൻ ദൈവത്തെ സ്നേഹിക്കാതിരിക്കുകയില്ല. ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവൻ ദൈവം സ്നേഹിക്കുന്ന ആരെയും തന്റെ സ്നേഹത്തിൽനിന്നും ഒഴിവാക്കുകയില്ല. പരസ്പരസ്നേഹത്തിനു തടസ്സമായി മാനുഷികമായി ഉണ്ടാകുവാൻ സാദ്ധ്യതയുള്ള എല്ലാറ്റിനെയും മറികടന്ന്, ക്ഷമിച്ചുകൊണ്ട് എല്ലാവരെയും സ്നേഹിക്കുവാൻ അയാൾക്കു കഴിയും. അപ്രകാരമുള്ള, ദൈവമനുഷ്യസ്നേഹാനുഭവത്തോടുകൂടി പ്രാർത്ഥിച്ചാൽ കേൾക്കപ്പെടാത്ത ഒരു പ്രാർത്ഥനയുമില്ല. പുരോഹിതൻ മറ്റുള്ളവരുമായി ഏറ്റം കൂടുതൽ ബന്ധപ്പെടുന്നവനായതുകൊണ്ട്, ക്ഷമിച്ചുകൊണ്ട് സ്നേഹിക്കുവാൻ പ്രത്യേകം പരിശീലിക്കേണ്ടവനാണ്. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ പ്രാർത്ഥിക്കുമ്പോൾ പുരോഹിതശുശ്രൂഷ പൂർണതയിൽ ഫലമണിയും.

**5. പുരോഹിതൻ: ദൈവിക ആധികാരികതയുള്ളവൻ**

"*അവർ വീണ്ടും ജറുസലേമിൽ വന്നു. അവൻ ദൈവാലയത്തിലൂടെ നടക്കുമ്പോൾ പ്രധാന പുരോഹിതന്മാരും നിയമജ്ഞരും ജനപ്രമാണികളും അവന്റെ അടുത്തെത്തി. അവർ അവനോടു ചോദിച്ചു: എന്തധികാരത്താലാണ് നീ ഇവയൊക്കെ ചെയ്യുന്നത്? ഇവ പ്രവർത്തിക്കുന്നതിന് ആരാണ് നിനക്ക് അധികാരം നല്കിയത്?*" (11,27-28).

തലേദിവസം ശുദ്ധീകരണകർമ്മം നടത്തിയ ദൈവാലയാങ്കണത്തിലേക്ക് ഈശോയും ശിഷ്യന്മാരും വീണ്ടും വന്നു. തലേദിവസം ഈശോ ദൈവാലയാങ്കണത്തിൽ നടത്തിയ പ്രതിഷേധത്തിൽ സ്തംഭിച്ചുപോയ അധികാരികൾ തങ്ങളുടെ മനഃസാന്നിദ്ധ്യം തിരിച്ചുകിട്ടിയപ്പോൾ ഈശോയെ നേരിൽകണ്ട് അവിടുത്തെ ചോദ്യം ചെയ്യുകയാണ്: "എന്തധികാരത്താലാണ് നീ ഇവയൊക്കെ ചെയ്യുന്നത്? ഇവ പ്രവർത്തിക്കുന്നതിന് ആരാണ് നിനക്ക് അധികാരം തന്നത്?" (11,28). ഈശോയുടെ അധികാരത്തെയാണ് അവർ ചോദ്യം ചെയ്യുന്നത്. ഈശോയെ ചോദ്യംചെയ്ത് ഒരു കുറ്റക്കാരനായി ജനമദ്ധ്യത്തിൽ അവതരിപ്പിച്ച് അവിടുത്തെ ഇല്ലായ്മ ചെയ്യാനായിരുന്നു അവരുടെ പദ്ധതി. ഈ കെണിയിൽ പെടാതെ ഈശോ അവരോട് ഒരു മറുചോദ്യം ചോദിക്കുന്നു. എല്ലാവർക്കും സുപരിചിതനായിരുന്ന സ്നാപകയോഹന്നാനെക്കുറിച്ചായിരുന്നു ആ ചോദ്യം: "യോഹന്നാന്റെ മാമ്മോദീസാ സ്വർഗത്തിൽനിന്നോ മനുഷ്യരിൽനിന്നോ?" (11,30). യോഹന്നാനെ വലിയ ഒരു പ്രവാചകനും ദൈവികമനുഷ്യനുമായി ജനങ്ങൾ കണ്ടിരുന്നു. അതു

കൊണ്ട് അവർ ഒരു മറുപടിയും പറഞ്ഞില്ല. ഈശോ അവർക്കും മറുപടി കൊടുത്തില്ല. പക്ഷേ, ഈ ചോദ്യത്തിലൂടെ ഈശോ അവരുടെ ചോദ്യത്തിനു മറുപടി കൊടുത്തുകഴിഞ്ഞു. ഈശോയുടെ മുന്നോടിയായി വന്നവൻ ദൈവത്തിൽനിന്നാണെങ്കിൽ ഈശോയുടെ അധികാരം തീർച്ചയായും ദൈവത്തിൽനിന്നുതന്നെയാണ്.

പുരോഹിതൻ മിശിഹായുടെ പ്രതിപുരുഷനാണ്. സഭയിൽ ഒരു പുരോഹിതനേയുള്ളു. അത് മിശിഹായാണ്. ഒരു പൗരോഹിത്യമേയുള്ളു. അത് മിശിഹായുടേതാണ്. അതുകൊണ്ട് പുരോഹിതന്റെ ആധികാരികത മിശിഹായുടേതുതന്നെയാണ്. സെനക്കിളിൽ ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ട് തന്റെ ദൗത്യം അവർക്കു കൈമാറുന്നതായി കാണുന്നു. അവിടുന്നു പറയുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുൾച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,21-23). പരിശുദ്ധാത്മാവിന്റെ കൃപാവരം വഴി ഈ ശ്ലൈഹികദൗത്യമാണ് പുരോഹിതന്മാർക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് പുരോഹിതനും ദൈവികമായ ആധികാരികതയോടുകൂടി സഭയിൽ ശുശ്രൂഷ ചെയ്യേണ്ടവനാണ്. മിശിഹാ ദൈവഹിതമനുസരിച്ച് ഓരോ നിമിഷവും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടാണ് ദൈവികമായ ആധികാരികതയുള്ളവനായത്: "ഈശോ അവരോടു പറഞ്ഞു: എന്റെ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്; ഞാനും പ്രവർത്തിക്കുന്നു" (യോഹ 5,17). പുരോഹിതനും, ഓരോ നിമിഷവും ദൈവഹിതമനുസരിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട്, ദൈവികമായ ആധികാരികത കൈവരിക്കണം.

**ജീവിതസൂചിക**

1. എന്റെ ജീവിതമാകുന്ന ദൈവാലയം പരിശുദ്ധമായി കാത്തുസൂക്ഷിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

2. എന്നിൽനിന്നും ദൈവം പ്രതീക്ഷിക്കുന്ന അരൂപിയുടെ ഫലങ്ങൾ എത്രമാത്രം എന്റെ ജീവിതത്തിൽ ഞാൻ അനുഭവിക്കുന്നുണ്ട്?

3. യഥാർത്ഥ ആരാധനാജീവിതമാണോ ഞാൻ നയിക്കുന്നത്?

4. ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടെ പ്രാർത്ഥിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

5. ദൈവികമായ ആധികാരികതയോടുകൂടി പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

സെപ്റ്റംബർ 19 -ാം തീയതി ബഹു. ജോർജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ വൈദികരുടെ ചരമദിനമാണ്. അന്നേ ദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി.കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

**കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 17 മുതൽ 22 വരെയും 24 മുതൽ 29 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**മതബോധന ദിനം**

സെപ്റ്റംബർ 10-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചന്മാരോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധനദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട റോയി വട്ടക്കാട്ടച്ചനെയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

രൂപത മതബോധനപ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാകുവാൻ സഹായകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹകരണവും ഇടവകകളിൽ നിന്നും പ്രതീക്ഷിക്കുന്നു.

മതബോധനദിനത്തെക്കുറിച്ച് മുൻകൂട്ടി ദൈവജനത്തെ ഉദ്ബോധിപ്പിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

## New Appointments

| | | |
|---|---|---|
| 1. Rev. Fr. Augustine Puthenpura | - | Spiritual Adviser, Vincent De Paul Society, Mananthavady |
| 2. Rev. Fr. Jaison Kalliyattu | - | Vice - Principal, Sacred Heart Higher Secondary School, Kayyunni |

## ബഹു. വൈദികരുടെ വാർഷിക ധ്യാനം

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ 17 മുതൽ 22 വരെയും 24 മുതൽ 29 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ബഹു. ഷാജി കരിംപ്ലാനിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയും വേഗം പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. പോൾ വാഴപ്പിള്ളി അച്ചനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ചില കാര്യങ്ങൾകൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.
2. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2016 സെപ്റ്റംബർ മുതൽ 2017 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.
3. PPF ന്റെ വരിസംഖ്യ നൽകാത്തവർ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.
4. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31 ന് മുൻപായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കുപുസ്തകം ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## 1ST BATCH - 2017 SEPTEMBER 17 SUNDAY to 22 FRIDAY

| SN | Rev.Frs. Housename & Name |
|---|---|
| 1 | Aikkarathazhath Joseph |
| 2 | Athickal Mathew |
| 3 | Chakkittukudiyil Jose |
| 4 | Changanamthundathil George |
| 5 | Chembakkara James |
| 6 | Cheruthottil Paul |
| 7 | Chettaniyil Thomas |
| 8 | Chettiyassery Joseph (Jaise) |
| 9 | Elamkunnapuzha Joseph (Sijo) |
| 10 | Elavanappara Sebastian |
| 11 | Elemkunnel Sebastian |
| 12 | Iykkarakanayil Thomas |
| 13 | Kachirayil Thomas |
| 14 | Kalappura Vincent |
| 15 | Kalapura Jose |
| 16 | Kallupura Johny |
| 17 | Kappiarumalayil John |
| 18 | Karukapally Joseph |
| 19 | Kassamkuttiyil Sebastian |
| 20 | Kattath Thomas [Anish] |
| 21 | Kattuthuruthiyil Thomas |
| 22 | Kavumkal Joseph |
| 23 | Kazhuthadiyil Mathew |
| 24 | Keezheth Sebastian |
| 25 | Kizhakkanputhupally John |
| 26 | Kizhakkumpuram George |
| 27 | Kochuparackal Kurion |
| 28 | Koipuram Sebastian |
| 29 | Kokkandathil Jilson |
| 30 | Korandiyarkunnel Paul |
| 31 | Korattiparambil Vincent |
| 32 | Kottaram Jose |
| 33 | Kottayil Joseph |
| 34 | Kulathinal James |
| 35 | Kulirany Jose |
| 36 | Kuthukallunkal Francis |
| 37 | Kuttikattukunnel Thomas |
| 38 | Muthukattil Santhidas |
| 39 | Madathil Abraham |
| 40 | Manakkunnel Thomas |
| 41 | Manikuttiyil Kurian |
| 42 | Manjakunnel Mathew |
| 43 | Mannoor Thomas |
| 44 | Maplassery Lukose |
| 45 | Mavara Stanislaus |
| 46 | Mecheril Joseph |
| 47 | Moonnanal Justin |
| 48 | Mundackamattam Jose |
| 49 | Mundolickal Paul |
| 50 | Muthanikkattu Justin |
| 51 | Muthirakalayil Joseph |
| 52 | Nechikatt Joseph |
| 53 | Nedumkallel Joseph |
| 54 | Nellikunel Francis |
| 55 | Nilackappillil Augustine |
| 56 | Ousepparampil Joseph |
| 57 | Padinjarayil George |
| 58 | Padinjarayil Mathew |
| 59 | Palackeel Sebastian |
| 60 | Palakkattu Antony |
| 61 | Palath Joseph |
| 62 | Palathadathil George |
| 63 | Pallichankudiyil Mathai |
| 64 | Parambil Kuriakose |
| 65 | Peedikappara James |
| 66 | Perumattikunnel Thomas |

67 Pinakkatt Joseph
68 Plassanal Thomas
69 Poothakkuzhy Jacob
70 Poovathinkal Peter
71 Pudussery Vincent
72 Pullamkunel Joy
73 Pulpayil Joseph
74 Punakkatt Chandy
75 Punchayil Lucka
76 Punnakkapadavil Sebastian
77 Puthanapra Kurian
78 Puthenpura Augustine
79 Puthenpurayil Joseph
80 Puthukattil Mathew
81 Puthukulangara Thomas
82 Puthukulathil John
83 Thadathil Luke
84 Thamarasseril Vincent
85 Thekkepera Mathew
86 Thekkilakkattil Mathew
87 Moloparambil Jose
88 Thuruthel Kuriakose
89 Thuruthel Thomas
90 Vadayaparambil Jose
91 Valachannath Cyriac
92 Vazhakatt Joseph
93 Vazhakkala Chackochan
94 Vazhappilly Paul
95 Vettickal John

## IInd BATCH - 2017 SEPTEMBER 24 SUNDAY to 29 FRIDAY

**SN Rev.Frs. Housename & Name**

1 Alumkal Joseph
2 Chakkittakudiyil James
3 Chelackapallil Thomas
4 Chempalayil Augustine
5 Chirayilparambil Thomas
6 Thykkunnumpuram Thomas
7 Choorapuzhayil John
8 Chozhenparambil John
9 Edayakondattu Paul
10 Elavunkal Johny
11 Elayidathu Mani
12 Kakkattikalayil Sebastian
13 Kakkonal Manoj
14 Kalambukattu Joseph (Jaimon)
15 Kalappura Alex
16 Kaliyaniyil Kuriakose (Anoop)
17 Kalliyatt Devasia
18 Kallumgatharayil Agustine
19 Kappiarumalayil Jose

**SN Rev.Frs. Housename & Name**

20 Karuthedath Mathew
21 Kattamkottil Thomas
22 Pulikkuzhiyil Abraham
23 Kattarath Mathew
24 Kavalakkadan Varghese
25 Kizhakkanputhupally Varghese
26 Kocharackal Jose
27 Kochuparackal Mathew
28 Kollarthottam Mathew
29 Koottala Paul
30 Koyikattil Thomas
31 Kumbukal James
32 Kunnath Johny
33 Kunnathett James
34 Kuttimakkal James
35 Kuzhikandathil Joseph
36 Madapallikunnel Antony (Sibi)
37 Madathil Sebastian
38 Malayil Mathew

| | | | |
|---|---|---|---|
| 39 | Mampallil Anto | 70 | Periappuram Mathew |
| 40 | Mampallil George | 71 | Perumattikunnel Mathew |
| 41 | Mankottil James | 72 | Ponparackal John |
| 42 | Meppurath Chacko | 73 | Ponthottiyil Thomas |
| 43 | Bivaldin (Don Bosco) Thevarkunnel | 74 | Pudussery Martin |
| 44 | Moolayil Thomas (Jimmy) | 75 | Pulinthanam Jose |
| 45 | Moothedath Mathew | 76 | Puthen Sebastian |
| 46 | Moothedath Thomas | 77 | Puthenpura John |
| 47 | Mukkattukavunkal Thomas | 78 | Thanniyil Augustine |
| 48 | Mulakodiyankal Varghese | 79 | Thattuparambil Varghese |
| 49 | Mulavelikunnel Jacob (Shaju) | 80 | Thekkanady Jose |
| 50 | Mundackal Jose | 81 | Therakam George |
| 51 | Munjanattu Mathew | 82 | Therakam Thomas Joseph |
| 52 | Muthirakalayil George | 83 | Thondiparambil Joseph |
| 53 | Muthukathaniyil Varghese | 84 | Thondiparambil Sebastian |
| 54 | Madappallikkunnel Mathew | 85 | Thuruthel Joseph |
| 55 | Myladoor George | 86 | Unnippally Sebastian |
| 56 | Nanthikatt Joseph | 87 | Urumbil Joseph |
| 57 | Narikuzhy Jacob | 88 | Vadakkemulanjanal Michael |
| 58 | Nellickal Abraham | 89 | Vadassery Thomas |
| 59 | Olickal Thomas (Jimmy) | 90 | Vadayaparambil Sony |
| 60 | Ottaplackal Thomas | 91 | Valakodiyil Dominic |
| 61 | Paikkatt Mathew | 92 | Valloppilly Joseph |
| 62 | Painumkal George (Lal) | 93 | Vathelil Abraham |
| 63 | Pakkanikuzhy Sebastian | 94 | Vattakkatt Paul |
| 64 | Palakatt Augustine | 95 | Vattukulathil Mathew |
| 65 | Parackal Varghese | 96 | Vattukunnel Issac |
| 66 | Parayil Sebastian | 97 | Vazhachalil Thomas |
| 67 | Parunthanolil Thomas | 98 | Vazhakkalayil Jose |
| 68 | Paruvummel Joseph | 99 | Vazhayil Kurian |
| 69 | Peechattu Joseph | 100 | Perumattikunnel John |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr Paul Vazhappilly, the director of Pastoral Centre. His mobile No.9483045305.

**മോൺ. അബ്രാഹം നെല്ലിക്കൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

# വിദ്യാഭ്യാസ സഹായനിധി

അഭിവന്ദ്യ പിതാവിന്റെ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് 2016 ജൂൺ 1 മുതൽ 2017 മെയ് 31 വരെ ലഭിച്ച തുകയുടെയും അതിൽ നിന്ന് ഇടവകളിലേയ്ക്ക് വിതരണം ചെയ്ത തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## Education Fund - special Donors

| | | |
|---|---|---|
| 1 | Mrs.Alice varkey | 24000 |
| 2 | Msgr.Mathew Madapallikunnel | 30000 |
| 3 | Rev.Fr.Thomas Perumattikunnel | 10000 |
| 4 | Rogationist Fathers Cheriamkolly | 4000 |
| 5 | Carmelgiri English Medium School Thalanji | 4000 |
| 6 | KCYM Moolankavu Church | 5000 |
| **First Holy Communion** | | |
| 1 | Theneri | 10000 |
| 2 | Mothakkara | 10000 |
| 3 | Moolankavu | 4200 |
| 4 | Chundakkara | 11010 |
| 5 | Pulpally | 13500 |
| 6 | Mullankolly | 10150 |
| 7 | Poroor | 4450 |
| 8 | Nadavayal | 11400 |
| **5% of Parish Feast** | | |
| 1 | Mullenkolly | 25000 |
| 2 | Prasanthagiri | 5000 |
| 3 | Jude’s Mount | 6000 |
| 4 | Vadakkanad | 4000 |
| 5 | Nilambur | 20000 |
| 6 | Manimooly | 10000 |
| 7 | Palankara | 10000 |
| 8 | Vilambukandam | 10000 |
| 9 | Pookkottumpadam | 10000 |
| 10 | Thalipadam | 3000 |
| 11 | Vadapuram | 4600 |

| Education Aid Fund 2017 -2018 | | | | | |
|---|---|---|---|---|---|
| SN | Name of the Parish | Amount | SN | Name of the Parish | Amount |
| 1 | Adikolly | 4000 | 36 | Kolavayal | 2000 |
| 2 | Ambalavayal | 4000 | 37 | Kommayad | 4000 |
| 3 | Ambayathode | 4000 | 38 | Kottiyoor | 4000 |
| 4 | Arattuthara | 4000 | 39 | Kunjhome | 2000 |
| 5 | Arinchermala | 4000 | 40 | Kunnalady | 4000 |
| 6 | Bavali | 4000 | 41 | Kurumani | 4000 |
| 7 | Bekki | 4000 | 42 | Kurumbala | 4000 |
| 8 | Bhoodanam | 2000 | 43 | Kurumbalakotta | 4000 |
| 9 | Charity | 4000 | 44 | Machikolly | 4000 |
| 10 | Cheegavallam | 4000 | 45 | Makkiyad | 4000 |
| 11 | Chennalode | 4000 | 46 | Mananthavady (Cathedral) | 4000 |
| 12 | Cherukattoor | 6000 | | | |
| 13 | Chithragiri | 1000 | 47 | Mananthavady (Town) | 4000 |
| 14 | Chokkad | 4000 | 48 | Mangalam | 4000 |
| 15 | Chooralmala | 4000 | 49 | Mangalassery | 4000 |
| 16 | Chulliana | 4000 | 50 | Manjoora | 4000 |
| 17 | Chulliode | 4000 | 51 | Manvayal | 2000 |
| 18 | Chundakkra | 4000 | 52 | Marutha | 4000 |
| 19 | Chugakkunnu | 4000 | 53 | Meenangadi | 4000 |
| 20 | Deepthigiri | 4000 | 54 | Moolepadam | 4000 |
| 21 | Edayoorkunnu | 4000 | 55 | Mothakara | 4000 |
| 22 | Elapeedika | 4000 | 56 | Mullenkolly | 6000 |
| 23 | Irulam | 4000 | 57 | Muthireri | 4000 |
| 24 | Kabanigiri | 4000 | 58 | Muttiyel | 4000 |
| 25 | Kadalmad | 4000 | 59 | Nadavayal | 4000 |
| 26 | Kallumukku | 4000 | 60 | Narivalamunda | 4000 |
| 27 | Kaniambetta | 5000 | 61 | Nedumpala | 4000 |
| 28 | Karackamala(Kellur) | 4000 | 62 | Neikuppa | 4000 |
| 29 | Karani | 4000 | 63 | Thalipadam (Njarapadam) | 4000 |
| 30 | Karimani | 4000 | | | |
| 31 | Karimbil | 4000 | 64 | Olivumala | 4000 |
| 32 | Kartikulam | 5000 | 65 | Padichira | 4000 |
| 33 | Kmvummannam | 4000 | 66 | Palankara | 4000 |
| 34 | Kayyunny | 4000 | 67 | Palemad | 4000 |
| 35 | Kelakam | 4000 | 68 | Panamaram | 4000 |

| SN | Name of the Parish | Amount | SN | Name of the Parish | Amount |
|---|---|---|---|---|---|
| 69 | Panamchira | 4000 | 91 | Thenery | 4000 |
| 70 | Panthipoil | 4000 | 92 | Thonichal | 4000 |
| 71 | Paralikunnu | 4000 | 93 | Thrissilery | 4000 |
| 72 | Prathottam | 4000 | 94 | Vadapuram | 4000 |
| 73 | Pathiripadam | 4000 | 95 | Vadakkanad | 4000 |
| 74 | Payyampally | 4000 | 96 | Vakerry | 4000 |
| 75 | Pazhoor | 4000 | 97 | Valery | 4000 |
| 76 | Pookkottumpadam | 4000 | 98 | Valiakolly | 4000 |
| 77 | Poolapadam | 4000 | 99 | Vallikkettu | 4000 |
| 78 | Poroor | 3000 | 100 | Vazhavatta | 4000 |
| 79 | Prasanthagiri | 4000 | 101 | Vellamunda | |
| 80 | Pulpally | 4000 | | (Ozhukkanmoola) | 4000 |
| 81 | Puthiyidamkunnu | 3000 | 102 | Velloonny | 4000 |
| 82 | Puthiyidom | 4000 | 103 | Vilambukandam | 4000 |
| 83 | Puthusserikkadave | 4000 | 104 | Vythiri | 4000 |
| 84 | Puthussery | 4000 | 105 | Valamchery | 4000 |
| 85 | Rippon | 3000 | 106 | Edivanna | 4000 |
| 86 | Rubynagar | 4000 | 107 | Valad | 4000 |
| 87 | Santhigiri | 4000 | 108 | Kammana | 4000 |
| 88 | Sulthan Bethery | 4000 | 109 | Jude'smount | 4000 |
| 89 | T K Colony | 4000 | 110 | Boys Town | 4000 |
| 90 | Thelpara | 4000 | 111 | Kuttimoola | 4000 |

2017 മെയ് മാസത്തോടെ എല്ലാ ഇടവകകളിലേയ്ക്കും ചെക്ക്, Aid Disbursement Form എന്നിവ നൽകുകയുണ്ടായി. ഇതിൽ Aid Disbursement Form കുറേപ്പേർ പൂരിപ്പിച്ച് തിരികെ നൽകുകയുണ്ടായി. ഇനിയും തരാനുള്ളവർ എത്രയും വേഗം വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ അഡ്രസ്സിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അയച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാവരുടെയും സഹായ സഹകരണങ്ങൾക്ക് ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

**ഫാ. അനൂപ് കാളിയാനിയിൽ**
സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി

# വൈദികരുടെ മാസധ്യാനം

## നടവയൽ ഫൊറോന

നടവയൽ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2017 ഓഗസ്റ്റ് 08ന് പനമരം സെന്റ് ജൂഡ്സ് പള്ളിയിൽ വച്ച് നടത്തി. മാസധ്യാനത്തിൽ 19 വൈദികർ പങ്കെടുത്തു. ബഹു. ഇടവക വികാരി ഷൈജു മുതിരക്കാലായിലച്ചൻ ഏവർക്കും സ്വാഗതം ആശംസിക്കുകയും, പനമരം പാദ്രേപിയോ ആശ്രമത്തിലെ മാത്യു അച്ചൻ ധ്യാനചിന്തകൾ പങ്കുവെക്കുകയും ചെയ്തു. ബെന്നി മുതിരക്കാലായിലച്ചന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും നടത്തി. തുടർന്ന് ചേർന്ന മീറ്റിംഗിൽ ഓഗസ്റ്റ് മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന ജെയിസൺ അച്ചനെയും, പൗരോഹിത്യ സ്വീകരണദിനം ആഘോഷിക്കുന്ന പരുവുമ്മേലച്ചനെയും അനുമോദിച്ചു. നടവയൽ ഫൊറോന വികാരി റവ. ഫാ. ബെന്നി മുതിരക്കാലായിൽ, സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർമാരായ റവ.ഫാ. ജോസ് കപ്യാരുമലയിൽ, റവ. ഫാ. ജോസഫ് കുഴികണ്ടത്തിൽ, റവ. ഫാ. ഷൈജു മുതിരക്കാലായിൽ, റവ. ഫാ. ജോയി പുല്ലംകുന്നേൽ എന്നിവർ സംസാരിച്ചു. അടുത്ത മാസധ്യാനം ഒക്ടോബർ മാസത്തിൽ പനമരം പുഷ്പഗിരി ആശ്രമത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് – 2017**

ലോഗോസ് 2017 രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ സഹകരിച്ച ബഹു. വികാരിയച്ചന്മാർ, കൊച്ചച്ചൻമാർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, മാതൃവേദി അംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവർക്ക് ഹൃദ്യമായ നന്ദി. ഈ വർഷം 17000 പേർ 165 സെന്ററുകളിലായി ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ലോഗോസ് 2017 രൂപതാതലപരീക്ഷ**

2017 സെപ്റ്റംബർ 24–ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയാണ് പരീക്ഷ. എല്ലാ സെന്ററുകളിലും കൃത്യ സമയത്തുതന്നെ പരീക്ഷ ക്രമീകരിക്കാൻ ശ്രദ്ധിക്കണം. അഖിലകേരള അടിസ്ഥാനത്തിൽ പരീക്ഷ നടക്കുന്നതിനാൽ എല്ലാ ഇടവകകളും ഈ സമയക്രമീകരണം പാലിക്കണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

'ലോഗോസ് ബൈബിൾ ക്വിസ്' പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ

1. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം'**ലോഗോസ് ബൈബിൾ ക്വിസ്**'പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചൻമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ നടത്താവൂ.

2. പരീക്ഷ സെപ്റ്റംബർ 24 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയുള്ള സമയത്താണ് നടത്തേണ്ടത്. കേരളത്തിലെ എല്ലാ രൂപതകളിലും പരീക്ഷ ഒരേ സമയത്താണ് ക്രമീകരിച്ചിരിക്കുന്നത്.

3. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങൾ ഉണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കുവാനുള്ളതാണ്. അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതണം

4. എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ പ്രത്യേകം നൽകിയിരിക്കുന്ന ഉത്തരകടലാസിൽ രേഖപ്പെടുത്തുക.

5. ഉത്തരകടലാസിൽ പേര്, വീട്ടുപേര് (രജിസ്ട്രേഷൻ ഫോമിലുള്ളതുപോലെ) ഇടവക, രജിസ്റ്റർ നമ്പർ, സെന്റർകോഡ് തുടങ്ങിയവ വ്യക്തമായി എഴുതേണ്ടതാണ്.

6. ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുവാൻ പാടുള്ളതല്ല. ഉത്തരം വെട്ടിതിരുത്തുന്നത് അനുവദനീയമല്ല.

7. എ ഗ്രൂപ്പിലെ കുട്ടികൾക്ക് പ്രത്യേകം ചോദ്യങ്ങളും ബി.സി. ഡി.ഇ.എഫ് വിഭാഗക്കാർക്ക് പൊതുവായി ഒരേ ചോദ്യവുമായിരിക്കും ഉണ്ടായിരിക്കുക.

8. പരീക്ഷാഹാളിൽ എ,ബി,സി,ഡി,ഇ,എഫ് വിഭാഗങ്ങളെ അതാതു ഗ്രൂപ്പിൽതന്നെ ഇരുത്തുകയാണ് ഉത്തരക്കടലാസുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തിരിച്ചുവാങ്ങാൻ എളുപ്പം.

9. ഉത്തരത്തിന്റെ മൂല്യനിർണ്ണയം രൂപതാ കേന്ദ്രത്തിലാണ് നടത്തുക. അതുകൊണ്ട് ഉത്തരപേപ്പറുകൾ A,B,C,D,E,F വിഭാഗങ്ങളായി തിരിച്ച് രജിസ്ട്രേഷൻ ഫോമിലുള്ള പേരുകളുടെ ക്രമം അനുസരിച്ച് കൃത്യമായി അടുക്കി **ഒക്ടോബർ 03-ാം തീയതിക്കു മുൻപ്** രൂപതാ കേന്ദ്രത്തിലെത്തിക്കണം.

10. രജിസ്ട്രേഷൻ ഫോമിലാണ് ഓരോ പരീക്ഷാർത്ഥിയുടെയും പേരു വിവരങ്ങൾ ഉള്ളത്. ഉത്തരകടലാസിന്റെ കൂടെ ഈ രജിസ്ട്രേഷൻഫോം തിരിച്ചുനൽകേണ്ടതാണ്. ഇതിലാണ് ഇടവകൾക്ക് മാർക്ക് നൽകുന്നത്. പരീക്ഷ എഴുതാത്ത കുട്ടികളുടെ പേരിനുനേരെ മാർക്കിന്റെ കോളത്തിൽ (X) അടയാളപ്പെടുത്തണം.

**ബൈബിൾ കോഴ്സ്**

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ബൈബിൾ മേഖലയിൽ പ്രവർത്തിക്കുന്ന അൽമായർക്കായി 2017 ഒക്ടോബർ 19-21 തീയതികളിലായി ബൈബിൾ കോഴ്സ് സംഘടിപ്പിക്കുന്നു. ബൈബിൾ വായിക്കുകയും വ്യാഖ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിൽ പരിശീലനം നൽകുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം. മൂന്നു ദിവസത്തെ പ്രോഗ്രാമിന് താമസം, ഭക്ഷണം, കോഴ്സ്ഫീ എന്നിവയ്ക്കെല്ലാം കൂടി 1500/- രൂപയാണ് ഫീസ്. ഒരു രൂപതയിൽ നിന്ന് രണ്ടുപേർക്ക് 200/- രൂപ വീതം രജിസ്ട്രേഷൻ ഫീസ് മാത്രം നൽകി കോഴ്സിൽ പങ്കുചേരാവുന്നതാണ്. സെപ്റ്റംബർ 30 -നു മുമ്പ് ഇവർ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാ. പോൾ വാഴപ്പിള്ളി**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

**സെപ്റ്റംബർ 10 മതബോധന ഞായർ**

വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ബോധ്യവും അവ ജീവിക്കുന്നതിൽ തീഷ്ണതയും സന്തോഷവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുക, ക്രിസ്തീയ ജീവിത പൂർണ്ണതയിലേക്ക് മനുഷ്യനെ നയിക്കുക എന്നതാണല്ലോ വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം. സഭാത്മകജീവിതത്തിൽ നിന്ന് അകന്നുപോകാനുള്ള പ്രവണതകളും ഇന്ന് രൂപപ്പെട്ടുകൊണ്ടിരിക്കുന്ന പല സെക്ടുകളുടെയും തെറ്റായ പ്രബോധനങ്ങളും സഭാവിരുദ്ധചിന്തകളുടെ അമിതമായ സ്വാധീനവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ടുതന്നെ സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസപരിശീലനത്തിന് കൂടുതൽ പ്രസക്തിയുണ്ട്. കേരളസഭയിൽ ഇന്നുള്ള ദൈവവിളികൾക്കും കുടുംബഭദ്രതയ്ക്കും അടിസ്ഥാനമായി നിൽക്കുന്നത് ക്രമമായും ചിട്ടയായും സജീവമായും നമ്മൾ നൽകുന്ന വിശ്വാസപരിശീലനമാണെന്നത് നിസ്തർക്കമായ കാര്യമാണ്. കുട്ടികളെ സഭയോടും ക്രിസ്തുവിനോടും ചേർന്നു നിൽക്കുവാൻ സഹായിക്കുന്ന വി. കുർബ്ബാന കേന്ദ്രീകൃതമായ ഒരു വിശ്വാസപരിശീലനത്തിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്.

രൂപതയിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു. വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ ഉൾച്ചേർന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രത്യേകമായി മതാധ്യാപകർ, ഹെഡ്മാസ്റ്റേഴ്സ്, മേഖലാ ഡയറക്ടേഴ്സ്, മേഖലാ സെക്രട്ടറിമാർ, വികാരിയച്ചൻമാർ, രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും മതബോധന ഞായറിന്റെ ആശംസകൾ.

**HDC ഒന്നാം വർഷം**

HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സുകൾ സെപ്റ്റംബർ മാസത്തിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 9-ന് ദ്വാരകയിലും 16-ന് ബത്തേരിയിലും ഒക്ടോബർ 7-ന് മണിമൂളിയിലും വച്ച് ക്ലാസ്സുകൾ നടത്തപ്പെടുന്നതാണ്.

**Plus Two വിദ്യാർത്ഥി സംഗമം**

സെപ്റ്റംബർ 3- തരിയോട് ഫൊറോനയിലും സെപ്റ്റംബർ 10-ന് ചുങ്കക്കുന്ന് ഫൊറോനയിലും 17-ന് മുള്ളൻകൊല്ലി ഫൊറോനയിലും പ്ലസ് ടു സംഗമങ്ങൾ നടത്തപ്പെടുന്നതാണ്.

**DCC സംഗമം**

DCC 2017-19 ബാച്ചിന്റെ പ്രഥമ സംഗമം സെപ്റ്റംബർ 10-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് വി. കുർബ്ബാനയോടെയാണ് സംഗമം ആരംഭിക്കുന്നത്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള ഉപപാഠ പുസ്തകങ്ങളുടെ സിലബസ് ശ്രദ്ധിക്കുക.

| ക്ലാസ്സ് | First Term | Second Term |
|---|---|---|
| I | വചനപഥം 1-13 അധ്യായങ്ങൾ | 14-25 അധ്യായങ്ങൾ |
| II | വചനസഞ്ചാരം 1-13 അധ്യായങ്ങൾ | 14-26 അധ്യായങ്ങൾ |
| III | വചനദീപ്തി 1-11 അധ്യായങ്ങൾ | 12-21 അധ്യായങ്ങൾ |
| IV | ഓ ദിവ്യ കാരുണ്യമേ 1-6 അധ്യായങ്ങൾ | 7-12 അധ്യായങ്ങൾ |

## ചർച്ചാ വിഷയം III

### പ്രപഞ്ചോത്പത്തിയുടെ ശാസ്ത്രസമീപനങ്ങളോടുള്ള സഭാ നിലപാടുകൾ

പ്രപഞ്ചോത്പത്തിയുടെ രഹസ്യാത്മകതകളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് മനുഷ്യന്റെ ഉത്പത്തിയോളംതന്നെ പഴക്കമുണ്ടാകാം. പ്രപഞ്ചം എന്ന കാഴ്ചപ്പാടിന് ഇന്നുള്ളിടത്തോളം വ്യാപ്തിയില്ലെങ്കിലും കാലികവും ബൗദ്ധികവുമായ കുറവുകളോടെയോ തികവുകളോടെയോ ഈ അന്വേഷണം എക്കാലത്തേയും മനുഷ്യനിൽ ഇഴചേർന്നു കിടക്കുന്നു. ഈ അഭിവാഞ്ഛയുടെ പ്രകാശനങ്ങൾ മനുഷ്യന്റെ അനാദിമുതലുള്ള എല്ലാ ജീവിത തലങ്ങളിലും-കലയിലും സാഹിത്യത്തിലും ദർശനങ്ങളിലും സിദ്ധാന്തങ്ങളിലും സംസ്കാരങ്ങളിലുമെല്ലാം കാണാൻ കഴിയും. അതുകൊണ്ടാവാം ദൈവമനുഷ്യബന്ധത്തിന്റെ കഥ പറയുന്ന ബൈബിളും ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന പ്രസ്താവനയോടെ ആരംഭിക്കുന്നത്. സമാനമോ ചിലപ്പോൾ അതിലധികം ഉത്തരവാദിത്വ ബോധത്തോടെയോ പ്രപഞ്ചോത്പത്തിയുടെ രഹസ്യാത്മകതകളിലേക്ക് ശാസ്ത്രവും ചൂഴ്ന്നിറങ്ങുന്നു.

ഇവയുടെ പ്രതിപാദനങ്ങൾക്കു തമ്മിൽ ഭിന്നാത്മകമായ തനിമ എക്കാലത്തും നിലനിൽക്കുന്നുമുണ്ട്. എന്നാൽ ശാസ്ത്രത്തിന്റെ അമൂല്യമായ ഉൾപ്പൊരുളുകൾ മതദർശനങ്ങളെ വലിയ ഒരളവുവരെ പരിപോഷിപ്പിക്കുന്നതിന് ഉപയുക്തമാവുന്നു എന്നതാണ് സത്യം. ശാസ്ത്രത്തിന് ആത്യന്തികമായ ശരി ഇല്ലാത്തതിനാൽ പ്രപഞ്ചോത്പത്തിയുടെ ശാസ്ത്രസമീപനങ്ങളോടുള്ള സഭാനിലപാടുകൾ പുനരാവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കേണ്ടതും എന്നും പ്രസക്തവുമാണ്.

പ്രപഞ്ചസൃഷ്ടിയെക്കുറിച്ച് വിവരിക്കുന്നതിന് ശാസ്ത്രം വിവിധ കാലഘട്ടങ്ങളിൽ വിവിധ സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്ഥിരാവസ്ഥാസിദ്ധാന്തം, മഹാവിസ്ഫോടനസിദ്ധാന്തം, അതിർത്തിരഹിതസിദ്ധാന്തം, തുടങ്ങി വിവിധ സിദ്ധാന്തങ്ങൾ കാലികമായ സ്വീകാര്യതകളോടെ രംഗപ്രവേശം ചെയ്യുകയും വലിയ ചർച്ചകൾക്കും അംഗീകാര-തിരസ്കാരങ്ങൾക്കും ഇരയാവുകയും ചെയ്തു. എങ്കിലും ഇവയിൽ ഏറ്റവും സാധ്യതയേറിയത് എന്ന് ശാസ്ത്രലോകം ഇന്നും വിശ്വസിക്കുന്ന മഹാവിസ്ഫോടനസിദ്ധാന്തത്തെക്കുറിച്ചു മാത്രം പരാമർശിക്കാം. ഏതാനും മില്ലിമീറ്റർ മാത്രം വ്യാസമുള്ളതും ചൂടേറിയതും കനത്ത പിണ്ഡമുള്ളതുമായ ഒരു കണിക ഏകദേശം 10 മുതൽ 20 വരെ ബില്യൺ വർഷങ്ങൾക്ക് മുമ്പ് അജ്ഞാതമായൊരു കാരണത്താൽ പൊട്ടിത്തെറിച്ച് അതിൽനിന്നും ഇന്നത്തെ പ്രപഞ്ചം രൂപപ്പെട്ടു എന്നതാണ് ഈ സിദ്ധാന്തം. 1920-കളിൽ ജോർജ് ലെമായറ്റർ എന്ന ബൽജിയം പുരോഹിതനാണ് ഈ ആശയം അവതരിപ്പിച്ചത്. ശാസ്ത്രവേദികളിലും മതവേദികളിലും ഏറെ ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും ഇടയാക്കിയ ഈ സിദ്ധാന്തത്തെ സമാനമായ മറ്റു പ്രപഞ്ചോത്പത്തി സിദ്ധാന്തങ്ങളുടെ മാതൃക പ്രതീകമായെടുത്താൽ ഇത് ബൈബിളിലെ സൃഷ്ടി വിവരണങ്ങളെ എപ്രകാരം പുനരവലോകനം ചെയ്യാനിടയാ ക്കിയെന്നതും പ്രപഞ്ചത്തിന്റെ കേവല തുടക്കം - Absolute Beginning എന്നതിലുപരി അനസ്യൂതമായ സൃഷ്ടി - Ongoing Creation അഥവാ Creatio Continuans എന്ന ആശയത്തെ അവയെങ്ങനെ പിൻതാങ്ങുന്നുവെന്നും മനസ്സിലാക്കാൻ കഴിയും.

മഹാവിസ്ഫോടനത്തിനു കാരണമായ ഊർജ്ജത്തിന്റെ അജ്ഞാതത്വം താർക്കികമായി അംഗീകരിച്ചാൽ പോലും പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള സഭാനിലപാടുകൾ അംഗീകരിക്ക

പ്പെടുന്നവിധമാണ് ഈ സിദ്ധാന്തത്തിന്റെ തുടർപ്രക്രിയകൾ വിശദീകരിക്കപ്പെട്ടിരിക്കുന്നത്. ഉത്പത്തിയുടെ ആദ്യത്തെ നിമിഷത്തിന്റെ 10-49 മൈക്രോസെക്കന്റിൽ നിന്നാണ് മഹാവിസ്ഫോടന സിദ്ധാന്തത്തിന്റെ സൈദ്ധാന്തിക മാതൃക ആരംഭിക്കുന്നത്. ഇത് പ്രവചനാതീതവും പുനരാവിഷ്കരിക്കപ്പെടാനാവാത്തതുമാണ്. ആദ്യത്തെ നിമിഷത്തിന്റെ ആദ്യത്തെ നൂറിലൊരംശം, ആ സമയത്തെ പദാർത്ഥസഞ്ചയം, ഊഷ്മാവ്, പതിനാലു നിമിഷങ്ങൾക്കു ശേഷമുള്ള ഊഷ്മാവ്, പദാർത്ഥ സഞ്ചയത്തിനുണ്ടായ മാറ്റം, തുടർന്ന് മൂന്നു മിനിറ്റുകൾക്കു ശേഷമുള്ള ഊഷ്മാവ്, അപ്പോൾ ന്യൂക്ലിയസ്സുകൾ ആവിർഭവിച്ചത് എന്നിങ്ങനെ വിശദമായ വിശകലനം ഈ സിദ്ധാന്തത്തിനുണ്ട്. ഉത്പത്തിക്കു നൂറായിരം വർഷങ്ങൾക്കുശേഷം ഊഷ്മാവ് വളരെ താഴ്ന്ന് കണികകൾ (Atoms) രൂപം പ്രാപിച്ച് അവയുടെ പടലങ്ങൾ നക്ഷത്രങ്ങളും താരവ്യൂഹങ്ങളുമായി സാന്ദ്രീകരിച്ചതും ഏതാനും ബില്യൺ വർഷങ്ങൾക്കു ശേഷം പ്രപഞ്ചം ഇന്നു കാണുന്ന രീതിയിൽ കാണപ്പെടാനായി എന്നും മഹാവിസ്ഫോടന സിദ്ധാന്തം വിശദീകരിക്കുന്നു.

എന്നാൽ പ്രസക്തമായ ചോദ്യം എവിടെ നിന്നാണ് മഹാവിസ്ഫോടനത്തിന്റെ ആവിർഭാവം എന്നതാണ്. മഹാവിസ്ഫോടനത്തിന്റെ ആദ്യത്തെ നൂറിലൊരംശത്തിനും പിന്നിലേക്കു പോയാൽ കാണുന്നു പദാർത്ഥസഞ്ചയം - ക്വാർക്കുകളും ഗ്ലൂവോണുകളും ലെപ്ടോണുകളും - എങ്ങനെയാണ് ഉത്ഭവിച്ചത്? ഈ പ്രപഞ്ചം മുഴുവൻ തികഞ്ഞ ശൂന്യതയുടെ പുനരാവിഷ്കരണമാണ് എന്ന അനുമാനപരമായ ഉത്തരമാണ് ഇതിനുള്ളത്. അതായത് പ്രപഞ്ചം ശൂന്യതയിൽ നിന്നും ഉത്ഭവിച്ചു. പ്രപഞ്ചം ഇന്നത്തെ അവസ്ഥയിൽ ശൂന്യതയ്ക്കു സമാനമാണ്. അതായത് പ്രപഞ്ചത്തിന്റെ ഊർജ്ജം മുഴുവൻ കൂട്ടി നോക്കിയാൽ കിട്ടുന്ന ഫലം പൂജ്യമാണെന്ന് ഭൗതികശാസ്ത്രം പറയുന്നു. താരവ്യൂഹങ്ങൾ തമ്മിലുള്ള ഗുരുത്വാകർഷണഫലമായുള്ള നെഗറ്റീവ് ഊർജ്ജവും കണങ്ങളുടെ ഊർജ്ജമായ പോസിറ്റീവ് ഊർജ്ജവും തമ്മിൽ കൂട്ടിയാൽ കിട്ടുന്നത് ഏറെക്കുറെ പൂജ്യത്തിനടുത്തായിരിക്കും. ലെമായറ്റർ മഹാവിസ്ഫോടന സിദ്ധാന്തം സ്വീകരിക്കാൻ കാരണം, തോമസ് അക്വിനാസ് ഒരു വിശ്വാസപ്രമാണംപോലെ വികസിപ്പിച്ചെടുത്ത ബൈബിളിലെ ശൂന്യതയിൽ നിന്നുള്ള സൃഷ്ടി എന്ന സങ്കല്പത്തെ

അതു നീതീകരിക്കുന്നതിനാലാണ് എന്ന് നിരീക്ഷിക്കപ്പെട്ടതിന്റെ കാരണം ഇതാവാം.

ദൈവം ശൂന്യതയിൽനിന്നും സൃഷ്ടിച്ചു എന്നും ജ്ഞാനവും സ്നേഹവും കൊണ്ട് ദൈവം സൃഷ്ടിക്കുന്നുമെന്നും തിരുസഭ പഠിപ്പിക്കുന്നു. (CCC 295-298). മാത്രവുമല്ല ദൈവം ക്രമീകൃതവും നല്ലതുമായ ലോകത്തെ സൃഷ്ടിക്കുന്നുവെന്ന് വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. (ഉത്പത്തി 1: 4,10,12,18,21,31) ഉത്പത്തി 1: 1–2 ഭാഗങ്ങൾ ശൂന്യതയിൽനിന്നുള്ള പ്രപഞ്ചസൃഷ്ടിക്കു തെളിവായി വ്യാഖ്യാനിക്കാറുണ്ട്. ഇരണേവൂസ്, അലക്സാണ്ഡ്രിയായിലെ ക്ലെമന്റ്, വി. അഗസ്റ്റിൻ തുടങ്ങിയ സഭാപിതാക്കൻമാരെല്ലാം ഈ കാഴ്ചപ്പാട് പുലർത്തുന്നവരാണ്. ജോബ് 6:7, വിജ്ഞാ. 11 :17, മക്കബാ. 7: 28, റോമ 4: 17, ഹെബ്രാ, 11: 3 തുടങ്ങിയ വചനഭാഗങ്ങൾ ശൂന്യതയിൽ നിന്നുള്ള സൃഷ്ടിയെക്കുറിച്ച് പ്രതിപാദിക്കുന്നു.

ആധുനിക ശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകൾ ബൈബിളിന്റെ പ്രപഞ്ചദർശനത്തെ ഒരു പരിധിവരെ സമ്പുഷ്ടമാക്കുന്നതാണ്. ശാസ്ത്രദർശനങ്ങളെ ബൈബിൾ ദർശനങ്ങളുമായി സമന്വയിപ്പി ക്കുന്നതിന് മുമ്പ് ബൈബിളിലെ സൃഷ്ടിവിവരണങ്ങൾക്കു പിന്നിലെ കാഴ്ചപ്പാടുകൾ മനസ്സിലാക്കേണ്ടതുണ്ട്. പ്രപഞ്ചോത്പത്തിയെ സംബന്ധിച്ചോ മനുഷ്യന്റെ ഉത്പത്തിയെ സംബന്ധിച്ചോ ശാസ്ത്രീയമായ ഉത്തരങ്ങൾ ലഭിക്കുന്നതിന് അന്വേഷിക്കേണ്ട ഒരു ശാസ്ത്രഗ്രന്ഥമല്ല ബൈബിൾ. എന്നാൽ സൃഷ്ടിയെ സംബന്ധിച്ച് മനുഷ്യൻ എക്കാലവും ഉന്നയിക്കുന്ന മൗലികമായ ചോദ്യങ്ങൾക്ക് ക്രിസ്തീയ വിശ്വാസം നൽകുന്ന പ്രത്യുത്തരമാണ് ബൈബിളിൽനിന്നു ലഭിക്കുക.

സൃഷ്ടിയെക്കുറിച്ചുള്ള മതബോധനം ഏറ്റവും പ്രാധാന്യ മർഹിക്കുന്നു എന്നതുകൊണ്ടുതന്നെയാണ് ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന സുപ്രധാനമായ പ്രസ്താവനയോടെ വി. ഗ്രന്ഥം സമാരംഭിക്കുന്നത്. (CCC 279-314) ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതും അത് നയിക്കപ്പെടുന്നതും വെറും യാദൃശ്ചികതയാലോ അന്ധമായ വിധിയാലോ അജ്ഞാതമായ ആവശ്യകതയാലോ അല്ലെന്ന് വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ഉത്പത്തിയുടെ ആദ്യ മൂന്ന് അധ്യായങ്ങളിലെ സൃഷ്ടി സംബന്ധമായ വിവരണങ്ങൾ ആരംഭത്തിന്റെ–അതായത് സൃഷ്ടി, പാപം, രക്ഷാവാഗ്ദാനം എന്നിവയുടെ–രഹസ്യങ്ങളെക്കുറിച്ചുള്ള

മതബോധനത്തിന്റെ മുഖ്യ ഉറവിടമായി നിലകൊള്ളുന്നു. ഒന്നുകൂടി വ്യക്തമാക്കിയാൽ പഴയ നിയമത്തിലെ സൃഷ്ടിവിവരണം പ്രപഞ്ചം എങ്ങനെയുണ്ടായി എന്ന ചോദ്യത്തിന് ഉത്തരം നൽകുന്നതിനേക്കാൾ ഇസ്രായേൽ ജനത്തിന്റെ ചരിത്രം അർത്ഥം കൈവരിക്കുന്നത് എവിടെനിന്നാണ് എന്ന ചോദ്യത്തിനുത്തരമാണ് നൽകുന്നത്. ദൈവം സൃഷ്ടിയിലൂടെ ആ ജനതയുടെ ചരിത്രത്തിന് അർത്ഥം നൽകി. (ലുഡ്‌വിഗ് കോലർ)

അങ്ങനെ ബൈബിളിൽ സ്രഷ്ടാവ് - വിമോചകൻ എന്നീ സങ്കല്പങ്ങൾ അഭേദ്യമായി ബന്ധപ്പെടുന്നു. നിലനിൽക്കുന്ന എല്ലാറ്റിന്റെയും കർത്താവ് ദൈവമാണ് എന്ന ദർശനം ആവിഷ്കരിക്കാനാണ് ബൈബിൾ ശ്രമിക്കുന്നത്. ഇസ്രായേലിന്റെ രക്ഷാകർമ്മത്തിനുള്ള മുഖവുരയായിട്ടാണ് സൃഷ്ടിവിവരണം നിലനിൽക്കുന്നതെന്ന് ഫൊൺറാഡ് ചൂണ്ടിക്കാണിക്കുന്നു. ജെറമിയ 27: 5, ഏശയ്യ 37: 26 എന്നീ ഭാഗങ്ങളിലും സങ്കീർത്തന പുസ്തകത്തിലും (73: 12– 15) ഇതേ ആശയം പ്രതിഫലിക്കുന്നു.

ഒപ്പം പ്രാചീനയുഗത്തിലെ പ്രകൃതി ദൈവങ്ങളെ ഒഴിവാക്കുക എന്നതും സൃഷ്ടിവിവരണത്തിന്റെ ലക്ഷ്യമായിരുന്നു. ദൈവത്തിന്റെ സർവ്വാതിശയിത്വത്തെയും സൃഷ്ടിയുടെ നൻമയേയും പ്രപഞ്ചത്തിന്റെ ദൈവത്തിലുള്ള ആശ്രയത്വത്തെയും അരക്കിട്ടുറപ്പിക്കുവാൻ പ്രതിജ്ഞാബദ്ധമായിരുന്നു ബൈബിളിലെ സൃഷ്ടിവിവരണങ്ങൾ. പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികളും അതിനപ്പുറത്തുള്ള ഒരതീന്ദ്രിയ യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നുവെന്നും, ദൈവത്തിന്റെ ജ്ഞാനവും ശക്തിയും വെളിപ്പെടുത്തുന്ന സൃഷ്ടി അവിടുത്തേക്ക് സ്തുതിയും ആരാധനയും അർപ്പിക്കുവാൻ ബാധ്യസ്ഥമാണെന്നും ബൈബിൾ ഓർമ്മിപ്പിക്കുന്നു.

അപ്പസ്തോലപ്രവർത്തനങ്ങളിൽ ആഥൻസിലെ അജ്ഞാത ദേവന്റെ ബലിപീഠത്തെ വ്യാഖ്യാനിച്ചു പ്രസംഗിച്ച പൗലോസ് ശ്ലീഹായുടെ വ്യാഖ്യാനവരം (അപ്പ. 17: 22–32) കടമെടുത്താൽ, പതിറ്റാണ്ടുകളായി ശാസ്ത്രാന്വേഷികൾക്കു മുമ്പിൽ ചോദ്യചിഹ്നമായി നിലനിൽക്കുന്ന അജ്ഞാത കാരണങ്ങൾ, അജ്ഞാത ഊർജ്ജ സ്രോതസ്സ്, അജ്ഞാത ഘടകങ്ങൾ മുതലായ വിവരണാതീതമായ ആശയങ്ങൾ വി. ഗ്രന്ഥം സംശയാതീതമായി പ്രസ്താവിച്ച നിത്യസത്യങ്ങളാണെന്ന് തിരിച്ചറിയുന്നതിന് എളുപ്പമാവും.

ഈ പ്രപഞ്ചം എന്തിന് സൃഷ്ടിക്കപ്പെട്ടു എന്നാണ് ചോദ്യമെങ്കിൽ സ്നേഹവും കരുണയും നൻമയുമല്ലാതെ മറ്റൊരു കാരണവും ലോകസൃഷ്ടിയിൽ ദൈവത്തിനില്ല എന്ന ഉത്തരമാണ് ബൈബിൾ നൽകുന്നത്. ഒന്നാം വത്തിക്കാൻ കൗൺസിൽ ലോകം ദൈവത്തിന്റെ മഹത്വത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടു എന്നാണ് പഠിപ്പിക്കുന്നത് (293-294, 319).

ഏറ്റവും ഒടുവിലായി മഹാവിസ്ഫോടന സിദ്ധാന്തത്തിൽ മഹാവിസ്ഫോടനത്തെ തുടർന്നുണ്ടായ വികാസം ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു എന്നു സിദ്ധാന്തിക്കുന്നതും ബൈബിൾ സാക്ഷ്യപ്പെടുത്തുന്ന സത്യം തന്നെയാണെന്നു കാണാം. ഇതാണ് ദൈവപരിപാലന. അതായത് ദൈവം നിയോഗിച്ചിട്ടുള്ളതും ഇനിയും പ്രാപിക്കേണ്ടതുമായ ആത്യന്തിക പൂർണ്ണതയിലേക്കുള്ള സഞ്ചാരമാണ് പ്രപഞ്ചസൃഷ്ടി. (CCC 302) മഹാവിസ്ഫോടനത്തെ ഒരു നൈമിഷിക പ്രതിഭാസമെന്നതിലുപരി ഒരു തുടർപ്രക്രിയയായും സംഭവപരമ്പര യായും കാണണമെന്ന ശാസ്ത്രീയ വീക്ഷണത്തിന്റെ വ്യാഖ്യാനം തന്നെയാണ് മേൽപ്പറഞ്ഞതത്രയും. പ്രപഞ്ചം മുഴുവൻ ദൈവത്തിങ്ക ലേക്ക് പരിണമിക്കുകയാണെന്ന് തെയ്യാർദ് ഷർദാനും പഠിപ്പിക്കുന്നു. ചുരുക്കത്തിൽ സൃഷ്ടിയെക്കുറിച്ചുള്ള ശാസ്ത്രകാഴ്ചപ്പാടുകൾ യുക്തിരഹിതമായും ഏകപക്ഷീയമായും നിഷേധിക്കേണ്ടവയോ സൃഷ്ടിയെക്കുറിച്ചുള്ള വി. ഗ്രന്ഥ സമീപനങ്ങൾ വ്യാച്യാർത്ഥത്തിൽ വ്യാഖ്യാനിക്കേണ്ടവയോ അല്ല (Youcat 41 -51).

പരിണാമസിദ്ധാന്തത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ കാഴ്ചപ്പാടുകൾ ഈ നിലപാടിനെ ശരിവയ്ക്കുന്നവയാണ്. 12-ാം പിയൂസ് മാർപ്പാപ്പയുടെ ഹ്യൂമാനി ജനേരിസ് എന്ന ചാക്രിക ലേഖന മാണ് പരിണാമ സിദ്ധാന്തത്തെക്കുറിച്ച് പഠനം നടത്തുന്ന ആദ്യ സഭാപ്രബോധനം. ദൈവികവെളിപാടിനെ വിശദീകരിക്കാനുള്ള സഭയുടെ അധികാരത്തെ മാനിച്ചുകൊണ്ട് കത്തോലിക്കർക്ക് പരിണാമസിദ്ധാന്തം പറയുന്ന കാര്യങ്ങളെ സ്വീകരിക്കനോ തിരസ്കരിക്കാനോ അവകാശമുണ്ടെന്ന് മാർപ്പാപ്പ വിലയിരുത്തി. 1996 ഒക്ടോബർ 22-ന് ശാസ്ത്രകാര്യങ്ങൾക്കായുള്ള പൊന്തിഫിക്കൽ അക്കാദമിയിൽ നടത്തിയ പ്രഭാഷണത്തിൽ ജോൺ പോൾ II, ആധുനിക ഗവേഷണങ്ങൾ പരിണാമസിദ്ധാന്തത്തിന്റെ പല നിഗമനങ്ങളും ശരിവയ്ക്കുന്നതായി ചൂണ്ടിക്കാട്ടി. മനുഷ്യശരീരം

പരിണാമവിധേയമായിട്ടുണ്ട് എന്ന നിഗമനം വിശ്വാസവിരുദ്ധമല്ല. എന്നാൽ മനുഷ്യാത്മാവ് ദൈവത്താൽ നേരിട്ട് സൃഷ്ടിക്കപ്പെട്ടതാണ്.

പരിണാമസിദ്ധാന്തത്തിന്റെ 150-ാം വാർഷികത്തിൽ ബനഡിക്ട് 16-മൻ മാർപ്പാപ്പ രചിച്ച ഉത്പത്തി ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ സൃഷ്ടിയും പരിണാമവും വിശ്വാസവും യുക്തിയും തമ്മിലുള്ള ആന്തരിക ഐക്യത്തെക്കുറിച്ച് ഊന്നിപ്പറയുന്നുണ്ട്. എങ്കിലും പരിണാമസിദ്ധാന്തം സംശയാതീതമായി തെളിയിക്കപ്പെട്ട ഒരു ശാസ്ത്രസത്യമല്ല. ശാസ്ത്രീയ തെളിവുകളേക്കാൾ താത്വികവും കാല്പനികവുമായ നിഗമനങ്ങളെയാണ് പരിണാമസിദ്ധാന്തം അവലംബിക്കുന്നത്.

മതവും ശാസ്ത്രവും വിശ്വാസവും യുക്തിയും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നുള്ള നിലപാട് തിരുത്തപ്പെടണം. വിശ്വാസം യുക്തിക്ക് അതീതമാണെങ്കിലും വിശ്വാസവും യുക്തിയും തമ്മിൽ വൈരുദ്ധ്യമില്ല. മനുഷ്യന് ദിവ്യരഹസ്യങ്ങൾ വെളിപ്പെടുത്തുകയും അവനിൽ വിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്ന ദൈവം തന്നെയാണ് മനുഷ്യനിൽ ബുദ്ധിയുടെ പ്രകാശം നിക്ഷേപിച്ചതും. തൻമൂലം ദൈവത്തിന് തന്നെത്തന്നെ നിഷേധിക്കാനാവില്ല. അതുപോലെ സത്യം ഒരിക്കലും സത്യത്തിന് വിരുദ്ധമാവുകയില്ല... ലൗകിക യാഥാർത്ഥ്യങ്ങളുടെയും വിശ്വാസ യാഥാർത്ഥ്യങ്ങളുടെയും ഉറവിടം ഒരേ ദൈവം തന്നെയാണ്. എല്ലാറ്റിനെയും നിലനിർത്തുന്ന ദൈവമാണ് അവയ്ക്കെല്ലാം തനതായ രൂപഭാവങ്ങൾ നൽകിയത്. സ്ഥിരോത്സാഹത്തോടും വിനയത്തോടും കൂടി പ്രപഞ്ച രഹസ്യങ്ങളിലേക്ക് കടന്നുചെല്ലാൻ ശ്രമിക്കുന്നവൻ അവനറിയാതെ തന്നെ ദൈവകരത്താൽ നയിക്കപ്പെടുന്നു. (CCC 159)

**റഫറൻസ് ഗ്രന്ഥങ്ങൾ:-**

- വിശ്വാസത്തിന്റെ വെളിച്ചം, - വിശ്വസത്തിന്റെ കവാടം, -കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC), ഈശ്വരസംവേദനം ശാസ്ത്രയുഗത്തിൽ (ഫാ. അഗസ്റ്റിൻ പാമ്പ്ലാനി)

**മതബോധന സർവ്വേ**

ഈ വർഷം വിശ്വാസപരിശീലനം നടത്തുന്ന കുട്ടികളുടെ എണ്ണം ഇടവക തിരിച്ച്, ക്ലാസ്സടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. എണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിൽ രേഖാമൂലം മതബോധന ഓഫീസിൽ അറിയിക്കുമല്ലോ.

## NUMBER OF STUDENTS ACCORDING TO CLASS LEVEL AT PARISHES FOR THE YEAR 2017-18

| No. | PARISH | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **BATHERY** | | | | | | | | | | | | | |
| 1 | AMBALAVAYAL | 38 | 39 | 33 | 43 | 24 | 33 | 38 | 31 | 41 | 28 | 28 | 31 | 407 |
| 2 | BATHERY | 30 | 51 | 48 | 65 | 59 | 55 | 41 | 64 | 51 | 49 | 50 | 40 | 603 |
| 3 | CHEENGAVALLAM | 1 | 10 | 5 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 20 |
| 4 | CHITHRAGIRI | 17 | 12 | 5 | 11 | 17 | 8 | 9 | 13 | 11 | 14 | 10 | 10 | 137 |
| 5 | CHULLIODE | | 4 | 4 | 7 | 6 | 8 | 4 | 7 | 8 | 5 | 13 | 7 | 73 |
| 6 | KADALMAD | 8 | 7 | 4 | 10 | 5 | 5 | 6 | 4 | 5 | 7 | 9 | 5 | 75 |
| 7 | KALLUMUKKU | 0 | 3 | 4 | 0 | 0 | 0 | 6 | 5 | 3 | 6 | 7 | 0 | 34 |
| 8 | KARANI | 4 | 3 | 5 | 2 | 0 | 4 | 0 | 5 | 0 | 2 | 3 | 0 | 28 |
| 9 | MEENANGADI | 13 | 11 | 13 | 14 | 20 | 17 | 23 | 16 | 15 | 17 | 9 | 11 | 179 |
| 10 | MOOLANKAVU | 9 | 18 | 15 | 24 | 16 | 16 | 25 | 25 | 16 | 13 | 17 | 18 | 212 |
| 11 | PAZHOOR | 8 | 15 | 8 | 12 | 5 | 12 | 10 | 11 | 11 | 13 | 11 | 9 | 125 |
| 12 | THOMATTUCHAL | 18 | 3 | 14 | 10 | 19 | 19 | 16 | 15 | 17 | 18 | 17 | 17 | 183 |
| 13 | VADAKKANAD | 3 | 9 | 5 | 6 | 5 | 5 | 7 | 6 | 10 | 5 | 10 | 8 | 79 |
| 14 | VAKERY | 6 | 10 | 11 | 8 | 14 | 12 | 6 | 6 | 8 | 6 | 10 | 6 | 103 |
| | | 155 | 195 | 174 | 216 | 190 | 194 | 191 | 208 | 196 | 183 | 194 | 162 | 2258 |
| | **CHUNGAKKUNNU** | | | | | | | | | | | | | |
| 15 | ADACKATHODE | 32 | 27 | 33 | 25 | 21 | 49 | 29 | 29 | 31 | 42 | 23 | 30 | 371 |
| 16 | AMBAYATHODE | 11 | 24 | 10 | 17 | 11 | 22 | 14 | 10 | 12 | 13 | 14 | 22 | 180 |
| 17 | CHUNGAKKUNNU | 55 | 45 | 46 | 53 | 51 | 58 | 50 | 44 | 59 | 74 | 71 | 62 | 668 |
| 18 | KELAKAM | 6 | 12 | 11 | 9 | 13 | 10 | 3 | 13 | 12 | 9 | 16 | 15 | 129 |
| 19 | KOTTIYOOR | 41 | 47 | 53 | 55 | 52 | 60 | 58 | 57 | 63 | 57 | 62 | 43 | 648 |
| 20 | NELLIODY | 4 | 6 | 7 | 8 | 8 | 7 | 7 | 8 | 7 | 9 | 7 | 9 | 87 |
| 21 | OTTAPLAVU | 5 | 6 | 8 | 6 | 9 | 12 | 13 | 11 | 8 | 18 | 22 | 9 | 127 |
| 22 | PALCHURAM | 18 | 11 | 16 | 8 | 10 | 12 | 14 | 7 | 14 | 9 | 13 | 6 | 138 |
| 23 | SANTHIGIRI | 6 | 3 | 4 | 10 | 7 | 7 | 11 | 8 | 9 | 7 | 8 | 5 | 85 |
| 24 | VELLOONNI | 6 | 9 | 16 | 9 | 14 | 13 | 10 | 11 | 11 | 9 | 8 | 16 | 132 |
| | | 184 | 190 | 204 | 200 | 196 | 250 | 209 | 198 | 226 | 247 | 244 | 217 | 2565 |
| | **DWARAKA** | | | | | | | | | | | | | |
| 25 | CHULLIYANA | 14 | 6 | 8 | 9 | 6 | 7 | 10 | 8 | 7 | 9 | 8 | 7 | 99 |
| 26 | DWARAKA | 18 | 21 | 23 | 18 | 22 | 17 | 19 | 22 | 20 | 27 | 28 | 22 | 257 |
| 27 | KARACKAMALA | 28 | 17 | 12 | 20 | 25 | 10 | 14 | 25 | 16 | 21 | 23 | 27 | 238 |
| 28 | KOMMAYAD | 15 | 10 | 14 | 23 | 11 | 17 | 12 | 15 | 19 | 22 | 18 | 16 | 192 |
| 29 | MANGALASSERY | 5 | 5 | 3 | 7 | 6 | 6 | 7 | 7 | 4 | 6 | 7 | 16 | 79 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 30 | MOTHAKKARA | 9 | 2 | 4 | 6 | 2 | 6 | 0 | 4 | 7 | 3 | 0 | 7 | 50 |
| 31 | THONICHAL | 15 | 18 | 16 | 13 | 23 | 15 | 12 | 19 | 22 | 18 | 14 | 24 | 209 |
| 32 | VELLAMUNDA | 15 | 21 | 9 | 14 | 9 | 12 | 14 | 14 | 7 | 17 | 14 | 9 | 155 |
| | | 119 | 100 | 89 | 110 | 104 | 90 | 88 | 114 | 102 | 123 | 112 | 128 | 1279 |
| | **KALLODY** | | | | | | | | | | | | | |
| 33 | DEEPTHIGIRI | 9 | 15 | 14 | 15 | 9 | 19 | 10 | 18 | 12 | 17 | 17 | 15 | 170 |
| 34 | JUDE'S MOUNT | 4 | 4 | 8 | 5 | 8 | 7 | 5 | 9 | 9 | 5 | 6 | 9 | 79 |
| 35 | KALLODY | 28 | 38 | 48 | 40 | 32 | 35 | 44 | 42 | 47 | 50 | 53 | 40 | 497 |
| 36 | KARIMBIL | 3 | 5 | 3 | 7 | 3 | 5 | 5 | 10 | 5 | 5 | 4 | 6 | 61 |
| 37 | KUNJHOM | 15 | 9 | 9 | 7 | 9 | 10 | 7 | 13 | 6 | 12 | 7 | 6 | 110 |
| 38 | MAKKIYAD | 10 | 4 | 8 | 14 | 7 | 13 | 16 | 24 | 26 | 25 | 15 | 12 | 174 |
| 39 | NIRAVILPUZHA | 3 | 4 | 4 | 0 | 0 | 4 | 4 | 2 | 2 | 0 | 4 | 3 | 30 |
| 40 | PUTHIYIDAMKUNU | 6 | 10 | 11 | 12 | 11 | 6 | 7 | 11 | 10 | 9 | 9 | 10 | 112 |
| 41 | PUTHUSSERY | 4 | 12 | 8 | 10 | 6 | 13 | 4 | 11 | 3 | 6 | 9 | 12 | 98 |
| 42 | VALERY | 5 | 10 | 8 | 6 | 8 | 4 | 8 | 2 | 6 | 5 | 4 | 3 | 69 |
| 43 | VANJOD | 16 | 7 | 15 | 13 | 11 | 11 | 5 | 11 | 8 | 7 | 18 | 11 | 133 |
| | | 103 | 118 | 136 | 129 | 104 | 127 | 115 | 153 | 134 | 141 | 146 | 127 | 1533 |
| | **KALPETTA** | | | | | | | | | | | | | |
| 44 | CHARITTY | 12 | 7 | 3 | 11 | 9 | 7 | 7 | 8 | 5 | 3 | 5 | 6 | 83 |
| 45 | CHURALMALA | 0 | 0 | 2 | 0 | 2 | 0 | 0 | 2 | 3 | 0 | 1 | 7 | 17 |
| 46 | EDAPPETTY | 7 | 14 | 7 | 9 | 12 | 13 | 9 | 12 | 17 | 5 | 6 | 6 | 117 |
| 47 | KALATHUVAYAL | 3 | 4 | 6 | 4 | 6 | 10 | 3 | 9 | 6 | 10 | 3 | 11 | 75 |
| 48 | KALPETTA | 31 | 21 | 15 | 27 | 27 | 27 | 34 | 30 | 25 | 37 | 18 | 30 | 322 |
| 49 | KOLAVAYAL | 16 | 6 | 5 | 9 | 12 | 12 | 6 | 8 | 7 | 5 | 8 | 8 | 102 |
| 50 | LEKKIDI | 0 | 3 | 0 | 0 | 2 | 0 | 4 | 2 | 3 | 1 | 0 | 0 | 15 |
| 51 | NEDUMBALA | 12 | 9 | 14 | 12 | 11 | 11 | 5 | 21 | 13 | 14 | 6 | 16 | 144 |
| 52 | OLIVUMALA | 5 | 8 | 7 | 2 | 6 | 4 | 3 | 2 | 7 | 3 | 3 | 6 | 56 |
| 53 | PUZHAMUDI | 8 | 4 | 5 | 6 | 2 | 5 | 7 | 4 | 2 | 4 | 6 | 6 | 59 |
| 54 | RIPPON | 8 | 9 | 15 | 17 | 16 | 15 | 20 | 12 | 20 | 13 | 11 | 21 | 177 |
| 55 | THENERY | 17 | 23 | 10 | 22 | 14 | 27 | 14 | 19 | 19 | 18 | 15 | 17 | 215 |
| 56 | THRIKKEIPETTA | 8 | 3 | 2 | 3 | 5 | 5 | 3 | 5 | 3 | 4 | 3 | 4 | 48 |
| 57 | VAZHAVATTA | 27 | 16 | 24 | 26 | 23 | 14 | 22 | 23 | 31 | 21 | 17 | 17 | 261 |
| 58 | VYTHIRY | 3 | 2 | 6 | 8 | 3 | 9 | 5 | 6 | 3 | 3 | 2 | 4 | 54 |
| | | 157 | 129 | 121 | 156 | 150 | 159 | 142 | 163 | 164 | 141 | 104 | 159 | 1745 |
| | **MANANTHAVADY** | | | | | | | | | | | | | |
| 59 | ALATTIL | 10 | 18 | 10 | 10 | 22 | 14 | 18 | 8 | 23 | 21 | 21 | 19 | 194 |
| 60 | BOY'S TOWN | 0 | 6 | 0 | 6 | 0 | 3 | 0 | 9 | 4 | 3 | 4 | 4 | 39 |
| 61 | ELAPPEEDIKA | 12 | 3 | 7 | 2 | 4 | 7 | 10 | 7 | 11 | 9 | 8 | 7 | 87 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 62 | KARIMANI | 0 | 5 | 5 | 3 | 4 | 4 | 5 | 3 | 3 | 0 | 7 | 4 | 43 |
| 63 | KUTTIMOOLA | 10 | 2 | 6 | 6 | 8 | 4 | 7 | 2 | 6 | 4 | 5 | 8 | 68 |
| 64 | MANANTHAVADY © | 58 | 43 | 32 | 33 | 30 | 46 | 37 | 35 | 42 | 44 | 51 | 38 | 489 |
| 65 | MANANTHAVADY(T) | 15 | 11 | 14 | 19 | 19 | 14 | 17 | 14 | 16 | 22 | 16 | 18 | 195 |
| 66 | MUTHIRERY | 14 | 23 | 10 | 9 | 9 | 15 | 7 | 12 | 10 | 12 | 16 | 9 | 146 |
| 67 | PARATHOTTAM | 2 | 11 | 7 | 10 | 5 | 9 | 6 | 8 | 7 | 7 | 5 | 3 | 80 |
| 68 | PERIA | 5 | 4 | 6 | 6 | 8 | 7 | 7 | 3 | 6 | 6 | 10 | 6 | 74 |
| 69 | POROOR | 19 | 35 | 26 | 28 | 22 | 37 | 28 | 25 | 26 | 20 | 30 | 28 | 324 |
| 70 | PRASANTHAGIRI | 7 | 4 | 5 | 4 | 9 | 7 | 4 | 6 | 7 | 5 | 10 | 6 | 74 |
| 71 | PUTHIYIDOM | 5 | 8 | 8 | 13 | 6 | 11 | 7 | 6 | 17 | 7 | 13 | 12 | 113 |
| 72 | THALAPUZHA | 4 | 4 | 6 | 7 | 6 | 11 | 4 | 3 | 5 | 4 | 5 | 9 | 68 |
| 73 | THAVINJAL | 21 | 19 | 29 | 19 | 16 | 26 | 23 | 26 | 24 | 28 | 28 | 19 | 278 |
| 74 | VALAD | 12 | 3 | 4 | 10 | 7 | 4 | 9 | 6 | 5 | 3 | 4 | 3 | 70 |
| 75 | VALIYAKOLLY | 7 | 6 | 6 | 11 | 10 | 3 | 2 | 0 | 5 | 4 | 3 | 5 | 62 |
| 76 | YAVANARKULAM | 8 | 3 | 11 | 6 | 11 | 15 | 15 | 14 | 12 | 21 | 16 | 23 | 155 |
| | | 209 | 208 | 192 | 202 | 196 | 237 | 206 | 187 | 229 | 220 | 252 | 221 | 2559 |
| | **MANIMOOLY** | | | | | | | | | | | | | |
| 77 | BHOODANAM | 0 | 3 | 0 | 1 | 2 | 0 | 0 | 1 | 0 | 0 | 4 | 0 | 11 |
| 78 | MANIMOOLY | 32 | 36 | 27 | 29 | 42 | 40 | 27 | 24 | 44 | 37 | 34 | 29 | 401 |
| 79 | MARUTHA | 1 | 0 | 3 | 0 | 4 | 3 | 5 | 3 | 2 | 0 | 2 | 2 | 25 |
| 80 | MUNDERY | 5 | 7 | 5 | 4 | 0 | 7 | 5 | 4 | 10 | 6 | 12 | 7 | 72 |
| 81 | NARIVALAMUNDA | 21 | 15 | 9 | 16 | 19 | 15 | 8 | 16 | 24 | 13 | 17 | 15 | 188 |
| 82 | PALANKARA | 14 | 24 | 12 | 17 | 23 | 24 | 18 | 11 | 20 | 18 | 14 | 19 | 214 |
| 83 | PALEMAD | 6 | 11 | 14 | 14 | 10 | 7 | 17 | 14 | 7 | 18 | 16 | 10 | 144 |
| 84 | PATHIRIPPADAM | 21 | 14 | 15 | 21 | 13 | 21 | 21 | 20 | 15 | 12 | 17 | 24 | 214 |
| 85 | THALANJI | 32 | 17 | 25 | 16 | 22 | 23 | 20 | 16 | 22 | 20 | 12 | 21 | 246 |
| 86 | THALIPPADAM | 13 | 8 | 6 | 8 | 6 | 5 | 9 | 5 | 8 | 7 | 6 | 9 | 90 |
| | | 145 | 135 | 116 | 126 | 141 | 145 | 130 | 114 | 152 | 131 | 134 | 136 | 1605 |
| | **MULLENKOLLY** | | | | | | | | | | | | | |
| 87 | ADIKKOLLY | 16 | 18 | 25 | 15 | 23 | 20 | 24 | 17 | 19 | 24 | 28 | 25 | 254 |
| 88 | AMARAKKUNI | 11 | 5 | 9 | 12 | 9 | 10 | 10 | 10 | 8 | 12 | 13 | 13 | 122 |
| 89 | IRULAM | 11 | 3 | 14 | 8 | 9 | 11 | 13 | 5 | 10 | 11 | 17 | 16 | 128 |
| 90 | KABANIGIRI | 11 | 10 | 14 | 9 | 10 | 5 | 10 | 9 | 14 | 14 | 11 | 19 | 136 |
| 91 | MARAKAVU | 27 | 30 | 39 | 39 | 32 | 34 | 31 | 32 | 40 | 41 | 36 | 34 | 415 |
| 92 | MARAKKADAVU | 13 | 24 | 15 | 12 | 17 | 13 | 10 | 10 | 23 | 13 | 13 | 15 | 178 |
| 93 | MULLANKOLLY | 41 | 55 | 71 | 41 | 50 | 49 | 55 | 45 | 41 | 55 | 60 | 50 | 613 |
| 94 | PADICHIRA | 32 | 30 | 31 | 38 | 38 | 31 | 33 | 32 | 19 | 28 | 31 | 32 | 375 |
| 95 | PATTANIKOOP | 18 | 10 | 17 | 15 | 11 | 14 | 7 | 12 | 10 | 17 | 8 | 11 | 150 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 96 | PULPALLY | 21 | 19 | 25 | 17 | 21 | 20 | 11 | 15 | 23 | 19 | 18 | 22 | 231 |
| 97 | SEETHAMOUNT | 11 | 20 | 23 | 13 | 23 | 12 | 18 | 18 | 23 | 22 | 9 | 5 | 197 |
| 98 | SISUMALA | 34 | 27 | 25 | 36 | 18 | 23 | 21 | 29 | 21 | 29 | 24 | 28 | 315 |
| | | 246 | 251 | 308 | 255 | 261 | 242 | 243 | 234 | 251 | 285 | 268 | 270 | 3114 |
| | **NADAVAYAL** | | | | | | | | | | | | | |
| 99 | ARINCHERMALA | 8 | 11 | 16 | 9 | 16 | 15 | 9 | 15 | 14 | 13 | 9 | 13 | 148 |
| 100 | CHERUKATTOOR | 31 | 34 | 38 | 34 | 42 | 26 | 25 | 42 | 35 | 39 | 33 | 37 | 416 |
| 101 | CHUNDAKKARA | 40 | 44 | 51 | 33 | 31 | 43 | 36 | 42 | 44 | 42 | 42 | 31 | 479 |
| 102 | KALLUVAYAL | 20 | 18 | 15 | 20 | 20 | 16 | 17 | 28 | 19 | 10 | 15 | 18 | 216 |
| 103 | KANIYAMBATTA | 3 | 4 | 7 | 8 | 3 | 0 | 6 | 8 | 8 | 4 | 3 | 4 | 58 |
| 104 | KENICHIRA | 25 | 16 | 15 | 24 | 19 | 21 | 29 | 18 | 33 | 28 | 24 | 22 | 274 |
| 105 | KURUMBALA<br>KKOTTA | 5 | 4 | 10 | 5 | 13 | 3 | 5 | 6 | 8 | 8 | 10 | 9 | 86 |
| 106 | NADAVAYAL | 65 | 60 | 63 | 65 | 71 | 57 | 64 | 63 | 65 | 67 | 59 | 65 | 764 |
| 107 | NEIKKUPPA | 6 | 10 | 5 | 5 | 4 | 6 | 2 | 5 | 3 | 9 | 8 | 5 | 68 |
| 108 | PANAMARAM | 8 | 8 | 5 | 10 | 6 | 8 | 8 | 6 | 4 | 9 | 6 | 11 | 89 |
| 109 | PARALIKKUNNU | 7 | 7 | 13 | 5 | 10 | 10 | 7 | 7 | 5 | 5 | 6 | 6 | 88 |
| 110 | VALAVAYAL | 7 | 6 | 7 | 5 | 10 | 2 | 6 | 9 | 1 | 11 | 12 | 9 | 85 |
| 111 | VILAMBUKANDAM | 8 | 11 | 13 | 15 | 6 | 12 | 12 | 12 | 19 | 12 | 11 | 16 | 147 |
| | | 233 | 233 | 258 | 238 | 251 | 219 | 226 | 261 | 258 | 257 | 238 | 246 | 2918 |
| | **NILAMBUR** | | | | | | | | | | | | | |
| 112 | CHOKKAD | 6 | 7 | 3 | 5 | 9 | 10 | 4 | 11 | 8 | 10 | 8 | 10 | 91 |
| 113 | EDIVANNA | 18 | 17 | 17 | 10 | 13 | 20 | 20 | 19 | 23 | 18 | 15 | 22 | 212 |
| 114 | MOOLEPADAM | 2 | 3 | 4 | 8 | 0 | 5 | 7 | 3 | 8 | 4 | 2 | 7 | 53 |
| 115 | MUTTIYEL | 3 | 1 | 3 | 1 | 3 | 3 | 3 | 5 | 1 | 1 | 3 | 2 | 29 |
| 116 | NILAMBUR | 18 | 18 | 20 | 33 | 21 | 27 | 22 | 34 | 38 | 31 | 22 | 14 | 298 |
| 117 | POOKOTUMPADAM | 6 | 19 | 3 | 4 | 7 | 5 | 14 | 13 | 9 | 9 | 11 | 13 | 113 |
| 118 | POOLAPPADAM | 16 | 12 | 15 | 11 | 13 | 12 | 12 | 16 | 12 | 13 | 16 | 13 | 161 |
| 119 | RUBYNAGAR | 4 | 8 | 9 | 10 | 0 | 3 | 5 | 11 | 5 | 5 | 6 | 6 | 72 |
| 120 | THELPARA | 9 | 8 | 9 | 8 | 0 | 15 | 0 | 14 | 10 | 9 | 9 | 16 | 107 |
| 121 | T.K.KOLANY | 6 | 0 | 5 | 4 | 2 | 2 | 1 | 0 | 4 | 0 | 5 | 5 | 34 |
| 122 | VALLIKETTU | 2 | 3 | 3 | 2 | 2 | 1 | 4 | 3 | 3 | 6 | 4 | 2 | 35 |
| 123 | VADAPURAM | 12 | 10 | 7 | 6 | 13 | 7 | 13 | 13 | 9 | 11 | 10 | 13 | 124 |
| | | 102 | 106 | 98 | 102 | 83 | 110 | 105 | 142 | 130 | 117 | 111 | 123 | 1329 |
| | **NILGIRIS** | | | | | | | | | | | | | |
| 124 | ARATTUPARA | 0 | 2 | 0 | 0 | 1 | 0 | 0 | 3 | 0 | 2 | 1 | 0 | 9 |
| 125 | ARULNILAYAM | 10 | 13 | 10 | 11 | 10 | 14 | 7 | 14 | 10 | 10 | 21 | 11 | 141 |
| 126 | ARAVANKADU | 1 | 1 | 1 | 1 | 2 | 2 | 1 | 0 | 2 | 1 | 0 | 0 | 12 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 127 | BEKKI | 7 | 0 | 3 | 0 | 2 | 2 | 0 | 3 | 3 | 2 | 6 | 2 | 30 |
| 128 | COONOOR | 3 | 3 | 5 | 5 | 4 | 5 | 3 | 4 | 8 | 4 | 10 | 11 | 65 |
| 129 | DARMAGIRI | 14 | 7 | 7 | 4 | 10 | 10 | 12 | 14 | 17 | 14 | 15 | 9 | 133 |
| 130 | KALPRA | 6 | 18 | 14 | 8 | 13 | 16 | 16 | 18 | 8 | 14 | 12 | 13 | 156 |
| 131 | KAYYUNNI | 12 | 22 | 19 | 24 | 20 | 21 | 19 | 25 | 32 | 20 | 33 | 23 | 270 |
| 132 | KUNNALADI | 3 | 9 | 12 | 7 | 12 | 11 | 7 | 14 | 8 | 4 | 4 | 6 | 97 |
| 133 | MACHIKKOLLY | 6 | 5 | 4 | 7 | 7 | 7 | 4 | 5 | 9 | 9 | 6 | 7 | 76 |
| 134 | MANVAYAL | 10 | 3 | 6 | 8 | 8 | 10 | 13 | 12 | 8 | 7 | 15 | 13 | 113 |
| 135 | PANAMCHIRA | 3 | 4 | 6 | 2 | 10 | 7 | 7 | 6 | 4 | 6 | 5 | 9 | 69 |
| 136 | VIMALAGIRI | 8 | 8 | 6 | 7 | 9 | 8 | 10 | 13 | 8 | 8 | 11 | 8 | 104 |
| | | 83 | 95 | 93 | 84 | 108 | 113 | 99 | 131 | 117 | 101 | 139 | 112 | 1275 |
| | **PAYYAMPALLY** | | | | | | | | | | | | | |
| 137 | APPAPPARA | 1 | 0 | 1 | 0 | 2 | 0 | 4 | 0 | 1 | 0 | 5 | 2 | 16 |
| 138 | ARATTUTHARA | 9 | 10 | 15 | 12 | 12 | 14 | 6 | 16 | 15 | 6 | 16 | 14 | 145 |
| 139 | BAVALI | 0 | 1 | 1 | 0 | 0 | 1 | 0 | 0 | 1 | 0 | 0 | 2 | 6 |
| 140 | EDAYOORKUNNU | 2 | 6 | 6 | 5 | 3 | 5 | 8 | 0 | 3 | 2 | 2 | 0 | 42 |
| 141 | KAMMANA | 10 | 11 | 19 | 15 | 16 | 13 | 10 | 17 | 11 | 16 | 16 | 14 | 168 |
| 142 | KARTIKULAM | 0 | 6 | 3 | 5 | 7 | 12 | 9 | 10 | 9 | 9 | 6 | 12 | 88 |
| 143 | MARTIN NAGAR | 21 | 19 | 17 | 20 | 17 | 21 | 26 | 17 | 30 | 26 | 25 | 16 | 255 |
| 144 | PADAMALA | 13 | 11 | 11 | 10 | 17 | 10 | 8 | 15 | 11 | 12 | 14 | 8 | 140 |
| 145 | PANAVALLY | 5 | 0 | 5 | 0 | 2 | 0 | 1 | 0 | 4 | 0 | 6 | 0 | 23 |
| 146 | PAYYAMPALLY | 33 | 33 | 37 | 42 | 40 | 37 | 37 | 40 | 44 | 42 | 41 | 47 | 473 |
| 147 | THRISSILERY | 16 | 9 | 4 | 7 | 7 | 8 | 15 | 11 | 12 | 6 | 10 | 4 | 109 |
| | | 110 | 106 | 119 | 116 | 123 | 121 | 124 | 126 | 141 | 119 | 141 | 119 | 1465 |
| | **THARIODE** | | | | | | | | | | | | | |
| 149 | CHENNALODE | 15 | 21 | 20 | 16 | 27 | 35 | 27 | 31 | 22 | 16 | 30 | 31 | 291 |
| 150 | KAVUMMANNAM | 12 | 12 | 11 | 9 | 17 | 12 | 12 | 9 | 17 | 16 | 15 | 9 | 151 |
| 151 | KOTTATHARA | 10 | 19 | 14 | 18 | 11 | 22 | 14 | 18 | 11 | 11 | 19 | 18 | 185 |
| 152 | KURUMANI | 13 | 6 | 12 | 5 | 14 | 5 | 10 | 10 | 12 | 5 | 5 | 13 | 110 |
| 153 | KURUMBALA | 23 | 26 | 24 | 14 | 24 | 25 | 19 | 22 | 22 | 26 | 17 | 18 | 260 |
| 154 | MANGALAM | 15 | 4 | 11 | 4 | 10 | 6 | 9 | 7 | 6 | 12 | 12 | 6 | 102 |
| 155 | MANJOORA | 13 | 22 | 10 | 21 | 16 | 13 | 18 | 10 | 6 | 16 | 7 | 12 | 164 |
| 156 | PANTHIPOIL | 4 | 3 | 3 | 3 | 4 | 3 | 2 | 9 | 5 | 2 | 4 | 2 | 44 |
| 157 | PUTHUSERYK KADAVU | 13 | 11 | 12 | 10 | 5 | 14 | 10 | 7 | 9 | 14 | 8 | 12 | 125 |
| 158 | THARIODE | 19 | 21 | 21 | 37 | 19 | 35 | 29 | 31 | 21 | 25 | 26 | 26 | 310 |
| | | 137 | 145 | 138 | 137 | 147 | 170 | 150 | 154 | 131 | 143 | 143 | 147 | 1742 |

| TOTAL NUMBER OF STUDENTS IN FORANE LEVEL | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Name Of Forane | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Toal |
| Bathery | 117 | 156 | 141 | 173 | 166 | 161 | 153 | 177 | 155 | 155 | 166 | 131 | 1851 |
| Chungakkunnu | 184 | 190 | 204 | 200 | 196 | 250 | 209 | 198 | 226 | 247 | 244 | 217 | 2565 |
| Dwaraka | 119 | 100 | 89 | 110 | 104 | 90 | 88 | 114 | 102 | 123 | 112 | 128 | 1279 |
| Kallody | 103 | 118 | 136 | 129 | 104 | 127 | 115 | 153 | 134 | 141 | 146 | 127 | 1533 |
| Kalpetta | 157 | 129 | 121 | 156 | 150 | 159 | 142 | 163 | 164 | 141 | 104 | 159 | 1745 |
| Mananthavady | 209 | 208 | 192 | 202 | 196 | 237 | 206 | 187 | 229 | 220 | 252 | 221 | 2559 |
| Manimooly | 145 | 135 | 116 | 126 | 141 | 145 | 130 | 114 | 152 | 131 | 134 | 136 | 1605 |
| Mullenkolly | 246 | 251 | 308 | 255 | 261 | 242 | 243 | 234 | 251 | 285 | 268 | 270 | 3114 |
| Nadavayal | 233 | 233 | 258 | 238 | 251 | 219 | 226 | 261 | 258 | 257 | 238 | 246 | 2918 |
| Nilambur | 102 | 106 | 98 | 102 | 83 | 110 | 105 | 142 | 130 | 117 | 111 | 123 | 1329 |
| Nilgiris | 83 | 95 | 93 | 84 | 108 | 113 | 99 | 131 | 117 | 101 | 139 | 112 | 1275 |
| Payyampally | 110 | 106 | 119 | 116 | 123 | 121 | 124 | 126 | 141 | 119 | 141 | 119 | 1465 |
| Thariode | 137 | 145 | 138 | 137 | 147 | 170 | 150 | 154 | 131 | 143 | 143 | 147 | 1742 |
| **Total** | **1945** | **1972** | **2013** | **2028** | **2030** | **2144** | **1990** | **2154** | **2190** | **2180** | **2198** | **2136** | **24980** |

| TOTAL NUMBER OF TEACHERS IN FORANE LEVEL | | | | | | |
|---|---|---|---|---|---|---|
| Name Of Forane | Gents | Ladies | Sisters | Brothers | C.Team | Total |
| Bathery | 73 | 75 | 52 | 4 | | 204 |
| Chungakkunnu | 57 | 104 | 28 | 2 | | 191 |
| Dwaraka | 45 | 65 | 20 | 0 | | 130 |
| Kallody | 61 | 78 | 32 | 2 | | 173 |
| Kalpetta | 56 | 118 | 37 | 2 | | 213 |
| Mananthavady | 95 | 116 | 57 | 1 | | 269 |
| Manimooly | 49 | 62 | 34 | 1 | | 146 |
| Mullenkolly | 81 | 90 | 36 | 0 | | 207 |
| Nadavayal | 63 | 105 | 56 | 1 | | 225 |
| Nilambur | 48 | 87 | 24 | 0 | | 159 |
| Nilgiris | 53 | 70 | 32 | 1 | | 156 |
| Payyampally | 40 | 62 | 38 | 2 | | 142 |
| Thariode | 57 | 69 | 29 | 1 | | 156 |
| Total | 778 | 1101 | 475 | 17 | 28 | 2399 |

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

**SMART (Spiritual and Moral Animation to Rise Talents )**

നമ്മുടെ കുട്ടികൾ ഭൗതിക സുഖങ്ങളുടെ പിന്നാലെ പോകുന്ന ഒരുകാലഘട്ടമാണിത്. കമ്പ്യൂട്ടർ ഗയിമുകളിലൂടെയും വാട്സ് ആപ്പ് ചാറ്റിങ്ങിലൂടെയും അവരുടെ സമയത്തെ നശിപ്പിക്കുന്നു. ഒരു പറ്റം കുട്ടികൾ ഇവയെ ക്രിയാത്മകമായി കൈകാര്യം ചെയ്യുമ്പോൾ ഭൂരിഭാഗം പേർക്കും ഇത് ധാർമ്മിക-ആത്മീയ മൂല്യച്യുതിക്ക് കാരണമാകുന്നു. കേൾക്കുകയും കാണുകയും ചെയ്യുന്ന അശുഭകരമായ വാർത്തകൾ സ്ത്രീപീഡനം, പ്രകൃതിവിരുദ്ധപീഡനം, കൊലപാതകങ്ങൾ, രാഷ്ട്രീയ പകപോക്കൽ, അന്യായമായ സ്വത്ത് സമ്പാദനം, സമൂഹത്തിൽ മുൻപന്തിയിൽ നിൽക്കുന്നവരെക്കുറിച്ചുള്ള അപവാദ പ്രചരണങ്ങൾ എന്നിവ കുട്ടികളുടെ മനഃസാക്ഷിയെ തളർത്തുകയും നിസ്സംഗതയിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

പുതിയ തലങ്ങളിലേക്കുള്ള ആകർഷണം ഇന്ന് ആത്മഹത്യയിലേക്ക് നയിക്കുന്ന 'ബ്ലൂ വേയ്ൽ' ഗയിം വരെ എത്തിനിൽക്കുന്നു. കുട്ടികളുടെ മാനസികാവസ്ഥ മനസ്സിലാക്കാൻ മാതാപിതാക്കളും സമൂഹവും പരാജയപ്പെടുന്നു. നന്മയെന്നത് മന:സാക്ഷിയിൽ നിന്ന് മറഞ്ഞുതുടങ്ങി. മുതിർന്നവരും മുതിർന്നവരിലൂടെ കുട്ടികളും തെറ്റായ മന:സാക്ഷി രൂപപ്പെടുത്തി കഴിഞ്ഞു. കള്ളംപറയുന്നതും മോഷ്ടിക്കുന്നതും അശ്ലീലം പറയുന്നതുമൊക്കെ വലിയ തിന്മകളായിരുന്ന ഒരു സംസ്കാരത്തിലാണ് നാമൊക്കെ വളർന്നത്. പക്ഷേ പുതുതലമുറക്ക് ലൈംഗീക വൈകൃതങ്ങളും കൊലപാതകവും ആത്മഹത്യയുമൊക്കെ സുഖാനുഭവത്തിന്റെ ഭാഗമായി മാറി.

ഈ സാഹചര്യം കണക്കിലെടുത്ത് മാനന്തവാടി രൂപതാ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ 6,7,8 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി SMART (Spiritual and Moral Animation to Rise Talents) എന്ന പേരിൽ മേഖലാതലത്തിൽ, സെപ്റ്റംബർ മാസത്തിൽ ക്യാമ്പ് നടത്തുന്നു. ആത്മീയമായും ധാർമ്മികമായും കുട്ടികളെ പരിപോഷിപ്പിക്കുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. വ്യക്തിപരമായി

നല്ലൊരു മനഃസാക്ഷിയും ക്രിയാത്മകമായി നല്ലൊരു സമൂഹവും രൂപപ്പെടുത്തുവാനുള്ള ഈ യജ്ഞത്തിലേക്ക് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം, **ജോജോച്ചൻ**

**സെപ്റ്റംബർ മാസത്തിലെ പ്രവർത്തനങ്ങൾ**

**SMART ക്യാമ്പ്**

സെപ്റ്റംബറിൽ-മേഖലാ തലത്തിൽ 6,7,8 ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തപ്പെടുന്ന ഒരു ദിവസം താമസിച്ചുള്ള ക്യാമ്പിനുള്ള രജിസ്ട്രേഷൻ ശാഖാതലത്തിൽ ചെയ്ത് മേഖലാ ക്യാമ്പിൽ പങ്കെടുപ്പിക്കുക. മേഖലാ തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് റീജിയൺ തലത്തിൽ തുടർ പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

**ക്യാമ്പ് തീയതികൾ**

സെപ്റ്റംബർ 1, 2 – തരിയോട്, ബത്തേരി, മാനന്തവാടി മേഖലകൾ
സെപ്റ്റംബർ 6, 7 – ചുങ്കക്കുന്ന്, മുള്ളൻകൊല്ലി, ദ്വാരക മേഖലകൾ
സെപ്റ്റംബർ 29, 30 – നടവയൽ, കല്ലോടി, മണിമൂളി, നിലമ്പൂർ, പയ്യമ്പള്ളി മേഖലകൾ
ഒക്ടോബർ 1, 2 – നീലഗിരി റീജിയൺ

സപ്തതി സുകൃതം – 70 നന്മനിറഞ്ഞ മറിയമേ... എന്ന ജപം

**എട്ട് നോമ്പ്**

മിഷനുവേണ്ടിയും മിഷനറിമാർക്ക് വേണ്ടിയും ത്യാഗം ചെയ്ത് പ്രാർത്ഥിക്കുക.

**മാലിപറമ്പിലച്ചൻ അനുസ്മരണം**

സെപ്റ്റംബർ 3 – മിഷൻലീഗിന്റെ സ്ഥാപക ഡയറക്ടറായ ബഹുമാനപ്പെട്ട ജോസഫ് മാലിപറമ്പിലച്ചന്റെ 18-ാം വാർഷിക ചരമദിനം സെപ്റ്റംബർ 3 ന് അനുസ്മരിച്ച് പ്രാർത്ഥിക്കുമല്ലോ.

**വർഗീസ് മാസ്റ്റർ അനുസ്മരണം, സെപ്റ്റംബർ 11 തിങ്കൾ**

മാനന്തവാടി രൂപതയിലെ മിഷൻ ലീഗിന്റെ ആദ്യകാല സജീവ പ്രവർത്തകനും മുൻകാല രൂപതാ പ്രസിഡണ്ടും സെക്രട്ടറിയുമായിരുന്ന കണിയാരം ഇടവകാംഗമായ വർഗീസ് മാസ്റ്ററിന്റെ ചരമദിനം സെപ്റ്റംബർ 11 ന് കണിയാരം ശാഖയിൽ വച്ച് അനുസ്മരിക്കുന്നു.

**രൂപതാ സാഹിത്യ ശിൽപശാല (12.9.2017)**

സംസ്ഥാനമത്സരത്തിൽ പങ്കെടുക്കുന്നവർക്കുള്ള പരിശീലനം 12-9-2017 ന് ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നു.

**ടെലി ക്വിസ്സ്**

സെപ്റ്റംബർ മാസത്തിലെ ടെലിക്വിസ്സ് 17-9-2017 ന് നടത്ത

പ്പെടുന്നതാണ്. സമയം 3 മുതൽ 4 മണിവരെ. ഈ മാസത്തെ പഠന വിഷയം - വി.വിൻസെന്റ് ഡി പോൾ.

**സംസ്ഥാന സാഹിത്യ മത്സരം**

21-9-2017, 2017-18 വർഷത്തിലെ സംസ്ഥാന സാഹിത്യ മത്സരം 21-9-2017 ന് ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ്. മത്സരാർത്ഥികൾ 20-ാം തീയതി വൈകുന്നേരം ദ്വാരകയിൽ എത്തിച്ചേരണം.

**മിഷൻ രൂപത - ഫരീദബാദ് (മേഖല -മാനന്തവാടി )**

സെപ്റ്റംബർ മാസത്തിൽ നാം പ്രത്യേകമായി പ്രാർത്ഥിക്കുന്നത് ഫരീദാബാദ് രൂപതക്ക് വേണ്ടിയാണ്. മാനന്തവാടി മേഖലയിലെ അംഗ ങ്ങൾ ഫരീദാബാദ് രൂപതയ്ക്കുവേണ്ടി തങ്ങളുടെ സുകൃതങ്ങളും പ്രാർത്ഥനകളും പ്രത്യേകമായി സമർപ്പിക്കുമല്ലോ.

**മിഷൻ മാസാചരണം**

മിഷൻമാസാചരണത്തിലെ പ്രവർത്തനങ്ങൾക്ക് മാർഗരേഖ തയ്യാറാക്കുമല്ലോ. മിഷൻമാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രത്യേകമായി എഴുതി തരണം. ഏറ്റവും മികച്ച 10 ശാഖകൾക്ക് സമ്മാനം നൽകുന്നതാണ്.

**രൂപതാ ബൈബിൾ കലോത്സവം**

2017-18 വർഷത്തിലെ രൂപതാ ബൈബിൾ കലോത്സവം ഒക്ടോബർ 14 ന് ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ വച്ച് നടത്തുന്നതാണ്.

**ശാഖാ സന്ദർശനങ്ങൾ**

നീലഗിരി, നിലമ്പൂർ, മണിമൂളി മേഖലകളൊഴികെയുള്ള ഏതെങ്കിലും ശാഖകളിൽ മിഷൻ ലീഗിന്റെ രൂപതാ സന്ദർശനം നടന്നിട്ടില്ലെങ്കിൽ രൂപതാ ഓഫീസിൽ അറിയിക്കുകയും സെപ്തംബർ മാസത്തിലെ ഒരു തീയതി നിശ്ചയിക്കുകയും ചെയ്യാവുന്നതാണ്.

**സംഭാവന കൂപ്പൺ**

ആശാകിരണം ക്യാൻസർ ബോധവത്ക്കരണ പ്രവർത്തന ങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന സംഭാവന കൂപ്പൺ മുഴുവനും വിറ്റ് തീർത്തതിനു ശേഷം ഒക്ടോബർ 30 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രവർത്തന റിപ്പോർട്ടുകൾ**

**മേഖലാതല ദൈവവിളി സെമിനാർ**

പയ്യമ്പള്ളി മേഖലയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 12 ന് പയ്യമ്പള്ളിയിൽ വച്ച് അൾത്താരസംഘ അംഗങ്ങൾക്കായി ദൈവവിളി

സെമിനാർ നടത്തപ്പെട്ടു. റവ.ഫാ.സിബി മാടപ്പള്ളിക്കുന്നേൽ, റവ.ഫാ.സെബിൻ ഐക്കരതാഴത്ത്, ശ്രീ. ഷാജി ചന്ദനപറമ്പിൽ എന്നിവർ സെമിനാറിന് നേതൃത്വം നൽകി. ബഹുമാനപ്പെട്ട ജോണി പെരുമാട്ടിക്കുന്നേലച്ചനും ഭാരവാഹികൾക്കും നന്ദിയും അഭിനന്ദന ങ്ങളും.

നടവയൽ മേഖലയിൽവച്ച് ആഗസ്റ്റ് 12 ന് അൾത്താരബാല സംഗമവും ദൈവവിളി സെമിനാറും നടത്തപ്പെട്ടു. റവ.ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ, ശ്രീ.ഷാജി ചന്ദനപറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബഹുമാനപ്പെട്ട ജോസ് കപ്യാരുമലയിലച്ചനും ഭാരവാഹി കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**അൽഫോൻസാ കൺവെൻഷൻ**

തരിയോട് മേഖലയിൽ വച്ച് വി. അൽഫോൻസാ കൺവെൻഷൻ നടത്തപ്പെട്ടു. റവ.സി.ജസ്‌ലിൻ എഫ്.സി.സി, തങ്കച്ചൻ മാപ്പിളക്കുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട മാർട്ടിൻ പുതുശ്ശേരിയിലച്ചനും മേഖലാ ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**കുഞ്ഞേട്ടൻ അനുസ്മരണം**

11-8-2017 ന് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്ന് മിഷൻ ലീഗിന്റെ സ്ഥാപക നേതാവായ കുഞ്ഞേട്ടന്റെ എട്ടാം ചരമവാർഷിക ദിനം അനുസ്മരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**സ്മൃതി യാത്ര**

2016-17 വർഷത്തിലെ രൂപതയിലെ മികച്ച ശാഖകളായി തിരഞ്ഞെടുക്കപ്പെട്ട 10 ശാഖകളിലെ പ്രതിനിധികളുമായി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ കുഞ്ഞേട്ടന്റെ കബറിടത്തിങ്കലേക്ക് സ്മൃതിയാത്ര നടത്തി. ചെമ്മലമറ്റത്ത് വച്ച് നടന്ന സംസ്ഥാനതല കുഞ്ഞേട്ടൻ അനുസ്മരണത്തിൽ പങ്കെടുത്തു.

**ബർക്കുമാൻസ് ദിനം**

ആഗസ്റ്റ് 13 അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥനായ വി.ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ദിനം, ആഗസ്റ്റ്-13, ഞായറാഴ്ച പറളിക്കുന്ന് ശാഖയിൽ വച്ച് ആചരിച്ചു. അൾത്താര ശുശ്രൂഷികൾക്ക് സമ്മാനം നൽകി.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാ മിഷൻ ലീഗിന്റെ ജോയിന്റ് ഡയറക്ടറായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട സി.ലിസ്സ അലക്സ് SKD യുടെ പിതാവായ മഠത്തിക്കുന്നേൽ അലക്സാണ്ടറിന്റെ നിര്യാണത്തിൽ

രൂപതാകുടുംബം അനുശോചനം അറിയിക്കുകയും സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

**ടീം മീറ്റിംഗ്, ക്യാമ്പ് ഒരുക്കം**

20-8-2017 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ടീം അംഗങ്ങളുടെ മീറ്റിംഗ് നടത്തി. SMART ക്യാമ്പിന് ഒരുക്കമായി വിഷയങ്ങൾ പഠിച്ച് അവതരിപ്പിച്ചു. ജിജിൽ കിഴക്കരക്കാട്ട്, ഷാജി ചന്ദനപറമ്പിൽ, സിനീഷ് ആപ്പുഴയിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 25 പേർ മീറ്റിംഗിൽ പങ്കെടുത്തു.

**ശാഖാ വാർത്തകൾ**

*ചുങ്കക്കുന്ന്*:-ലോഗോസ്, വി. അൽഫോൻസാമ്മ, സി.എം.എൽ സംഘടന, എന്നീ വിഷയങ്ങളെക്കുറിച്ച് ടെലി ക്വിസ്സ് നടത്തി-25 പേർ പങ്കെടുത്തു-4 പേർ സമ്മാനാർഹരായി, വിവിധ കലാപരിപാടികളോടെ സാഹിത്യ സമാജം ഉദ്ഘാടനം ചെയ്തു, എന്നും പള്ളിയിൽ വരുന്ന 75-വയസ്സിൽ കൂടുതൽ പ്രായമുള്ള ദമ്പതികളെ ആദരിച്ചു.

*ശാന്തിഗിരി*:- സാഹിത്യ പരിശീലനം നടത്തി, ഫണ്ട് ശേഖരണാർത്ഥം മിഷൻലീഗ് അംഗങ്ങൾ വാഴ, ചേന ഇവ നട്ടു, ലോഗോസ് പരിശീലനം നടത്തി, കുട്ടികൾ ഗ്രൂപ്പുകളിൽ വചന സന്ദേശം നൽകി.

*ഒറ്റപ്ലാവ്*:- മിഷൻ ഗ്രാമങ്ങൾക്ക് വേണ്ടി പ്രാർത്ഥനയും, കരുണ കൊന്തയും നടത്തി, ദുക്റാനതിരുനാൾ ആഘോഷിച്ചു, വി.അൽഫോൻസാമ്മയുടെ തിരുനാൾ ദിനം എല്ലാവരും നൊവേനയിൽ പങ്കെടുത്തു. വി.കുർബാനയിൽ സംബന്ധിച്ച് പൊതുദിവ്യകാരുണ്യസ്വീകരണം നടത്തി, വിശുദ്ധരെ പരിചയപ്പെടുത്തുകയും, ലോഗോസ് പരിശീലനം നൽകുകയും ചെയ്തു. വിവാഹ സഹായവും, രോഗീ സഹായവും നൽകി, ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

*കൊട്ടിയൂർ*:- മിഷൻ സഹായനിധി, പ്രവർത്തന മാർഗ്ഗരേഖ, എന്നിവയുടെ ഉദ്ഘാടനം റവ. ഫാ.റോയി വട്ടക്കാട്ടിൽ നിർവ്വഹിച്ചു. പ്ലസ്വൺ, പ്ലസ്ടു ക്ലാസ്സുകളിൽ ഫുൾ എപ്ലസ് കിട്ടിയകുട്ടികൾക്ക് മെഡൽ, ക്യാഷ് അവാർഡ് എന്നിവ നൽകി. മിഷൻലീഗിന്റെ നേതൃത്വത്തിൽ ആദരിച്ചു. റവ.സി.ലിസ SKD രൂപത വിസിറ്റ് നടത്തി. എല്ലാ ഞായറാഴ്ചകളിലും ക്ലാസ്സ് അടിസ്ഥാനത്തിൽ വിശുദ്ധരുടെ ഫീസ്റ്റ് ആഘോഷിക്കുകയും വിശുദ്ധരെ പരിചയപ്പെടുത്തുകയും ചെയ്തു. ഏയ്ഞ്ചൽ മീറ്റ് നടത്തി. മേഖല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. സപ്തതി സുകൃതങ്ങൾ ചെയ്യുന്നതിന് ഓരോ മാസവും ക്ലാസ്സ് അടിസ്ഥാനത്തിൽ നേതൃത്വം വഹിക്കുന്നു.

*അമ്പായത്തോട്*:- ദിവ്യകാരുണ്യ ആരാധന നടത്തി, സെന്റ് തോമസ് ഡെ ആഘോഷിച്ചു, സാഹിത്യ പരിശീലനം നൽകി, വി.അൽഫോസാമ്മയുടെ തിരുനാൾ ആഘോഷിച്ചു, വാർഡ് തലത്തിൽ കുടുംബ ബൈബിൾക്വിസ്സ് നടത്തി വിജയിച്ചവർക്കായി മെഗാക്വിസ്സ് നടത്തി സമ്മാനങ്ങൾ നൽകി, മാർഗ്ഗരേഖ പ്രകാശനം ചെയ്തു.
*പയ്യമ്പള്ളി*:-മാർഗ്ഗരേഖ പ്രകാശനം നടത്തി. വിവിധ കലാപരിപാടികളോടെ സെന്റ് തോമസ് ഡേ ആഘോഷിച്ചു. തോമാശ്ലീഹായെക്കുറിച്ചുള്ള വീഡിയോ പ്രദർശനം നടത്തി. മിഷൻപ്രയർബാങ്ക് ആരംഭിച്ചു. സാഹിത്യശിൽപശാലയും മത്സരവും, രോഗീസന്ദർശനവും, ഭവനസന്ദർശനവും നടത്തി. വിശുദ്ധരെ പരിചയപ്പെടുത്തി.
*തൃശ്ശിലേരി*:- മിഷൻലീഗ് അംഗങ്ങൾക്ക് അർദ്ധദിന സെമിനാർ നടത്തി. ശ്രീ.ജോൺസൺ വടക്കേക്കര ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ശാഖാ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. ദുക്റാന തിരുനാളിൽ ഒന്നാം ഗ്രൂപ്പുകാർ മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചു. സാഹിത്യമത്സര പരിശീലനം നടത്തി, പള്ളിയും പരിസരവും വൃത്തിയാക്കി.
*എടയൂർക്കുന്ന്*:-വി.തോമാശ്ലീഹായുടെ തിരുനാൾ വിവിധ പരിപാടികളോടെ ആഘോഷിച്ചു. സപ്തതിയുടെ നിറവിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ -70 വിശ്വാസപ്രമാണം ചൊല്ലി.
*കമ്മന*:-റവ. ഫാ.ലാൽ പൈനുങ്കലിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. വി.തോമാശ്ലീഹായുടെ തിരുനാൾ വിവിധ പരിപാടികളോടെ ആഘോഷിച്ചു. തോമസ് നാമധാരികളെ ആദരിച്ച് പൂച്ചെണ്ടു നൽകി. വി. മരിയഗൊരേത്തിയുടെ തിരുനാളിന് സി.മരിയറ്റയ്ക്ക് പൂച്ചെണ്ടു നൽകി തിരുനാൾ ആശംസകൾ നേർന്നു. മേഖലാ രൂപതാ സാഹിത്യ മത്സരത്തിൽ 20 പേർ പങ്കെടുത്തു.
*ഏലപ്പീടിക*:- കൊളാഷ് മത്സരം നടത്തി, സെന്റ് തോമസ് ഡേ ആഘോഷിച്ചു, ഗ്രൂപ്പ് അടിസ്ഥാനത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു, വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു, തോമസ് നാമധാരികളെ ആദരിച്ചു, ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി, ജീസസ്സ് ചിൽഡ്രൻസ് ഹോം സന്ദർശിച്ച് 2350 രൂപയും, ഭക്ഷണസാധനങ്ങളും നൽകി, ഗാനപരിശീലനം നടത്തി, ദൈവവിളിക്കു വേണ്ടി ആരാധന നടത്തി, ബാഡ്ജ് ഡേ ആചരിച്ചു, ഗവൺമെന്റ് ഹോസ്പ്പിറ്റൽ സന്ദർശിച്ച് 5000 രൂപ സഹായം നൽകി.
*യവനാർകുളം*:- ദുക്റാന തിരുനാളും, വി.അൽഫോൻസാമ്മയുടെ തിരുനാളും ആഘോഷിച്ചു. അസാധാരണ സമ്മേളനം നടത്തി.

സാഹിത്യ സമാജം ഉദ്ഘാടനം ചെയ്തു. ശാഖാ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. മേഖലാ രൂപതാ സാഹിത്യ മത്സരത്തിൽ 19 പേർ പങ്കെടുത്തു.
*പുതിയിടം*:- സെന്റ് തോമസ് ഡേ, ഡയറക്ടർ റവ.ഫാ.മനോജ് തോട്ടുംങ്കരയുടെ നാമഹേതുക തിരുനാൾ, എന്നിവ ആഘോഷിച്ചു. എല്ലാ തോമസ് നാമധാരികളെയും ആദരിച്ചു, കാണിക്ക ഉദ്ഘാടനം പളളിയിലെ കൈക്കാരന്മാരിൽ നിന്നും സ്വീകരിച്ചുകൊണ്ട് ഡയറക്ടറച്ചൻ നിർവ്വഹിച്ചു. സാഹിത്യമത്സരത്തിൽ 13-പേർ പങ്കെടുത്തു. കാണിക്കക്കായി ഞായറാഴ്ച പൊതുപിരിവ് നടത്തി കിട്ടിയ തുക രൂപതയിൽ ഏൽപ്പിച്ചു. മതാദ്ധ്യാപകരുടെ നേതൃത്ത്വത്തിൽ ഗ്രൂപ്പ് മീറ്റിംഗ് ആരംഭിച്ചു. വി.കുർബാനയിലെ പ്രാർത്ഥനയുടെ പരിശീലനം നൽകി.
*പോരൂർ*:- സി.എം.എൽ അംഗങ്ങളെ 4 ഗ്രൂപ്പുകളാക്കി തിരിച്ച് ഈ വർഷത്തെ വിവിധ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു. എല്ലാ ഗ്രൂപ്പുകൾക്കും പ്രാതിനിത്യം ലഭിക്കുന്ന വിധത്തിൽ ദുക്റാന തിരുനാളിന്റെ ആഘോഷപരിപാടികൾ നടത്തി. വിശുദ്ധരുടെ ജീവചരിത്രവുമായി ബന്ധപ്പെടുത്തി പ്രത്യേക ശേഖരം നടത്തി, എന്റെ ക്ലാസ്സിന് ഒരു തിരുവചനം കുട്ടികളും ക്ലാസ്സ് ടീച്ചറും നോട്ടുബുക്കിൽ ഒരു തിരുവചനം എഴുതി. വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധയുടെ ജീവചരിത്രത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു.
*പാറത്തോട്ടം*:- ഭവനസന്ദർശനം നടത്തി അംഗങ്ങളിൽ നിന്ന് ശേഖരിച്ച സാധനങ്ങൾ പാവപ്പെട്ട കുടുംബത്തിന് നൽകി. വി.തോമാശ്ലീഹായുടെ തിരുനാൾ വിവിധ പരിപാടികളോടെ ആഘോഷിച്ചു. വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ മീറ്റിംഗിൽ നാമധാരികൾക്ക് ആശംസകൾ നേർന്നു. മിഷൻ ഗ്രാമ (ഫരീദാബാദ്)ത്തിനുവേണ്ടി ആരാധന നടത്തി പ്രാർത്ഥിച്ചു. വിശുദ്ധരുടെ ജീവിതത്തെക്കുറിച്ച് ചാർട്ട് ഉണ്ടാക്കി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു. സിമിത്തേരി വൃത്തിയാക്കി.
*ആലാറ്റിൽ*:- മിഷനുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി, കൊളാഷ് മത്സരം (പരിസ്ഥിതി സംരക്ഷണം) വിശുദ്ധരുടെ ജീവചരിത്ര ശേഖരണം, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി.
*കുഞ്ഞോം*:- മെഡിക്കൽ ക്യാമ്പ് നടത്തി, പൂന്തോട്ടം വൃത്തിയാക്കി, മിഷൻലീഗിന്റേയും, വേദപാഠത്തിന്റേയും വാർഷികം സംയുക്തമായി ആഘോഷിച്ചു.

*പുതുശ്ശേരി*:- സാഹിത്യ ശിൽപശാല നടത്തി. മിഷൻ ഗ്രാമത്തിനു വേണ്ടി കരുണകൊന്തചൊല്ലി പ്രാർത്ഥിച്ചു. വി.അൽഫോൻസാമ്മയുടെ തിരുനാളിനുവേണ്ടി 9 ദിവസം നൊവേന ചൊല്ലി പ്രാർത്ഥിച്ചു. വി.അൽഫോൻസാമ്മയുടെ സുകൃതങ്ങങ്ങളെകുറിച്ച് കുട്ടികൾക്ക് അവ ബോധം നൽകി. വ്യക്തിത്വ വികസനത്തെകുറിച്ച് സി.എം.എൽ അംഗങ്ങൾക്കായി സെമിനാർ നടത്തി. വൈദിക വിദ്യാർത്ഥികൾക്കായി പലതുള്ളി ഫണ്ട് സമാഹരിച്ചു. സംഘടനയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ ചാർട്ട് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു.
*പുതിയിടംകുന്ന്*:- വി. അൽഫോൻസാമ്മയുടെയും, വി.തോമാശ്ലീഹാ യുടെയും തിരുനാളുകൾ ആഘോഷിച്ച് വിവിധ കലാപരിപാടികൾ നടത്തി. വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ക്വിസ്സ് പ്രോഗ്രാം നടത്തി.
*ദ്വാരക*:- ദുക്റാന തിരുനാളിനോടനുബന്ധിച്ച് ബൈബിൾ കലാപരിപാടികൾ, വിജയോത്സവം, പ്രവർത്തന വർഷ ഉദ്ഘാടനം എന്നിവ നടത്തി. 'ആരോഗ്യം സംരക്ഷിക്കുക' എന്ന വിഷയത്തെ അടിസ്ഥാനമാക്കി മാതാപിതാക്കൾക്കും, ഇടവകയിലെ മുഴുവൻ കുട്ടികൾക്കും ശ്രീ. ആന്റണി വൈദ്യരുടെ നേതൃത്വത്തിൽ സെമിനാർ നടത്തി.
*കാരക്കാമല*:- വി.തോമാശ്ലീഹായുടെ നാമധാരിയായ ശാഖാ ഡയറക്ടറുടെ ഫീസ്റ്റ് ആഘോഷിച്ചു. വി.തോമാശ്ലീഹ, വി.അൽഫോൻ സാമ്മ എന്നിവരെ കുറിച്ചുള്ള ക്വിസ്സ് പ്രോഗ്രാം നടത്തി, ടെലിഫിലിം കാണിച്ചു. രോഗീ സന്ദർശനം നടത്തി സഹായമായി 2500 രൂപ നൽകി, ഭവന നിർമ്മാണത്തിന് 35000 രൂപ സംഭാവന നൽകി. ജന്മദിനം ആഘോഷിക്കുന്ന അദ്ധ്യാപകർക്കും, കുട്ടികൾക്കും ആശംസകൾ നേർന്നു. മാർഗ്ഗരേഖ പ്രകാശനവും, സപ്തതി ഉദ്ഘാടനവും നടത്തി.
*ബത്തേരി*:- ഡോൺ ബോസ്കോ കോളേജിൽ നടന്ന അതിക്രമങ്ങൾ ക്കെതിരെ പ്രതിഷേധ കൂട്ടായ്മ നടത്തി. 19 വർഷം മതാധ്യാപികയായി സേവനമനുഷ്ഠിച്ച ലിസി കുഴിവേലിൽ ടിച്ചറിന് ആശംസകൾ നേർന്ന് ഉപഹാരം നൽകി.
*മൊതക്കര*:- സമരിറ്റൻ ഭവൻ സന്ദർശിച്ച് സഹായം നൽകി, വി.അൽഫോൻസ ക്വിസ്സ്, മിഷൻ ക്വിസ്സ് എന്നീ മത്സരങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തി.
*ചെലോട്*:- ലഹരിവിരുദ്ധ ക്ലബ് മീറ്റിംഗ് ചേർന്ന് ക്ലബിന് -ഫിനിക്സ്-എന്ന നാമം നൽകി. ലഹരിക്കെതിരെ എല്ലാ ആഴ്ചയും

ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. സപ്തതി വർഷം ഉദ്ഘാടനം ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു.

*കാവുമന്ദം:-* അബ്ദുൾ കലാം അനുസ്മരണം, ഗ്രൂപ്പ് കലാപരിപാടി എന്നിവ നടത്തി.

*കോട്ടത്തറ:-* മാതാവിന്റെ ഗ്രോട്ടോയും പരിസരവും വൃത്തിയാക്കി. ഇടവകയിൽ നിന്നുള്ള വൈദികർക്കും, വൈദിക വിദ്യാർത്ഥികൾക്കും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രോഗിസന്ദർശനം നടത്തി. പാട്ട് പരിശീലനം നടത്തി.

*മഞ്ഞൂറ:-* ആരാധന, ജന്മദിനം, സൺഡേസ്റ്റാർ, വി.തോമാശ്ലീഹായുടെ തിരുനാൾ, കലാപരിപാടികൾ എന്നിവ നടത്തി. മഴക്കാലരോഗങ്ങളെക്കുറിച്ചുള്ള അർദ്ധദിന സെമിനാർ നടത്തി. പച്ചക്കറിതോട്ടനിർമ്മാണം, ഔഷധതോട്ട നിർമ്മാണം, രോഗി സന്ദർശനം എന്നിവ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തി. പ്ലസ്വൺ, പ്ലസ്ടു വിദ്യാർത്ഥികൾക്ക് അർദ്ധദിനസെമിനാർ നടത്തി. തിരുബാല സഖ്യത്തിലെ കുട്ടികൾക്ക് വചനം എഴുത്ത് മത്സരംനടത്തി. ഒരു ക്യാൻസർ രോഗിക്ക് സഹായമായി 5000-രൂപനൽകി. സി.എം.എൽ ലക്ഷ്യം, പ്രസക്തി എന്നിവയെ ക്കുറിച്ച് സെമിനാർനടത്തി. വി.അൽഫോൻസാമ്മയുടെ തിരുനാൾ, പൊതുദിവ്യകാരുണ്യ സ്വീകരണം, അസാധാരണ സമ്മേളനം, വി.അൽഫോൻസ നാമധാരികളെ ആദരിക്കൽ എന്നിവ നടത്തി. ശാഖാഡയറക്ടർ, ഹെഡ്മാസ്റ്റർ, സി.എംഎൽ പ്രസിഡണ്ട് എന്നിവരുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

*പുതുശ്ശേരിക്കടവ്:-* ദുക്റാന തിരുനാൾ ആഘോഷം നടത്തി.

*പന്തിപൊയിൽ:-* മേഖലാ രൂപതാ സാഹിത്യ മത്സരത്തിൽ 24 പേർ പങ്കെടുത്തു, കാവുംമന്ദത്തു വെച്ചു നടന്ന വി. അൽഫോൻസ കൺവെൻഷനിൽ 7 പേർ പങ്കെടുത്തു, ബൈബിൾ ക്വിസ്സ് മത്സരം നടത്തി, വിശുദ്ധരെ പരിചയപ്പെടുത്തൽ മത്സരത്തിൽ 9 കുട്ടികൾ പങ്കെടുത്തു, ഒന്നാം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ വി.തോമാശ്ലീഹായുടെ തിരുനാൾ വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു.

*ചാരിറ്റി:-* പ്രേഷിത റാലി നടത്തി. ബൈബിൾ കലാപരിപാടികൾ അവതരിപ്പിച്ചു. തിരുബാല സഖ്യത്തിന് അർദ്ധദിന സെമിനാർ നടത്തി, വിവിധ കലാമത്സരങ്ങൾ നടത്തി, ജൂണിയർ എക്സിക്യൂട്ടീവിനെ തിരഞ്ഞെടുത്തു, പ്രസംഗ മത്സരം നടത്തി. കരുണയുടെ തീരം വൈത്തിരി ഓർഫനേജ് സന്ദർശിച്ചു-അവർക്ക് എമർജൻസി ലൈറ്റ് സമ്മാനമായി നൽകി. കുട്ടികൾക്ക് മധുര പലഹാരം വിതരണം ചെയ്തു. പളളിപരിസരം, കമ്മ്യൂണിറ്റിഹാൾ, ഗ്രോട്ടോ എന്നിവ

വൃത്തിയാക്കി. ഒലിവുമല വികാരി റവ.ഫാ.ജയിസൺ മഠത്തിപറമ്പിലിന് നാമഹേതുക തിരുനാൾ (വി.യാക്കോബ്) മംഗളങ്ങൾ നേർന്നു.

*ചൂരൽമല*:- വികാരിയച്ചനും, മിഷൻ ഗ്രാമത്തിലെ ഡയറക്ടറച്ചനും ഫീസ്റ്റിന് കാർഡ് അയച്ചു. തോമസ് നാമധാരികളെ ആദരിച്ചു. സെന്റ് തോമസ് ഡേയ്ക്ക് കലാപരിപാടികൾ അവതരിപ്പിച്ചു. ലോഗോസ് ഒരുക്കം നടത്തി. ബൈബിൾ വായന പരിശീലനം നൽകി. സെമിനാർ നടത്തി. തൂങ്കുഴി പിതാവിന് നാമഹേതുക തിരുനാൾ ആശംസ കാർഡ് അയച്ചു.

*കൊളവയൽ*:- പ്രാർത്ഥനയോടെ പുതിയ അദ്ധ്യായന വർഷത്തിന് തുടക്കം കുറിച്ചു, ഭാരവാഹികളെ തിരഞ്ഞെടുക്കുകയും വിദ്യാഭ്യാസ സഹായമായി 3000 രൂപ നൽകുകയും കൊളവയൽ എൽ.പി.സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു, വി.ജോൺ മരിയ വിയാനി തിരുനാളിനോടനുബന്ധിച്ച് വികാരിയച്ചന് സ്നേഹോപഹാരം നൽകി ആദരിച്ചു.

*നെടുമ്പാല*:- സെന്റ് തോമസ് ഡേ പ്രോഗ്രാം നടത്തി, ഡയറക്ടറച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു, ശാഖാ സന്ദർശനത്തോടനുബന്ധിച്ച് മിഷൻലീഗിനെക്കുറിച്ച് അർദ്ധദിന സെമിനാർ നടത്തി.

*ഒലിവുമല*:- വി.തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ മേഖല ബൈബിൾ സ്കിറ്റിൽ ഒലിവുമല ഒന്നാം സ്ഥാനം കരസ്ഥമാക്കി. ദുക്റാന തിരുനാളിനോടനുബന്ധിച്ച് പ്രേഷിത റാലി നടത്തി. ജൂലൈ 25 ന് വികാരിയച്ചന് നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു. മേഖലാ രൂപതാ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. വി.അൽഫോൻസാമ്മയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. മഴക്കുഴി നിർമ്മാണം നടത്തി.

*വാഴവറ്റ*:- പ്രായമായ മാതാപിതാക്കന്മാരെ സന്ദർശിക്കുകയും ആത്മീയ ശുശ്രൂഷകൾക്കായ് ഒരുക്കുകയും ചെയ്തു, സെന്റ് തോമസ് ഡേ വളരെ ഭംഗിയായി ആഘോഷിച്ചു, രോഗീ സന്ദർശനം നടത്തി.

*വൈത്തിരി*:- വി.തോമാശ്ലീഹാ കൺവെൻഷന് സ്കിറ്റ് അവതരിപ്പിച്ചു. മിഷൻ ഗ്രാമത്തിനായി ഒരു ദിവസം ഉപവാസവും, ആരാധനയും നടത്തി. ശാഖയിൽവച്ചു നടത്തിയ മഴക്കാലരോഗങ്ങളും അതിന്റെ പ്രതിവിധിയും എന്ന വിഷയത്തെക്കുറിച്ചുള്ള ക്ലാസ്സിൽ മുഴുവൻ അംഗങ്ങളും പങ്കെടുത്തു. എല്ലാ ഞായറാഴ്ചയും രോഗികളെ സന്ദർശിക്കുകയും ആവശ്യമുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.

*ബത്തേരി*:- ശാഖയിൽ പ്രാർത്ഥനാ ഗ്രൂപ്പ് രൂപീകരിക്കുകയും എല്ലാ വെള്ളിയാഴ്ചകളിലും ഒരുമിച്ച് ചേർന്ന് മിഷനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*തോമാട്ടുചാൽ*:- ശാഖാ വാർഷികം വിവിധ പരിപാടികളോടെ ആഘോഷിച്ചു, എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയ്ക്ക് ഉന്നത വിജയം നേടിയവരെ സമ്മാനങ്ങൾ നൽകി ആദരിച്ചു, നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു, വി.അൽഫോൻസാ നാമധാരികളെ ആദരിച്ചു, പ്രേഷിത റാലി നടത്തി, മിഷൻ വാഴ നട്ടു, ലൈബ്രറി ഉദ്ഘാടനം ചെയ്തു. ലോഗോസ് പരിശീലനം നടത്തി, കുട്ടികളുടെ ജന്മദിനം ആഘോഷിച്ചു, ജപമാല പ്രാർത്ഥന നടത്തി, ഭവന സന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

*മീനങ്ങാടി*:- മഴക്കുഴി നിർമ്മാണം നടത്തി. സുകൃത പൂച്ചെണ്ട് പദ്ധതി ആരംഭിച്ചു. സെയിന്റ്സ് ലൈബ്രറി ആരംഭിച്ചു.

*വടക്കനാട്*:- ശാഖയിലെ അംഗങ്ങളെല്ലാവരും ചേർന്ന് പൂന്തോട്ടം നിർമ്മിച്ചു.

*ചുണ്ടക്കര*:- വി.ഏലിയാനിവ്യായുടെ തിരുനാൾ ആഘോഷിച്ചു. മാതാപിതാക്കൾക്കു വേണ്ടിയുള്ള സെമിനാർ നടത്തി.

*കണിയാമ്പറ്റ*:- സെന്റ് തോമസ് ഡേ ആഘോഷിച്ചു, വികാരിയച്ചന്റെ നേതൃത്വത്തിൽ മഴക്കുഴി നിർമ്മിച്ചു. പരിസര ശുചീകരണം, പൂന്തോട്ട നിർമ്മാണം എന്നിവ നടത്തി, അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ആരാധന, ക്വിസ്സ് മത്സരം, കലാപരിപാടികൾ എന്നിവ നടത്തി.

*പറളിക്കുന്ന്*:- വി.തോമാശ്ലീഹായുടെ തിരുനാൾ ആചരിച്ചു, വി.ബലിയിൽ നാമധാരികളെ അനുസ്മരിച്ച് പ്രാർത്ഥിക്കുകയും, ആശംസകൾ നേരുകയും ചെയ്തു, വി.തോമാശ്ലീഹായുടെ തിരുനാൾ വിവിധ പരിപാടികളോടെ ആഘോഷിച്ചു, ബഹു.ഡയ.റവ.ഫാ.ജോസ് കപ്യാരുമലയിൽ സാഹിത്യശിൽപശാലയ്ക്ക് നേതൃത്വം വഹിക്കുകയും സാഹിത്യ മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം കൊടുക്കുകയും, പ്രവർത്തനവർഷ ഉദ്ഘാടനം ചെയ്ത് സപ്തതി ദീപം തെളിയിച്ചു. ബഹു.വികാരിയച്ചന്റെ ജന്മദിനത്തിൽ പ്രാർത്ഥിച്ച് ആശംസകൾ നേർന്നു. വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന സമർപ്പിതരെ അനുസ്മരിച്ച് പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു.

*കുറുമ്പാലക്കോട്ട*:- സെന്റ് തോമസ് ഡേ, സി.എം.എൽ ശാഖാ വാർഷികവും സംയുക്തമായി ആചരിച്ചു. വി. കുർബാനയിലെ സജ്ജീവ പങ്കാളിത്ത്വത്തെകുറിച്ച് ക്ലാസ്സ് സംഘടിപ്പിച്ചു.

*പനമരം*:- നവജ്യോതി ഓൾഡേജ് ഹോമിലെ അമ്മമാരോടൊത്ത് സൗഹൃദസംഭാഷണം നടത്തി, സ്നേഹവിരുന്നിൽ പങ്കെടുത്ത്, വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു, ദൈവവിളിക്കായി ആരാധന നടത്തി, വി.തോമാശ്ലീഹാ, പരി.കർമ്മലമാതാവ്, വി.യാക്കോബ് ശ്ലീഹ, വി. അൽഫോൻസ എന്നീ വിശുദ്ധരുടെ തിരുനാളുകളിൽ ആരാധന നടത്തി ആശംസകൾ നേർന്നു.

*അമരക്കുനി*:- സാഹിത്യമത്സരത്തിൽ ശാഖയിൽ നിന്നും 28 കുട്ടികൾ പങ്കെടുത്തു, മിഷൻ ഗ്രാമത്തിനു വേണ്ടി ഉപവാസ ദിനം, രോഗീ സന്ദർശനം, ഭവന സന്ദർശനം, അൾത്താര സംഗമം, മഴയ്ക്കു വേണ്ടി ആരാധന എന്നിവ നടത്തി.

*ഇരുളം*:- എല്ലാ ഞായറാഴ്ചയും സൺഡേ സ്റ്റാറിനെ തിരഞ്ഞെടുക്കുന്നു, ജന്മദിനാശംസ നേർന്ന് സമ്മാനം നൽകുന്നു, ലോഗോസ് പരിശീലനം നടത്തുന്നു, മഴക്കുവേണ്ടി പ്രത്യേക ആരാധന നടത്തി, സാഹിത്യ ശിൽപശാലയും മത്സരവും നടത്തി, നാമഹേതുക തിരുനാൾ ആഘോഷിച്ച സജിയച്ചന് സി.എം.എൽ അംഗങ്ങൾ ആശംസകൾ നേർന്നു, വി. അൽഫോൻസാമ്മയെ പരിചയപ്പെടുത്തുകയും രോഗീ സന്ദർശനം, സിമിത്തേരി സന്ദർശനം ഇവ നടത്തുകയും ചെയ്തു.

*സീതാമൗണ്ട്*:- ബഹു.ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആചരിച്ചു, കുര്യാക്കോസ് നാമധാരികളായ എല്ലാവർക്കും ആശംസകൾ അർപ്പിച്ചു, വി.തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു. വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ശാഖാംഗങ്ങൾക്ക് അൽഫോൻസാ സൂക്തമത്സരം നടത്തി, സമ്മാനങ്ങൾ നൽകി, എല്ലാ ഞായറാഴ്ചകളിലും വചനതാരങ്ങളെ കണ്ടെത്തി വചനം പറയിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

*ധർമ്മഗിരി:*- അരി ശേഖരിച്ച് വിതരണം ചെയ്തു, മിഷൻ ഗ്രാമത്തിലേയ്ക്ക് കത്തും, പഠനോപകരണങ്ങളും അയയ്ച്ചു കൊടുത്തു, പഠന സഹായം, രോഗീ സഹായം എന്നിവ നൽകി, എന്റെ മിഷൻലീഗ് - മിഷൻലീഗിനെകുറിച്ചുള്ള പഠനം നടത്തി.

*കയ്യൂന്നി:*- വി.തോമാശ്ലീഹായുടെ തിരുനാളും, ബഹു.ഡയറക്ടറച്ചന്റെ നാമഹേതുകതിരുനാളും സമുചിതമായി ആഘോഷിച്ചു, 1000 രൂപ വിദ്യാഭ്യാസ സഹായമായി നൽകി, അമ്മമാർക്കു വേണ്ടി അർദ്ധദിന സെമിനാർ നടത്തി, ഏകദിന ധ്യാനം നടത്തി, 70 വയസ്സിന് മുകളിൽ

പ്രായമായവരെ ആദരിച്ചു, ലഹരി വിരുദ്ധ ക്ലബ് രൂപീകരിച്ച് ലഹരി വിരുദ്ധ ദിനം ആചരിച്ചു.
*കൽപ്ര:-* വി.തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു, തോമസ് നാമധാരികളായ ബഹു.ഡയറക്ടർ അച്ചനും, അംഗങ്ങൾക്കും തിരുനാൾ ആശംസകൾ നേർന്നു, സെന്റ് തോമസ് ഗ്രൂപ്പിന്റെ കലാപരിപാടികൾ 9.7.2017-ന് അവതരിപ്പിച്ചു, ശ്രീ.രമേശ് സാറിന്റെ നേതൃത്വത്തിൽ നടത്തിയ റോഡ് സുരക്ഷയെകുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു, ഡോ.എ.പി.ജെ. അബ്ദുൾ കലാമിന്റെ ചരമദിനത്തോടനുബന്ധിച്ച് ഇന്ത്യ 2020-എന്ന വിഷയത്തെകുറിച്ച് അർദ്ധസെമിനാർ നടത്തി, പ്ലസ്ടു പരീക്ഷയിൽ 1 ഉം, 2 ഉം, 3 ഉം -സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്ക് ചേലക്കമാക്കൽ ജോർജ്ജ് ചേട്ടന്റെ അനുസ്മരണാർത്ഥമുള്ള ക്യാഷ് അവാർഡ് ഡയറക്ടർ റവ.ഫാ.തോമസ് കാട്ടുതുരുത്തി വിതരണം ചെയ്തു, വി.അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു, പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി, ഏതാനും വീടുകളിൽ മഴക്കുഴികൾ നിർമ്മിച്ചു.
*മൺവയൽ:-* പാവപ്പെട്ട ഒരു കുടുംബത്തിന് 5000 രൂപ രോഗീ സഹായമായി നൽകി, ഒരു കുടുംബത്തിന് ആവശ്യമായ വിറക് എത്തിച്ചു കൊടുത്തു.
*പനംചിറ:-* ഫാ.ടോം ഉഴുന്നാലിന്റെ മോചനത്തിനായ് ഉപവാസം നടത്തി, വി.ബലിയിലും, ആരാധനയിലും പ്രത്യേക നിയോഗം വച്ചു പ്രാർത്ഥിച്ചു, സാമ്പത്തിക തകർച്ചയനുഭവിക്കുന്ന ഒരു കുടുംബത്തിനുവേണ്ടി രോഗീ സഹായം നൽകി, വി.ജോൺ മരിയ വിയാനിയുടെ തിരുനാളിൽ മേഖലയിലെ എല്ലാ ഇടവക വൈദികർക്കും ആശംസാ കാർഡുകൾ അയച്ചു, അന്നേദിനം വി.ബലിയിൽ ജോസ് പിതാവിനും എല്ലാ വൈദികർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു, ബഹു. ഡയറക്ടറച്ചൻ വിയാനി പുണ്യവാന്റെ ജീവിതത്തെകുറിച്ച് കുട്ടികൾക്ക് ക്ലാസ്സെടുത്തു.
*മണിമൂളി:-* വി.തോമാശ്ലീഹായുടെ തിരുനാൾ വിവിധ പരിപാടികളോടെ ആഘോഷിച്ചു, ശാഖാ ഡയറക്ടർ ബഹു. ചാക്കോ മേപ്പുറത്തച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു ആശംസകൾ നേർന്നു, വി.അൽഫോസാമ്മയുടെ തിരുനാൾ ദിനത്തിൽ കപ്പേളയിൽ വെച്ചു നടത്തിയ വി.ബലിയിലും, നൊവേനയിലും ശാഖാഭാരവാഹികൾ പങ്കെടുത്ത് പ്രാർത്ഥിച്ചു, വി.അൽഫോൻസ പതിപ്പ് മത്സരം ക്ലാസ്സ് അടിസ്ഥാനത്തിൽ നടത്തി.
*നരിവാലമുണ്ട:-* ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെന്റ് തോമസ് ഡേ ആഘോഷിച്ചു, മേഖല ഡയറക്ടർ റവ.ഫാ.ജിതിൻ പീച്ചാട്ട് ദിവ്യബലി

അർപ്പിക്കുകയും, സന്ദേശം നൽകുകയും ചെയ്തു. രോഗീ സന്ദർശനം നടത്തി, മുതിർന്ന മിഷൻലീഗ് അംഗങ്ങളെ ആദരിക്കുകയും അവർക്കായ് റവ.ഫാ.ഫെബിൻ സി.എസ്.റ്റി സെമിനാർ നടത്തുകയും ചെയ്തു. സിമിത്തേരി സന്ദർശനം നടത്തി.

*താളിപ്പാടം*:- മിഷൻ സ്റ്റാർ 4 ആഴ്ചകളിൽ നടത്തി. ബൈബിൾ പഠനശിബിരം ആരംഭിച്ചു.ശാഖാ ഡയറക്ടർ റവ.ഫാ.മാത്യു കറുത്തേടത്ത് കുടുംബ പ്രാർത്ഥനയെന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. വിശുദ്ധരുടെ ജീവചരിത്രം പഠിച്ച് ചുരുക്ക വിവരം ഓരോ ആഴ്ചയിലും മൂന്ന് പേർവീതം അവതരിപ്പിക്കുന്നു. ഭവന സന്ദർശനം നടത്തി, രോഗീസന്ദർശനം നടത്തി. ലോഗോസ് ക്വിസ്സ് രജിസ്ട്രേഷൻ നടത്തി.

*ഇടിവണ്ണ*:- രൂപതാ ടീം അംഗം ശ്രീ. ബിജു ചിറ്റേടത്തിന്റെ നേതൃത്വത്തിൽ സാഹിത്യപരിശീലനം നടത്തി, അർദ്ധദിന സെമിനാർ നടത്തി, എല്ലാ ശനിയാഴ്ചകളിലും പള്ളിയും, പരിസരവും വൃത്തിയാക്കുന്നു, ഗാനപരിശീലനം, ജപമാല ഇവ മാറി മാറി എല്ലാ ഞായറാഴ്ചകളിലും നടത്തുന്നു, ബുധനാഴ്ചകളിൽ ജപമാലസൈന്യാംഗങ്ങൾ ജപമാലചൊല്ലി പ്രാർത്ഥിക്കുന്നു, വാഴത്തോട്ടനിർമ്മാണം നടത്തി, മേഖല-രൂപതാ സാഹിത്യ മത്സരത്തിൽ ശാഖയിൽ നിന്നും 34 അംഗങ്ങൾ പങ്കെടുത്തു.

*പൂളപ്പാടം*:- ഹോമിയോ പ്രതിരോധ മരുന്ന് വിതരണം, സ്മാർട്ട് ക്ലാസ്സ്റൂം ഉദ്ഘാടനം, വാഴക്കന്ന് വിതരണം, ദശപുഷ്പ ചാർട്ട് പ്രദർശനം, മിഷൻ വാഴത്തോട്ടം നിർമ്മിക്കൽ എന്നിവ നടത്തി.

**ബിനീഷ് തുമ്പിയാംകുഴിയിൽ**
സി.എം.എൽ. രൂപതസെക്രട്ടറി

# Department of Youth Ministry

## Pastoral Visit

2017 ജൂലൈ 22-ാം തീയതി ശനിയാഴ്ച രാവിലെ പത്ത് മണിക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം യൂത്ത് മിനിസ്ട്രി ഓഫീസ് ഔദ്യോഗികമായി സന്ദർശനം നടത്തി. ടീം അംഗങ്ങൾ എല്ലാവരും ചേർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനെ ഹൃദ്യമായി സ്വാഗതം ചെയ്യുകയും പിതാവിന്റെ നേതൃത്വത്തിൽ പ്രാത്ഥിക്കുകയും ചെയ്തു. യൂത്ത് മിനിസ്ട്രിയുടെ പ്രവർത്തനങ്ങളായ ജെ. പ്രാഫഷണൽ കരിയർകാർ, യൂത്ത് ട്രാവലർ, ലൈഫ് ട്രയിനിംഗ്, യൂത്ത് സർവ്വേ, യുവർ നെയ്ബർ അസോസിയേഷൻ എന്നീ റിപ്പോർട്ടുകൾ പരിശോധിച്ചു. ഓഫീസ് സംബന്ധമായ ഫയലുകളും റിപ്പോർട്ടുകളും കാണുകയും തൃപ്തികരമായ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഓഫീസിന്റെ ശുഭകരമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. പിതാവിന്റെ ആശീർവാദാനുഗ്രഹം ടീം അംഗങ്ങൾ സ്വീകരിച്ചു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ഫാ.ജോബി മുക്കാട്ടുകാവിൽ, സി. ആൻസി തോമസ് സി.എം. സി, സി.നോയൽ മരിയ എസ്.എ.ബി.സ്, സി. ലിൻസി എസ്.സി.വി, കുമാരി ലിൻഷ മരിയ ഷാന്റി എന്നിവർ സന്നിഹിതരായിരുന്നു.

## Holy Land - 'Iam a Pilgrim'

ഡിപ്പാർട്ട് മെന്റ് ഓഫ് യൂത്ത് മിനിട്രിയുടെ നേതൃത്വത്തിലുള്ള വിശുദ്ധനാട് തീർത്ഥാടനം 2017 മെയ് 21-ന് നടത്തിയവരുടെ കൂട്ടായ്മ 23-07-2017 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ദ്വാരക യൂത്ത് മിനിസ്ട്രി ഹാളിൽ വെച്ച് നടത്തി. സി. ലിൻസി എസ്.സി.വി, മീറ്റിംഗിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടത്തിയ പ്രാത്ഥനക്ക് ശേഷം അവർ തങ്ങളുടെ വിശുദ്ധനാട് അനുഭവം പങ്കുവച്ചു. ഓരോ ഇടവകയിൽ ഉള്ളവർ തങ്ങളുടെ വിശുദ്ധനാട് തീർത്ഥാടനത്തിൽ ലഭിച്ച ദൈവീകാനുഭവം ഉജ്ജ്വലിപ്പിക്കുവാൻ ഞായറാഴ്ച്ചകളിൽ കുടുംബകൂട്ടായ്മകൾ നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു വരുന്നു. ഇരുപത്തിരണ്ട്പേർ അടങ്ങുന്ന ഗ്രൂപ്പിൽ കലണ്ടറും വിശുദ്ധനാട് തീർത്ഥാടനയാത്രാ സിഡിയും വിതരണം ചെയ്തു. ഈ കൂട്ടായ്മയിൽ പങ്കുചേർന്ന എല്ലാവരേയും

ബഹു.ലാൽ പൈനുങ്കലച്ചൻ അഭിനന്ദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഈ കൂട്ടായ്മകൾ ഇടവകാതലത്തിൽ നടത്തണമെന്ന് അവർ ആവശ്യപ്പെട്ടു. സംഘടിപ്പിക്കുവാനുള്ള നേതൃത്വം ഷൈൻ ചുങ്കക്കുന്ന്, ഇമ്മാനുവേൽ പാടിച്ചിറ, ഇവരെ ചുമതലപ്പെടുത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

## International Youth Day

മാനന്തവാടി രൂപത യുവർ നെയ്ബർ അസോസിയേഷനും കേരളാ അക്കാഡമി ഓഫ് എഞ്ചിനീയറിംഗ് കോളേജ് സുൽത്താൻ ബത്തേരിയും സംയുക്തമായി കോസ്മിക് ഓഡിറ്റോറിയത്തിൽ 2017 ആഗസ്റ്റ് 10–ാം തീയതി രാവിലെ പത്ത് മണിക്ക് അന്തർദേശീയ യുവജനദിനാഘോഷം നടത്തി. അറുന്നൂറോളം യുവജനങ്ങൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തിരുന്നു. ഈ പരിപാടിയിലേക്ക് എം.ടി ശ്രീ. ജേക്കബ് വർക്കി സാർ എല്ലാവരേയും സ്വാഗതം ചെയ്തു. വയനാട് ജില്ലാകളക്ടർ എസ്. സുഹാസ് യുവജനങ്ങളോടൊപ്പം സമാധാനത്തിന്റെ പ്രതീകമായ പ്രാവുകളെ വാനിടത്തിലേക്ക് പറത്തികൊണ്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു. യുവജനങ്ങൾ സമാധാനം പടുത്തുയർത്തുന്നവരാകണം എന്ന മഹത്സന്ദേശം പ്രചരിപ്പിക്കുന്ന അന്തർദേശീയ യുവജനദിനത്തിൽ അദ്ധ്യക്ഷ പ്രസംഗത്തിലൂടെ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സമാധാനം ശക്തി ഉപയോഗിച്ച് നേടിയെടുക്കാൻ പറ്റുന്ന ഒന്നല്ല എന്നും തൊഴിലിലൂടെയും ഉത്തമമായ വിശ്വാസത്തിലൂടെയും സമാധാനത്തിന്റെ തിരി തെളിക്കണമെന്നും യുവജനങ്ങളെ ഓർമ്മപ്പെടുത്തി. ശ്രീ.ശാന്തകുമാർ സാർ ആമുഖ പ്രഭാഷണത്തിലൂടെ നിങ്ങൾ എന്തുപഠിക്കുന്നുവോ അത് പ്രവർത്തിക്കുവാനുള്ള മനസുണ്ടാകണ മെന്നും എന്തുമാത്രം വിദ്യ അഭ്യസിക്കുന്നുവോ അത്രയേറെ സ്വഭാവത്തിന് നന്മയുണ്ടാകണമെന്നും യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. ആശംസകളർപ്പിച്ച സിജുസാർ ലോകജനസംഖ്യയിൽ ആറിൽ അധികവും യുവജനങ്ങളാണെന്നും അതിൽ അധികവും ഇന്ത്യയിലാണെന്നും, യുവജനങ്ങളെ നന്മയുടെ വഴിയിലേക്ക് നയിച്ചാൽ പുതിയ ഒരു ലോകക്രമം സൃഷ്ടിക്കാൻ സാധിക്കുമെന്നും അനുസ്മരിപ്പിച്ചു.അഡ്വക്കേറ്റ് ജിജിൽ ലോകസമാധാനവും നവമാധ്യമങ്ങളും, യുവജനങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രത്യേകിച്ച് സൈബർസെൽ യുവജനങ്ങളുടെ ജീവിതത്തിൽ വഹിക്കുന്ന പങ്കിനെകുറിച്ച് വളരെ ലളിതമായും, സരസമായും വിവിധങ്ങളായ സംഭവങ്ങളിലൂടെ

യുവജനങ്ങളെ ചിന്തിപ്പിക്കുകയും ബോധ്യങ്ങളിലേക്ക് നയിക്കുകയും ചെയ്തു. വിദ്യാത്ഥികളായ മിഥുൻ, കുമാരി സായികൃഷ്ണ എന്നിവർ ആശംസകളർപ്പിച്ചു. യുവജനകൂട്ടായ്മ സംഘടിപ്പിക്കുവാൻ എല്ലാവിധ സജ്ജീകരണവും ഒരുക്കിയ കേരളാ അക്കാദമി പ്രിൻസിപ്പൽ ഗ്രേസി ടീച്ചറിനേയും ജേക്കബ് സാറിനേയും നന്ദിയോടെ ഓർക്കുന്നു. സി. ലിൻസി എസ്.സി.വി എല്ലാവർക്കും നന്ദി അർപ്പിച്ചു. ഈ പരിപാടിയുടെ MC ആയിരുന്ന സി.ആൻസി സി.എം.സി സാന്നിധ്യംകൊണ്ട് അനുഗ്രഹിച്ച ഫാ. ജോബി മുക്കാട്ടുകാവുങ്കലിനും അകലെയും അടുത്തുമായിരുന്ന് പ്രാത്ഥനയിലൂടെ സഹകരിച്ച എല്ലാവർക്കും യൂത്ത് മിനിസ്ട്രി കുടുംബത്തിന്റെ കൃതജ്ഞത അറിയിക്കുന്നു.

## LIFE-Training 2016-2017 Batch

ആഗസ്റ്റ് 12 വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് 2016–2017 ബാച്ചിലെ 56 വിദ്യാർത്ഥികൾ ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒന്നുചേർന്നു. ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ കർമ്മപരിപാടികൾക്ക് ആരംഭം കുറിച്ചു. സി.ആൻസി സി.എം.സി വിദ്യാർത്ഥികളെ കുമ്പസാരത്തിന് ഒരുക്കി തുടർന്ന് ഷെയറിംഗിലൂടേയും ഗ്രൂപ്പ് ചർച്ചകളിലൂടേയും കുട്ടികളുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുകയും ലാലച്ചൻ വിദ്യാത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നല്കുകയും ചെയ്തു. ആഗസ്റ്റ് മാസത്തിൽ പിറന്നാൾ ആഘോഷിക്കുന്ന വിദ്യാത്ഥികൾക്ക് ആശംസകളറിയിച്ചു. ആഗസ്റ്റ് 13 ന് ശനിയാഴ്ച്ച 2016 ബാച്ചിലെ വിദ്യാർത്ഥികൾക്ക് സി. അനിത സി.എം.സി. രാവിലെ പത്ത് മണിമുതൽ വൈകുന്നേരം 3 മണിവരെ കെമിസ്ട്രി വിഷയത്തിൽ ക്ലാസ്സ് നല്കി. 2017 ബാച്ചിലെ വിദ്യാത്ഥികൾക്ക് റോയിസൺ സാർ മലയാളം വിഷയത്തിൽ ക്ലാസ്സിന് നേതൃത്വം നല്കുകയും ചെയ്തു. തുടർന്ന് മൂന്ന് മണി മുതൽ നാല് മണി വരെ അഡ്വക്കേറ്റ് ജിജിലിന്റെ ക്ലാസ്സിൽ കഠിനാദ്ധ്വാനത്തിലൂടെ എങ്ങനെ ജീവിതത്തിന്റെ ഉന്നത സോപാനത്തിൽ എത്തിചേരാമെന്നും അടങ്ങാത്ത ആഗ്രഹവും പിൻതിരിയാത്ത ആത്മബലവും കഠിനാദ്ധ്വാനവുമാണ് വിജയത്തി ലെത്താൻ സഹായിക്കുന്നതെന്നും വിദ്യർത്ഥികളെ ഓർമ്മിപ്പിച്ചു. സി. ലിൻസി എസ്.സി.വി, സി. ആനിപോൾ എസ്.എച്ച്, കുമാരി നീനു എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## Parish Spiritual Animation

Spiritual Animation ന്റെ ഭാഗമായി 2017 ആഗസ്റ്റ് 13 ഞായറാഴ്ച്ച വൈകുന്നേരം ആറ് മണിക്ക് ഗുഡ് ഷെപ്പേർഡ് ചുള്ളിയാന ഇടവകാ

ദേവാലയത്തിൽ വെച്ച് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് വേണ്ടി ക്ലാസ്സും കുമ്പസാരവും ആരാധനയും നടത്തി. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, സി. ലിൻസി എസ്.സി.വി, സി. ആനിപോൾ എസ്.എച്ച്, സി. ലിയാ റോസ് എസ്.എച്ച് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. പ്രോഗ്രാമിന് എല്ലാവിധ സജ്ജീകരണവും ഒരുക്കി തന്ന ചുള്ളിയാന ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. സന്തോഷ് കാവുങ്കലിനേയും എസ്.എച്ച് സിസിറ്റേഴ്സിനേയും കൈക്കാരൻമാരേയും കെ.സി.വൈ.എം പ്രവർത്തകരേയും മുഴുവൻ ഇടവകാഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

## Welcome

യൂത്ത് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾക്ക് തന്റെ സ്തുത്യർഹമായ സേവനം തല്കാൻ പുതിയതായി കടന്നുവന്ന സി. ആനിപോൾ എസ്. എച്ച്. യൂത്ത് മിനിസ്ട്രി കുടുംബത്തിന്റെ സ്വാഗതം.

## LIFE Training 2016 - 2017 Batch

സെപ്റ്റംബർ അഞ്ചുമുതൽ ഒമ്പതാം തീയതിവരെ ലൈഫ് ട്രെയിനിംഗ് 2017 ബാച്ചിന്റെ ട്രെയിനിംഗ് എറണാകുളത്ത് IMPACTA വെച്ച് നടക്കുന്നതാണ്. സെപ്തംബർ 11,12 തീയതികളിൽ 2016 ബാച്ചിന്റെ ട്രെയിനിംഗും 12-ാം തീയതി രണ്ട് മണി മുതൽ നാല് മണിവരെ അവരുടെ മാതാപിതാക്കളുടെ യോഗവും ദ്വാരക യൂത്ത്മിനിസ്ട്രി ഓഫിസിൽവെച്ച് നടക്കുന്നതാണ്.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**സെപ്റ്റംബർ 10 രൂപത സാഹിത്യ മത്സരം മേഖല കേന്ദ്രങ്ങളിൽ**

ഈ വർഷത്തെ രൂപതാ സാഹിത്യ മത്സരം സെപ്റ്റംബർ 10 ന് മേഖല കേന്ദ്രങ്ങളിൽ വച്ച് ഉച്ചയ്ക്ക് 2 മണിക്ക് നടത്തപ്പെടുന്നതാണ്. സാഹിത്യ മൽസരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സെപ്റ്റംബർ 5-ന് മുൻപായി മേഖല ഭാരവാഹികളെയും ഏൽപ്പിക്കേണ്ടതാണ്. മൽസര ശേഷം മേഖലയിൽ നിന്ന് 1, 2, 3 സ്ഥാനം കരസ്ഥമാക്കിയ രചനകൾ സെപ്റ്റംബർ 18 ന് മുമ്പായി രൂപത കേന്ദ്രത്തിൽ ഏൽപ്പി ക്കേണ്ടതാണ്.

രൂപതാ കലാമൽസരങ്ങൾ ഒക്ടോബർ 18 ന് മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. സെപ്റ്റംബർ മാസത്തിൽ മേഖല കലാമൽസരങ്ങൾ അതാത് മേഖലകളിൽ നടത്തി രൂപത കലോൽസവത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഒക്ടോബർ 2 ന് രൂപത കേന്ദ്രത്തിൽ നൽകേണ്ടതാണ്.

ഈ വർഷത്തെ കലാമൽസരങ്ങളിൽ നിന്ന് മാർഗ്ഗം കളി, പരിചമുട്ട്, നാടൻപ്പാട്ട് എന്നീ മത്സര ഇനങ്ങൾ ഒഴിവാക്കിയിരിക്കുന്ന വിവരം ശ്രദ്ധിക്കുമല്ലോ. ഈ ഒരുവർഷത്തേയ്ക്ക് മാത്രമുള്ള ക്രമീകര ണമാണിത്. മൽസര ഇനങ്ങളും, പൊതു നിർദ്ദേശങ്ങളും, നിബന്ധന കളും താഴെ ചേർക്കുന്നു

**മത്സര ഇനങ്ങൾ 2017**

**സംഘ മത്സരങ്ങൾ** : ഡിബേറ്റ്, സംഘഗാനം, ക്വിസ്, കെ.സി.വൈ.എം. ആന്തം, തെരുവുനാടകം, മൈം.

**വ്യക്തിഗത ഇനങ്ങൾ:** ലളിതഗാനം (യുവാവ്, യുവതി), നാടോടി നൃത്തം (യുവാവ്, യുവതി), മോണോ ആക്ട്, മിമിക്രി, പ്രസംഗം, ഫോട്ടോഗ്രഫി.

**രചനാ മത്സരങ്ങൾ (വ്യക്തിഗതം):** ഉപന്യാസം, കവിതാ രചന, കഥാരചന, പോസ്റ്റർ രചന, നോട്ടീസ് രചന, മുദ്രാവാക്യ രചന, കൊളാഷ്, കാർട്ടൂൺ, പത്രവാർത്താരചന.

യുവാവ്/ യുവതി എന്ന് വേർതിരിച്ച് എഴുതിയിട്ടില്ലാത്ത മത്സരങ്ങൾ ഒന്നിച്ചായിരിക്കും നടക്കുക.

**മത്സരത്തെ സംബന്ധിച്ചുള്ള പൊതുനിർദ്ദേശങ്ങൾ**

1. കെ.സി.വൈ.എം. അംഗങ്ങൾക്ക് മാത്രമേ മത്സരയിനങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളു.
2. ഗ്രൂപ്പിനത്തിൽ ഒരു മേഖലയിൽ നിന്ന് ഒരു സംഘം മാത്രമേ പങ്കെടുക്കാവൂ.
3. വ്യക്തിഗത ഇനത്തിൽ ഒരു മേഖലയിൽ നിന്ന് രണ്ട് പേർക്ക് പങ്കെടുക്കാം.
4. വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങൾക്കും 3 രചനാമത്സരങ്ങൾക്കും പങ്കെടുക്കാൻ അനുവാദമുണ്ട്.
5. രജിസ്ട്രേഷൻ ഫീസ് 30 രൂപ ആണ്. വ്യക്തിഗത ഇനത്തിൽ വെവ്വേറെ ആവശ്യമാണ്. ഗ്രൂപ്പ് ഇനത്തിൽ ഓരോ വ്യക്തിക്കും 30 രൂപയാണ്. സാഹിത്യമത്സരത്തിന് രജിസ്ട്രേഷൻ ഫീസ് അതാതു മേഖലകൾ തീരുമാനിക്കുന്നതാണ്.
6. ഓരോ മേഖലയ്ക്കും ഓരോ ടീം മാനേജർ ഉണ്ടായിരിക്കണം. ഈ ടീം മാനേജർ മാത്രമാണ് വിവിധ ആവശ്യങ്ങൾക്കായി പേൾ ഓഫീസുമായി ബന്ധപ്പെടാവു.
7. വ്യക്തിഗത ഇനങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്.
   1st – 5 പോയിന്റ്, 2nd – 3 പോയിന്റ്, 3rd – 1 പോയിന്റ്.
8. സംഘമൽസരങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്.
   1st –10 പോയിന്റ്, 2nd – 5 പോയിന്റ്, 3rd – 3 പോയിന്റ്.
9. ഗ്രേഡ് അനുസരിച്ച് ഓരോ മൽസരാർത്ഥിക്കും താഴെ പറയുന്ന വിധത്തിൽ പോയിന്റ് നൽകുന്നതാണ്.
   എ ഗ്രേഡ് – 5 പോയിന്റ്, ബി ഗ്രേഡ് – 3 പോയിന്റ്, സി ഗ്രേഡ് – 1 പോയിന്റ്.
10. ഏതെങ്കിലും ഒരിനത്തിൽ മൂന്നു മൽസരാർത്ഥികൾ കുറവാണെങ്കിൽ ആ മൽസരത്തിൽ ഗ്രേഡ് നിർണ്ണയിച്ച് ഗ്രേഡിനുമാത്രം പോയിന്റ് നൽകുന്നതാണ്.
11. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹത രൂപത സമിതി നിശ്ചയിക്കുന്ന ഗ്രേഡിന്റെ അടിസ്ഥാനത്തിലായിരിക്കും.
12. മൽസരത്തിന്റെ നടത്തിപ്പിനെയോ വിധിനിർണ്ണയത്തെയോ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ആ മൽസരത്തിന്റെ ഫല

പ്രഖ്യാപനത്തിനുശേഷം 20 മിനിറ്റിനുള്ളിൽ ജൂറി ഓഫ് അപ്പീലിനുമുമ്പാകെ 100 രൂപ സഹിതം അപേക്ഷ നൽകേണ്ടതാണ്. മൽസരത്തെ സംബന്ധിച്ച അന്തിമ തീരുമാനം ജൂറി ഓഫ് അപ്പീലിന്റെതാണ്.

13. മൽസരത്തിൽ പങ്കെടുക്കുന്നവർ 2017 അംഗത്വ രജിസ്റ്ററിൽ പേരുള്ളവരായിരിക്കണം. മേഖല ഡയറക്ടറുടെയും പ്രസിഡണ്ടിന്റെയും സാക്ഷ്യപത്രത്തോടുകൂടി നിശ്ചിത ഫോമിൽ സെപ്റ്റംബർ 30 നുള്ളിൽ സമർപ്പിക്കുന്ന മത്സരാർത്ഥികളുടെ പേരുകൾ മാത്രമെ സ്വീകരിക്കുകയുള്ളു. മത്സര ദിവസങ്ങളിൽ മത്സരാർത്ഥികളുടെ പേരുകളിൽ യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല.
14. ലാപ്പ് ടോപ്പ്, സിഡി പ്ലെയർ, പെൻ ഡ്രൈവ് എന്നിവ മത്സരാർത്ഥികളുടെ ഉത്തരവാദിത്വമാണ്.
15. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് പിന്നണിയിൽ ഉള്ളവരും കെ. സി. വൈ. എം. അംഗങ്ങളായിരിക്കണം.
16. രചനാമൽസരങ്ങൾക്കാവശ്യമായ പേപ്പർ മാത്രമെ സംഘാടകർ നൽകുകയുള്ളു.

**മത്സര ഇനങ്ങൾ നിബന്ധനകൾ**

**രചനാമത്സരങ്ങൾ**

1. **കഥാരചന**: ഒരു മണിക്കൂർ, വിഷയം തത്സമയം നൽകും.
2. **കവിതാ രചന:** ഒരു മണിക്കൂർ, വിഷയം തത്സമയം നൽകും.
3. **ഉപന്യാസം:** ഒരു മണിക്കൂർ, വിഷയം തത്സമയം നൽകും.
4. **കൊളാഷ്:** ഒരു മണിക്കൂർ, ആശയം വ്യക്തമാക്കുന്നതായിരിക്കണം. കൊളാഷിന് ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കാൻ പാടില്ല.
5 **പത്രവാർത്ത:** 45 മിനിറ്റ്, രണ്ട് ചോദ്യങ്ങളുണ്ടായിരിക്കും, ഒന്ന് ഒരു പ്രോഗ്രാമിന്റെ റിപ്പോർട്ട്. രണ്ട്, ആനുകാലിക വിഷയത്തെക്കുറിച്ചുള്ള പ്രതികരണം.
6. **നോട്ടിസ് രചന:**വിഷയം തത്സമയം നൽകും. 45 മിനിറ്റ്. ഒരു പേജ് (A4 സൈസ്) ആണ് നോട്ടീസ് രചിക്കേണ്ടത്.
7. **മുദ്രാവാക്യ രചന:** 45 മിനിറ്റ് വിഷയം തത്സമയം നൽകും. ആവേശം ജനിപ്പിക്കത്തക്കവിധത്തിൽ താളാത്മകമായി വേണം രചിക്കാൻ.
8. **കാർട്ടൂൺ രചന:** സമയം 2 മണിക്കൂർ, വിഷയം തത്സമയം നൽകും. വിഷയത്തിന്റെ ആശയമുൾകൊള്ളുന്നതായിരിക്കണം. യാതൊരു തരത്തിലുമുള്ള കളറും ഉപയോഗിക്കാൻ പാടില്ല. കറുപ്പ് (ഒഴികെ)

ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.

9. **പോസ്റ്റർ രചന:** സമയം 2 മണിക്കൂർ, വിഷയം തത്സമയം നൽകപ്പെടും. പോസ്റ്റർ കളർ, ട്രാൻസ്പരന്റ് കളർ, വാട്ടർ കളർ, എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കുവാൻ പാടില്ല. ആശയം എഴുതാൻ സ്കെച്ച് പെൻ ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾക്കൊള്ളുന്ന രീതിയിലായിരിക്കണം പോസ്റ്റർ രചിക്കേണ്ടത്.

**കലാമത്സരങ്ങൾ**

1. **1. പ്രസംഗം:** 5 മിനിറ്റ് (4+1) ഭാഷ മലയാളം, 5 മിനിറ്റ് മുൻമ്പ് വിഷയം നൽകപ്പെടും.

   **മൂല്യനിർണയോപാധികൾ:** 1. സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ളകഴിവ് 2. അക്ഷരസ്ഫുടത 3. ആശയസ്ഫുടത 4. സന്ദർഭോചിതമായ ശബ്ദനിയന്ത്രണം 5. ഭാഷാശുദ്ധി.

2. **2. ലളിതഗാനം:** 5 മിനിറ്റ് സിനിമാഗാനം, ക്ലാസിക്കൽ ഗാനങ്ങൾ എന്നിവ അനുവദനീയമല്ല. സെമിക്ലാസിക്കൽ ഗാനങ്ങളിൽ സ്വരങ്ങൾ പാടാൻ പാടുള്ളതല്ല. ക്രിസ്തീയഭക്തിഗാനങ്ങൾ മാത്രമെ പാടാവുള്ളു.

   **മൂല്യനിർണയോപാധികൾ:** 1. ശാരീരികം 2. ശ്രുതിലയം 3.ജ്ഞാനഭാവം 4. താളം 5 സാഹിത്യശുദ്ധി.

3. **സംഘഗാനം:** 7 മിനിറ്റ് അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ, 7 പേരിൽ കൂടുകയോ ചെയ്യരുത്. സംഗീതോപകരണങ്ങൾ പാടില്ല. ധാർമ്മികമൂല്യങ്ങൾ ഉദ്ഘോഷിക്കുന്ന ഗാനങ്ങൾ ആയിരിക്കണം.

   **മൂല്യനിർണയോപാധികൾ**: 1.ശ്രുതി 2.താളം 3.ഗാനത്തിന്റെ സാഹിത്യം 4.വിവിധ ഗായകർ തമ്മിലുള്ള യോജിപ്പ്

4. **ഡിബേറ്റ്:** 10 മിനിറ്റ് 2 പേർ ഒരു ടീം ആയി പങ്കെടുക്കാം. ഒരാൾ പ്രൊപ്പോസർ മറ്റേയാൾ ഒപ്പോസർ.

   വിഷയം അര മണിക്കൂർ മുൻമ്പ് നൽകപ്പെടും.

   **മൂല്യനിർണയോപാധികൾ:** 1. ഭാഷാശുദ്ധി 2.ആശയസ്ഫുടത, 3.സംസാരിക്കുന്ന വിഷയത്തെക്കുറിച്ചുള്ള വ്യക്തമായ ബോധ്യം, 4. കോമ്പിനേഷൻ 5.അവതരണം.

5. **ക്വിസ്:** ഒരു ടീമിൽ 3 അംഗങ്ങൾ വരെയാകാം. ചോദ്യങ്ങളുടെ അനുപാതം ബൈബിൾ 60 ശതമാനം, (ലോഗോസ് 2017 ന്റെ ഭാഗങ്ങൾ) 40 ശതമാനം കെ.സി.വൈ.എം. ചരിത്രം, ദർശനം, പ്രവർത്തന

ശൈലി, പ്രവർത്തനങ്ങൾ, (കെ.സി.വൈ.എം. കർമ്മപദ്ധതി (വഴി–2017), 2018 മെത്രാൻ സിനഡിന്റെ ഒരുക്കരേഖ, കെ.സി. വൈ.എം. നിയമാവലി.

6. **കെസി വൈ എം ആന്തം:** അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. കെ.സി.വൈ.എം. പതാക ഏന്തണം. മാർച്ചിങ്ങ് ട്യൂണാണ് ആലപിക്കേണ്ടത്.

**മൂല്യനിർണയോപാധികൾ**: ശ്രുതി 2. താളം 3. ഗാനത്തിന്റെ സാഹിത്യം 4. വിവിധ ഗായകർ തമ്മിലുള്ള യോജിപ്പ്. 5.സംഘാംഗങ്ങളുടെ സ്വരചേർച്ച.

7. **മിമിക്രി:** 5 മിനിറ്റ് ധാർമ്മികമൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകാം.

**മൂല്യനിർണയോപാധികൾ:** 1. വിഷയത്തോടുള്ള നീതിപുലർത്തൽ 2. അനുകരണ സാമർത്ഥ്യം, 3. അഭിനയം, 4. തന്മയത്വം, ആക്ഷേപങ്ങളും അപഹാസ്യപരമായ പരാമർശങ്ങളും ഒഴിവാക്കണം.

8. **മോണോ ആക്ട്:** 5 മിനിറ്റ് ഒരു സംഭവമോ കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ഭാവത്തിലും ശബ്ദത്തിലും അനുകരിക്കണം.

9. **തെരുവ് നാടകം:** അവതരണ സമയം 20 മിനിറ്റ്, 10 മിനിറ്റ് രംഗസജ്ജീകരണത്തിന് ഉപയോഗിക്കാവുന്നതാണ്. എത് തരത്തിലുമുള്ള വേഷവും ഉപയോഗിക്കാം. എന്നാൽ മുഖത്ത് യാതൊരു തരത്തിലുമുള്ള ചായവും പാടില്ല. ഈ വർഷത്തെ പഠന വിഷയം അടിസ്ഥാനമാക്കിയായിരിക്കണം നാടകം അവതരിപ്പിക്കേണ്ടത്. ആളുകളുടെ എണ്ണം കഥയ്ക്കനുസരിച്ച് നിജപ്പെടുത്താവുന്നതാണ്. മൈക്ക് നൽകുന്നതല്ല. പശ്ചാത്തല വാദ്യമായി ചെണ്ട മാത്രമെ ഉപയോഗിക്കാവൂ.

**മൂല്യനിർണയോപാധികൾ**: 1. പ്രമേയം, 2. അഭിനയപ്പൊരുത്തം, 3. അവതരണം, 4. വേഷം, 5.അഭിനയം, 6. സംഭാഷണം, 7. സംവിധാനം.

10 **നാടോടി നൃത്തം:** (7 മിനിറ്റ് ) കാസറ്റ് സംഗീതം അനുവദിക്കും. പിന്നണിക്ക് പ്രത്യേകിച്ച് പ്രാധാന്യം നൽകുന്നതല്ല. നാടോടി പാട്ടാണ് ഉപയോഗിക്കേണ്ടത്. സിനിമാ ഗാനങ്ങൾ അനുവദനീയമല്ല.

**മൂല്യനിർണയോപാധികൾ**: 1. ആകാരസുഷമ, 2. വേഷം, 3. ഭാവപ്രകടനം, 4. താളം, 5. ചലനഭംഗി.

11. **മൈം:** 10 മിനിറ്റ്. 3 പേരിൽ കുറയാനോ 12 പേരിൽ കൂടാനോ പാടില്ല.

**മൂല്യനിർണയോപാധികൾ**: 1. കഥാവസ്തു, 2. ചുവട്, 3. ഭാവാഭിനയം, 4. അവതരണം, 5. ഗാനങ്ങൾ, 6.സംവിധാനം

**16. ഫോട്ടോഗ്രാഫി:** മൽസരം സമയം 1 മണിക്കൂർ പേൾ കലാമത്സരം നടക്കുന്ന സ്ഥലത്ത് തൽസമയം തരുന്ന വിഷയത്തിൽ ഫോട്ടോ എടുത്ത് നൽകണം. ഡിജിറ്റൽ ക്യാമറ, പ്രൊഫഷണൽ ക്യാമറ തുടങ്ങിയ ഏതുതരം ക്യാമറയും ഉപയോഗിക്കാവുന്നതാണ്. ഡാറ്റ ഒന്നുമില്ലാത്ത മെമ്മറി കാർഡ് മാത്രമെ മൽസരത്തിന് അനുവദിക്കയുള്ളു. മെമ്മറി കാർഡ് മത്സരത്തിന് മുൻപ് സംഘാടകരെ കാണിച്ച് ഉറപ്പുവരുത്തണം.

**ഭക്ഷണക്രമീകരണം**

രൂപതാ കലാമത്സരത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി അന്നേ ദിവസത്തെ ഭക്ഷണം രൂപത സമിതിയുടെ നേതൃത്വത്തിൽ ക്രമീകരിക്കാൻ ആഗ്രഹിക്കുന്നു. ഭക്ഷണം വേണ്ടവർ ആളൊന്നിന് 50 രൂപ വീതം ഒക്ടോബർ 8 ന് മുൻമ്പായി രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സഹകരിക്കുമല്ലോ.

**സംസ്ഥാന മൽസരങ്ങൾ**

കെ.സി.വൈ.എം. സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുവാൻ രൂപതയുടെ നേതൃത്വത്തിൽ പോകുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി രൂപത അവസരമൊരുക്കുന്നു. മൊത്തം ചെലവിന്റെ 60 ശതമാനം രൂപത കേന്ദ്രവും 40 ശതമാനം വ്യക്തിയോ, യൂണിറ്റോ, മേഖലയോ വഹിക്കേണ്ടതാണ്. സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2017 നവംമ്പർ 5-ന് മുൻമ്പായി 200 രൂപ അടച്ച് തങ്ങളുടെ താൽപര്യം ഉറപ്പിക്കേണ്ടതാണ്. എന്നാൽ മാത്രമെ രൂപതയുടെ നേതൃത്വത്തിൽ സംസ്ഥാന മൽസരത്തിന് കൊണ്ടുപോകാൻ സാധിക്കുകയുള്ളു.

**പ്രചോദിനി 2017**

മാനന്തവാടി രൂപത കെ.സി.വൈ.എം. വനിതാദിനത്തോടനുബന്ധിച്ച് മാനന്തവാടി സെന്റ് പീറ്റർ ആന്റ് പോൾ ചർച്ചിൽ വച്ച് നടന്ന പ്രചോദിനി വനിതാസംഗമം ബഹുമാന്യനായ മുൻ കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി ഒരുമിച്ച് നിൽക്കുവാൻ ഇത്തരം കൂട്ടായ്മകൾ സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് മുന്നൂറ് യുവതികൾ സംഗമത്തിൽ പങ്കെടുത്തു. മാനന്തവാടി മേഖല ആനിമേറ്റർ സി. വിജയ എസ്.എ.ബി.എസ്. വചന പ്രതിഷ്ഠയ്ക്ക് നേതൃത്വം നൽകി. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ സഹായത്തോടെ സംഘടിപ്പിച്ച 'കേശദാനം മഹാദാനം' എന്ന പരിപാടിയിൽ 40 യുവതികൾ തങ്ങളുടെ മുടി ദാനം ചെയ്ത് ക്യാൻസർ

രോഗികൾക്കുവേണ്ടിയുള്ള വിഗ് നിർമ്മാണത്തിൽ പങ്കാളികളായി. രൂപത ഡയറക്ടർ റവ. ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ ഉദ്ഘാടന സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. രൂപത വൈസ്സ് പ്രസിഡണ്ട് കുമാരി റോസ് മേരി തേറുകാട്ടിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. രൂപത ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. ആമുഖപ്രഭാഷണം നടത്തി. സ്ത്രീയെന്നാൽ 'മനോഹരമായ മാതൃത്വം' എന്ന 'കാരിസം' പേറുന്നവളാണെന്നും, സ്ത്രീ സുരക്ഷ സാധ്യമാകണമെങ്കിൽ സ്കൂളു കളിലും കുടുബങ്ങളിലും നിന്ന് ബോധവത്ക്കരണം തുടങ്ങണം എങ്കിൽ മാത്രമെ വർദ്ധിച്ചു വരുന്ന സ്ത്രീ പീഡനങ്ങൾക്ക് അറുതിവരികയു ള്ളുവെന്നും, അല്ലാതെ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടതുകൊണ്ടുമാത്രം ഈ പ്രശ്നങ്ങൾ അവസാനിക്കുകയില്ലെന്ന് സിസ്റ്റർ അഭിപ്രായപ്പെട്ടു. ബത്തേരി നിയോജന മണ്ഡലം എം.എൽ.എ. ശ്രീ. ഐ.സി. ബാല കൃഷ്ണൻ, ശ്രീ എൻഡി അപ്പച്ചൻ, കെ.സി.വൈ.എം. അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ, രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി, സംസ്ഥാന വൈസ്സ് പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര, രൂപതാ സെക്രട്ടറി അലീന മണൽവിള, സ്റ്റേറ്റ് അഡ്വവൈ സ്സറി അംഗം ശ്രീമതി റാണി ഓമക്കര എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപതാ ജോയിന്റ് സെക്രട്ടറി ശ്രീ. ജിഷിൻ, രൂപതാ സെക്രട്ടറി ശ്രീ. ജിജോ താന്നിവേലിൽ, ട്രഷറർ സുബിൻ ജോസ്, കോഡിനേറ്റർ ശ്രീ. ജിജോ പൊടിമറ്റം , സംസ്ഥാന സിൻഡിക്കേറ്റംഗം കുമാരി സ്റ്റെല്ല ഫ്രാൻസിസ്, രൂപതാ സിൻഡിക്കേറ്റംഗങ്ങളായ കുമാരി അഞ്ജലി ചെറുപ്ലാവിൽ, സി. ലിന്റ എ.ഫ്.സി.സി, അഭിലാഷ് അറ യ്ക്കൽ, ബിബിൻ പിട്ടാപ്പള്ളി, അനീഷ് മൂലയിൽ, സി. ഷാരോൺ എഫ്.സി.സി. എന്നിവർ നേതൃത്വം നൽകി. 'സൈബർ ലോകത്തെ ചതി ക്കുഴികൾ' എന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജിജിൽ യുവതികൾക്കുവേ ണ്ടി സെമിനാർ നടത്തി. കേശദാനം നടത്തി സമൂഹത്തോടുള്ള തങ്ങ ളുടെ പ്രതിബദ്ധത വെളിവാക്കിയ ഓരോരുത്തർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. സഹകരിച്ച ഓരോരുത്തർക്കും നന്ദി.

**ആനിമ 2017**

ഈ വർഷത്തെ യൂണിറ്റ് മേഖല ആനിമേറ്റേഴ്സ് സംഗമം 'ആനിമ' മാനന്തവാടി സെന്റ് പീറ്റർ ആന്റ് പോൾ ചർച്ചിൽ വച്ച് നടന്നു. 50 ആനിമേറ്റേഴ്സ് സംഗമത്തിൽ പങ്കെടുത്തു. രൂപത പ്രസിഡണ്ട് ശ്രീ. എബിൻ ഫിലിപ്പ് ആനിമേറ്റേഴ്സിനെ സ്വാഗതം ചെയ്തു. തുടർന്ന് 'യുവ ജനം 'വിശ്വാസം വിളി സംബന്ധമായ വിവേചിച്ചറിയൽ' 2018 മെത്രാൻ സിനഡിന്റെ ഒരുക്കരേഖയെക്കുറിച്ചുള്ള പഠനക്ലാസ്സ് റവ. സി. ആൻസി

പോൾ എസ്.എച്ചിന്റെ നേതൃത്വത്തിൽ നടത്തി. റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ, ശ്രീ. എബിൻ ഫിലിപ്പ്, സി. സ്മിത എസ്.എ.ബി.എസ്. എന്നിവർ ആനിമേറ്റേഴ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തരിയോട് മേഖല ആനിമേറ്റർ സി. ലിന്റ എഫ്.സി.സി. സമ്മേളനത്തിന് നന്ദി പറഞ്ഞു.

**ക്രേസി മഡ് വോളിബോൾ**

കെ.സി.വൈ.എമ്മിന്റെ ആതിഥേയത്വത്തിൽ കോട്ടത്തറയിൽ വച്ച് വയനാട് ക്രേസി മഡ് വോളിബോൾ നടത്തപ്പെട്ടു. 11 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. രാവിലെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മത്സര കമ്മിറ്റി കൺവീനർ ശ്രീ. ജിജോ പൊടിമറ്റം സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം. അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ അദ്ധ്യക്ഷത വഹിച്ചു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മിസ്റ്റർ ജസീർ പള്ളിവയൽ മത്സരം ഉദ്ഘാടനം ചെയ്തു. കോട്ടത്തറ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോമി കൊച്ചുപാറയ്ക്കൽ ആശംസകൾ അറിയിച്ചു സംസാരിച്ചു. കെ.സി.വൈ.എം. രൂപതാ ട്രഷറർ ശ്രീ. സുബിൻ ജോസ് നന്ദി പറഞ്ഞു. കോട്ടത്തറ ടീം ഒന്നാം സ്ഥാനവും ഇടിവണ്ണ ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**ഇന്ത്യയിലെ ക്രൈസ്തവ രക്തസാക്ഷികളെക്കുറിച്ച് സെമിനാർ**

ഇന്ത്യയിലെ ക്രൈസ്തവ പീഡനത്തെക്കുറിച്ച് കാന്തമാലിലെ യഥാർത്ഥ സംഭവങ്ങളുടെ വെളിച്ചത്തിൽ പ്രശസ്ത പത്രപ്രവർത്തകനും സാമൂഹിക പ്രവർത്തകനുമായ ശ്രീ. ആന്റോ അക്കര ഒരു ദിവസത്തെ സെമിനാർ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നയിച്ചു. യുക്തിക്കതീതമായ വിശ്വാസം കൊണ്ട് ക്രിസ്തു സാക്ഷ്യം വഹിച്ച രക്തസാക്ഷികളെ പരിചയപ്പെടുത്തി, അവരുടെ വിശ്വാസ തീക്ഷ്ണത വളരെ ഭംഗിയായി അവതരിപ്പിച്ചപ്പോൾ തണുത്തുറഞ്ഞവിശ്വാസം ഉജ്ജ്വലിപ്പിക്കാനുള്ള ഒരു പ്രചോദനമായി ഈ സെമിനാർ മാറി. വിവിധ ഇടവകകളിൽ നിന്ന് മതാദ്ധ്യാപകർ, സംഘടനാ പ്രവർത്തകർ, കൈക്കാരൻമാർ, സിസ്റ്റേഴ്സ്, ബഹുമാനപ്പെട്ട വൈദീകർ തുടങ്ങിയ 150 പേർ സെമിനാറിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട വികാരി ജനറാൽ മോൺ. അബ്രാഹം നെല്ലിക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി ഉദ്ഘാടന സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. രൂപതാ വൈസ്സ് പ്രസിഡണ്ട് കുമാരി റോസ് മേരി സ്വാഗതം ആശംസിച്ചു. ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ശ്രീ. ആന്റോ അക്കരെയെ സദസ്സിന് പരിചയപ്പെടുത്തി. അസോസിയേറ്റ്

ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാംകോട്ടിൽ നന്ദി പറഞ്ഞു. ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. വചനപ്രതിഷ്ഠ നടത്തി. റോസ് മേരി, അലീന മണൽവിള, സുബിൻ, ജിജോ താന്നിവേലിൽ, ഷാജി അഴകനാൽ, അഭിലാഷ് തുടങ്ങിയവർ നേതൃത്വം നൽകി.

**15-ാം മെത്രാൻ സിനഡിന്റെ ഒരുക്കരേഖയുടെ പഠനശിബിരം**

2018 ഒക്ടോബർ മാസം യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ എന്ന വിഷയത്തെ ആസ്പദമാക്കി റോമിൽ നടക്കുന്ന 15-ാം മെത്രാൻ സിനഡിന്റെ ഒരുക്കരേഖയുടെ പിഒസിയിൽ വച്ച് നടന്ന പഠനശിബിരത്തിൽ രൂപത ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ് . പങ്കെടുത്തു.

**രൂപതാ സന്ദർശനം നടന്ന യൂണിറ്റുകൾ**

ജൂലൈ 23 – മഞ്ഞൂറ – റവ. ഫാ. അനീഷ് കാട്ടാംക്കോട്ടിൽ
കാവുമന്ദം – ജിജോ പൊടിമറ്റം, സി. സ്മിത എസ്.എ.ബി.എസ്.
ഓഗസ്റ്റ് 6 – കളത്തുവയൽ – റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, പ്രശാന്തഗിരി– ജിജോ പൊടിമറ്റം, പുതിയിടം – എബിൻ മുട്ടപ്പള്ളി, പൂതിയിടംക്കുന്ന് – സുബി ജോസ്, വഞ്ഞോട് – ജിഷിൻ മുണ്ടക്കാത്തടത്തിൽ, കല്ലുവയൽ – സി. സ്മിത
ഓഗസ്റ്റ് 13 – കോട്ടത്തറ – റവ. ഫാ. അനീഷ് കാട്ടാംക്കോട്ടിൽ
ഒഗസ്റ്റ് 20 – പുൽപ്പള്ളി – ശ്രീ. ബിബിൻ ചെമ്പക്കര

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന് മേഖല**

**ആഷേർ 2017**

ഭാരതത്തിന്റെ 71-ാം സ്വാതന്ത്ര്യദിനവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടുമനുബന്ധിച്ച് ചുങ്കക്കുന്ന് മേഖല സമിതിയുടെ നേതൃത്വത്തിൽ ആഷേർ 2017-യുവജന സംഗമം ചുങ്കക്കുന്ന് ഫാത്തിമ മാതാ ദേവാലയ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. റവ. ഫാ. സനീഷ് വടാശ്ശേരി വചനപ്രതിഷ്ഠ നടത്തി. മേഖല ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാത്ത് സ്വാഗതം ആശംസിച്ചു. മേഖല പ്രസിഡണ്ട് ശ്രീ. കമില്ലോ കണ്ണന്താനം ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന വികാരി റവ. ഫാ.വിൻസെന്റ് കളപ്പുര സെമിനാർ ഉദ്ഘാടനം ചെയ്ത് നീതി നിഷേധിക്കപ്പെട്ട കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ കുടുംബത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. റേഡിയോ മാറ്റൊലി ഡയറക്ടർ റവ.ഡോ.സെബാസ്റ്റ്യൻ പുത്തേൻ സെമിനാർ നയിച്ചു. രൂപതാ സെക്രട്ടറി ജിജോ താന്നിവേലിൽ സെമിനാറിന് ആശംസകൾ അറിയിച്ചു സംസാരിച്ചു. മേഖല കോഡിനേറ്റർ റോബിൻ സമ്മേളന

ത്തിന് നന്ദി പറഞ്ഞു. മേഖല ആനിമേറ്റർ സി.റോസ്മിൻ എസ്.എച്ച്, വൈസ്സ് പ്രസിഡണ്ട് അലീഷ, സെക്രട്ടറി സിബിൻ, ജോയിന്റ് സെക്രട്ടറി ജിസ്ന എന്നിവർ നേതൃത്വം നൽകി. 225 യുവജനങ്ങൾ സെമിനാറിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടു കൂടി 'ആഷേർ 2017' ന് തിരശീല വീണു.

**പ്രതിഷേധ റാലി**

നീതി നിഷേധിക്കപ്പെട്ട കാഞ്ഞിരത്തിനാൽ കുടുംബത്തിന് നീതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ചുങ്കക്കുന്ന് ടൗണിലേയ്ക്ക് പ്രതിഷേധ റാലി നടത്തി. രൂപത മേഖല ഭാരവാഹികൾ യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, മേഖലയിലെ യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

**ദ്വാരക മേഖല**

ജൂലൈ മാസത്തിൽ വിവിധ യൂണിറ്റുകളിൽ നടന്ന യുവജന ആഘോഷങ്ങളുടെ 3 മിനിറ്റ് ദൈർഘ്യമുള്ളവീഡിയോ ശേഖരിച്ച് എറ്റവും മനോഹരമായ വീഡിയോയ്ക്ക് സമ്മാനം നൽകാനും തീരുമാനിച്ചു.

**യൂണിറ്റ് വാർത്തകൾ**

**കല്ലോടി യൂണിറ്റ്**

ജൂലൈ 28 അൽഫോൻസാമ്മയുടെ തിരുനാളിന് ഇടവകയിലെ എഫ്.സി.സി. കോൺവെന്റ് സന്ദർശിച്ച് ചാപ്പലിൽ വച്ച് വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥമപേക്ഷിച്ച് പ്രാർത്ഥിച്ചു. ഓഗസ്റ്റ് 1-ാം തീയതി കെ.സി.വൈ.എം. പതാക ഉയർത്തി കെ.സി.വൈ.എം. മാസാചരണം ഉദ്ഘാടനം ചെയ്തു. ഓഗസ്റ്റ് 5 ന് രോഗീ സന്ദർശനം നടത്തി. എല്ലാ ദിവസവും 5 മണിക്ക് പതാക വന്ദനം നടത്തുന്നു.

**കാവുമന്ദം യൂണിറ്റ്**

രൂപതയുടെ നേതൃത്വത്തിൽ ആത്മജ്വാല 2017 ജാഗരണ പ്രാർത്ഥന യൂണിറ്റിൽ വച്ച് നടത്തി. പ്രാർത്ഥനയിൽ സംബന്ധിച്ചവർക്ക് ഭക്ഷണവും മറ്റെല്ലാ സഹായ സഹകരണങ്ങളും യണിറ്റംഗങ്ങൾ ചെയ്തു കൊടുത്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 4-ാം തിയ്യതി ഞായറാഴ്ച്ച വൃക്ഷ തൈ വിതരണം നടത്തി. ജൂൺ 18-ാം തിയ്യതി കൽപ്പറ്റ അഹല്യ ഫൗണ്ടേഷനുമായി സഹകരിച്ച് കെ.സി.വൈ.എം. കാവുമന്ദം യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ നേത്ര പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. 150 പേർ പങ്കെടുത്തു. സർക്കാരിന്റെ മദ്യനയത്തിൽ പ്രതിഷേധിച്ച് 26 ന് കുരിശിന്റെ വഴി പ്രാർത്ഥന നടത്തി.

ജൂലൈ 23 യുവജനദിനം ആഘോഷിച്ചു. 65 യുവജനങ്ങൾ പങ്കെടുത്തു. ആഘോഷമായ ദിവ്യബലിക്ക് യുവജനങ്ങൾ നേതൃത്വം നൽകി.

തുടർന്ന് നടന്ന സെമിനാറിന് ശ്രീ. ജോൺ വടക്കേക്കര നേതൃത്വം നൽകി. രൂപതയുടെ നേതൃത്വത്തിൽ യൂണിറ്റിൽ വിസിറ്റ് നടത്തി. സി.സ്മിത, ശ്രീ. ജിജോ പൊടിമറ്റം, ശ്രീ. ജോൺസൺ മുണ്ടിയാങ്കൽ എന്നിവർ വിസിറ്റിന് നേതൃത്വം നൽകി.

**പുതുശ്ശേരി**

ജൂലൈ 9 ന് യുവജനദിനം ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് യുവജനങ്ങൾക്ക് വേണ്ടി പ്രത്യേക ദിവ്യബലിയും ക്ലാസ്സും സംഘടിപ്പിച്ചു. ദേവാലയ നിർമ്മാണ ഫണ്ട് സമാഹരിക്കുന്നതിനായി കെ.സി.വൈ.എം. അംഗങ്ങൾ ചായപ്പൊടി വിൽപ്പന നടത്തി. ജൂലൈ 30-ാം തിയ്യതി പുതുശ്ശേരി ടൗണിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന ബസ് വെയിറ്റിംഗ് ഷെഡ് വൃത്തിയാക്കി. ഇത് പ്രയോജനപ്പെടുത്തുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തുകയും ചെയ്തു.

**പാറത്തോട്ടം യൂണിറ്റ്**

നിർദ്ധന കുടുംബത്തെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഭവന സന്ദർശനം നടത്തുകയും ധനസഹായം നൽകുകയും ചെയ്തു. യുവജനമാസാചരണത്തിന്റെ ഭാഗമായി മാർഗ്ഗരേഖ തയ്യാറാക്കി.

**ഏലപ്പീടിക**

യുവജന ദിനം ആഘോഷിച്ചു. അന്നേദിവസം കണിച്ചാറ്റിൽ ഉള്ള ജീസസ്സ് ചൈൽഡ് ഹോം സന്ദർശിക്കുകയും അരി വിതരണം ചെയ്യുകയും ചെയ്തു.

**താളിപ്പാടം യൂണിറ്റ്**

യുവജനദിനാചരണത്തോടനുബന്ധിച്ച് ഡയറക്ടർ റവ. ഫാ. മാത്യു കറുത്തേടം യുവജനം നേരിടുന്ന വെല്ലുവിളികൾ വചനത്തിന്റെ വെളിച്ചത്തിൽ നേരിടേണ്ടതിനെക്കുറിച്ച് ക്ലാസ്സെടുത്തു.

**പുതിയിടംകുന്ന് യൂണിറ്റ്**

ദുക്റാന തിരുനാൾ ദിവസം തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. യുവജനങ്ങളിൽ ഒരാൾ നൽകിയ സംഭാവനകൊണ്ട് സമരിറ്റൻ ഭവനിലെ അന്തേവാസികൾക്ക് ഉച്ചഭക്ഷണം നൽകി. അവരോടൊപ്പം സമയം ചിലവഴിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

യുവജനാഘോഷത്തിന്റെ ഭാഗമായി നടന്ന വിശുദ്ധ ബലിക്ക് യുവജനങ്ങൾ നേതൃത്വം നൽകി. അഡ്വക്കറ്റ് ശ്രീ. എബിൻ കുര്യൻ ക്ലാസ്സെടുത്തു. ഇടവകയിലെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ പൊന്നാടയണിയിച്ച് ആദരിക്കുകയും അവരോടൊപ്പം ഉച്ചഭക്ഷണം കഴിക്കുകയും ചെയ്തു.

യൂണിറ്റ് ഫണ്ട് സമാഹരണാർത്ഥം സമ്മാനകൂപ്പൺ സംഘടിപ്പിച്ചു. ബത്തേരി ഡോൺ ബോസ്കോ കോളേജിൽ നടന്ന അതിക്രമങ്ങളെ അപലപിച്ചുകൊണ്ട് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. പോരൂർ വൃദ്ധ സദനം-സ്നേഹാലയം സന്ദർശിച്ച് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**കയ്യൂന്നി യൂണിറ്റ്**

30/7/17 ന് നടന്ന സെമിനാറിൽ യുവജനങ്ങൾ ഒരുമയോടെ എന്ന വിഷയത്തെ ആസ്പദമാക്കി, റവ. ഫാ. ബിജു കോയിക്കാട്ടിൽ ക്ലാസ്സെടുത്തു. യൂത്ത് ഡേ സമുചിതമായി ആഘോഷിച്ചു. അന്നേ ദിവസം ഷെൽബി അൻപകം ഡിവോഴ്സ് ആന്റ് മാരിറ്റൽ റെയ്പ്പ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു. വികാരിയച്ചന്റെ നേതൃത്വത്തിൽ യുവജനവും മീഡിയയും, ഇടവകയിൽ യുവജനങ്ങളുടെ പങ്ക്, യുവജനങ്ങളും ഇടവക പ്രവർത്തനങ്ങളും, സഭയിൽ നിന്ന് യുവജനങ്ങൾ എന്ത് പ്രതീക്ഷിക്കുന്നു എന്ന വിഷയങ്ങളിൽ ചർച്ച സംഘടിപ്പിച്ചു. തുടർന്ന് ഓരോ യൂണിറ്റിൽ നിന്നും 3 പേരടങ്ങുന്ന മാനേജിങ്ങ് കമ്മിറ്റിയെ തിരഞ്ഞെടുത്തു.

**തൃശ്ശിലേരി യൂണിറ്റ്**

യുവജന ദിനാഘോഷത്തിന്റെ ഭാഗമായി മുതിർന്ന കെ.സി.വൈ.എം. പ്രവർത്തകരെ ആദരിച്ചു. യൂണിറ്റിൽ വച്ച് നടന്ന രൂപത യുവജനദിനാഘോഷത്തിൽ രൂപത ഭാരവാഹികളെ മരതൈ നൽകി ആദരിച്ചു. പ്രകൃതി സംരക്ഷണം നാടിന്റെ നന്മയ്ക്ക് എന്ന ആശയത്തിലൂന്നി വൃക്ഷതൈ വിതരണം നടത്തി. ദിവസവും ജൂബിലി പ്രാർത്ഥനയ്ക്കായ് വൈകുന്നേരം 7 മുതൽ യുവജനങ്ങളും വികാരിയച്ചനും ഒരുമിച്ചു കൂടുന്നു.

**ദ്വാരക യൂണിറ്റ്**

യുവജന ദിനം സമുചിതമായി ആഘോഷിച്ചു. യോഗത്തിനു ശേഷം യുവജനങ്ങൾ ഒരുമിച്ച് ദ്വാരക ടൗൺ വൃത്തിയാക്കി. സമരിറ്റൻ ഭവൻ പരിസരം വൃത്തിയാക്കി ഒരു ചാക്ക് അരി സംഭാവന ചെയ്തു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂലൈ 21 മുതൽ 24 വരെ നടന്ന കോഴ്സിൽ 114 പേരും ആഗസ്റ്റ് 11 മുതൽ 14 വരെ നടന്ന കോഴ്സിൽ 92 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

സെപ്റ്റംബർ 6 -9 - പാസ്റ്ററൽ സെന്റർ ദ്വാരക

ഒക്ടോബർ 8- 11 - പാസ്റ്ററൽ സെന്റർ ദ്വാരക

ഒക്ടോബർ 27- 30 - പാസ്റ്ററൽ സെന്റർ ദ്വാരക

**കുടുംബപ്രേഷിതത്വം സംയുക്ത എക്സിക്യൂട്ടീവ്**

ആഗസ്റ്റ് 12-ന് പാസ്റ്ററൽ സെന്ററിൽ ചേർന്ന രൂപതാ കുടുംബപ്രേഷിതത്വം സംയുക്ത എക്സിക്യൂട്ടീവിൽ 44 പേർ പങ്കെടുത്തു. ബഹു. മേഖലാ ഡയറക്ടർ അച്ചന്മാർ, മേഖല ആനിമേറ്റേഴ്സ്, മരിയൻ സിംഗിൾസ് ആനിമേറ്റർ, പ്രതിനിധികൾ, വനിതാ കമ്മീഷൻ ആനിമേറ്റർ, മാതൃവേദി രൂപതാ എക്സിക്യൂട്ടീവ്, മേഖലാ പ്രസിഡണ്ടുമാർ എന്നിവർക്ക് ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. രൂപതാ ഡയറക്ടർ ഫാ. ജോഷി മഞ്ഞക്കുന്നേൽ അദ്ധ്യക്ഷതവഹിച്ച മീറ്റിംഗിന് രൂപതാ ആനിമേറ്റർ സി. കൃപ സ്വാഗതവും രൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീമതി നീന കൽപ്ര നന്ദിയും പറഞ്ഞു. രൂപതയിൽ കുടുംബപ്രേഷിതത്വ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. അടുത്ത വർഷത്തേക്ക് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ: കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾക്കുണ്ടാകേണ്ട കരുതൽ, വിവാഹം കഴിക്കാതെ നിൽക്കുന്ന യുവജനങ്ങൾ, വിവാഹാനന്തര ക്ലാസുകൾ/ സെമിനാറുകൾ, ജീവിതപങ്കാളി മരിച്ചുപോയവർ, ഗർഭിണികൾക്കായ് കൂട്ടായ്മകൾ മുതലായവ. സ്ത്രീകൾക്കെന്നപോലെ ആൺകുട്ടികൾക്കും പുരുഷൻമാർക്കും പ്രവർത്തന വേദികളും ക്ലാസ്സുകളും ക്രമീകരിക്കണമെന്നതും പ്രധാന ചർച്ചാവിഷയമായിരുന്നു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് അവസാനിച്ചു.

**മാതൃവേദി**

**കല്ലോടി മേഖല**

ജൂലൈ 15-ന് ദീപ്തിഗിരി പള്ളിയിൽ ചേർന്ന മേഖല ജനറൽബോഡി യോഗത്തിൽ 11 ഇടവകകളിൽ നിന്നായി അമ്മമാർ പങ്കെടുത്തു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ശാഖ പ്രവർത്തനങ്ങൾ വിലയിരുത്തി.

**പയ്യമ്പള്ളി മേഖല**

ജൂൺ 6 -ന് മേരിമാതാ കോളേജിൽ വച്ച് മേഖല മാതൃവേദി എക്സിക്യൂട്ടീവ് ചേർന്നു. ബഹു. ജോർജ്ജ് മൈലാടൂർ അച്ചന്റെ നേതൃത്വത്തിൽ ഓരോ കുടുംബത്തിലും ഔഷധ തൈകൾ എന്ന സന്ദേശം നൽകികൊണ്ട് ഔഷധ തൈകൾ വിതരണം ചെയ്തു. ജൂലൈ 8-ന് ഒണ്ടയങ്ങാടി ദേവാലയത്തിൽ വച്ച് മേഖലാതല സെമിനാർ നടത്തി. ബഹു. ഫാ. ജോർജ്ജ് മൈലാടൂർ 'സമൂഹ നിർമ്മിതിയിൽ അമ്മമാരുടെ പങ്ക്' എന്ന വിഷയത്തെകുറിച്ച് ക്ലാസ്സെടുത്തു. ജൂലൈ 29-ന് എക്സിക്യൂട്ടീവ് ചേർന്നു. ആഗസ്റ്റ് 15 -ന് മേഖല എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ക്യാൻസർ രോഗികളെ സന്ദർശിക്കാൻ തീരുമാനിച്ചു.

**ചുങ്കക്കുന്ന് മേഖല**

ജൂലൈ 12-ന് കേളകം സാൻ ജോസ് പള്ളിയിൽ വെച്ച് മഴക്കാല രോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തെകുറിച്ച് ഡോ. ഡോണിയ തോമസ് ക്ലാസ്സെടുത്തു.

**പോരൂർ**

ജൂലൈ 7 -ന് 'സമൂഹ നിർമ്മിതിയിൽ കുടുംബങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ശ്രീ. പോൾ തോപ്പിൽ ക്ലാസ്സ് നയിച്ചു. ആഗസ്റ്റ് 6-ന് 15 വർഷം പൂർത്തിയായ ദമ്പതിമാർക്കായി ഫാ. ജോഷി മഞ്ഞക്കുന്നേൽ ക്ലാസ്സ് നയിച്ചു.

**ദ്വാരക**

ജൂലൈ 16-ന് ആന്റണി വൈദ്യർ മാതാപിതാക്കൾക്കായി നടത്തിയ സെമിനാറിൽ എല്ലാ അമ്മമാരും പങ്കെടുത്തു. ജൂലൈ 28 -ന് അൽഫോൻസാമ്മയുടെ തിരുനാളിന് അമ്മമാർ നേതൃത്വം നൽകി. ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജൂലൈ 30- ന് ബഹു. ജോസ് തേക്കനാടി അച്ചൻ അമ്മാർക്ക് 'സ്വയാവബോധം' എന്ന വിഷയത്തെ ക്കുറിച്ച് ക്ലാസ്സ് എടുത്തു.

**പൂളപ്പാടം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ 10 വർഷം വരെയുള്ള

ദമ്പതികൾക്ക് ക്ലാസ്സ്, ദിവ്യബലി, സ്നേഹവിരുന്ന് ഇവ ഉൾപ്പെടുത്തി ദമ്പതി സംഗമം നടത്തി. നാലാമത്തെ കുഞ്ഞിന് ജന്മം നൽകിയ അമ്മയെ ആദരിക്കുകയും കുഞ്ഞിനു സമ്മാനം നൽകുകയും ചെയ്തു.

**കേളകം**

ജൂലൈ 12-ന് കേളകം സാൻ ജോസ് പള്ളിയിൽ വെച്ച് മേഖല എക്സിക്ക്യൂട്ടീവ് ചേർന്നു. മാർഗ്ഗരേഖ വിതരണം ചെയ്തു. ഉച്ചകഴിഞ്ഞ് മഴക്കാല രോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തെക്കുറിച്ചുള്ള ക്ലാസ്സിൽ അമ്മമാർ പങ്കെടുത്തു.

**കമ്മന**

ഒണ്ടയങ്ങാടിയിൽ വച്ച് നടന്ന മേഖല സെമിനാറിൽ അമ്മമാർ പങ്കെടുത്തു. ദേവാലയ നിർമ്മാണത്തിന്റെ ധനശേഖരണാർത്ഥം മുറിവെണ്ണ, ലേഹ്യം, പൂച്ചെടികൾ എന്നിവ ഉണ്ടാക്കി വിറ്റു. വി.അൽഫോൻസാമ്മയുടെ തിരുനാളിന് നേർച്ചഭക്ഷണം ഉണ്ടാക്കാൻ സഹായിച്ചു.

**കാവുംമന്ദം**

ജൂലൈ 8-ന് മഞ്ഞൂറ ഇടവകയിൽ വച്ച് നടത്തിയ ജപമാലറാലിയിൽ മാതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുത്തു. Mentaly challenged ആയിട്ടുള്ളവരുടെ കുടുംബങ്ങൾ സന്ദർശിച്ചു, മൂന്നു കുടുംബങ്ങൾക്ക് പിടിയരി കൊടുത്തു സഹായിച്ചു. ഹൃദ്രോഗിക്ക് ഓപ്പറേഷന് ധനസഹായം നൽകി. കുഞ്ഞോം ബാലഭവന് അരി നൽകി.

**മഞ്ഞൂറ**

രോഗീ സന്ദർശനം നടത്തി, ചികിൽസയ്ക്കായ് ഒരു രോഗിക്കും ഡയാലിസ് ചെയ്യുന്ന വ്യക്തിക്കും ധനസഹായം നൽകി.

**കോട്ടത്തറ**

ജൂലൈ 8-ന് മഞ്ഞൂറ ഇടവകയിൽ വച്ച് നടത്തിയ ജപമാല റാലിയിൽ അമ്മമാർ പങ്കെടുത്തു. ഒരു ദരിദ്ര കുടുംബത്തിന് അരി നൽകി. എസ്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എ പ്ലസ്സ് നേടിയ സോന തേക്കിലക്കാട്ടിനെ അഭിനന്ദിക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്തു.

**പുതിയിടംകുന്ന്**

ജൂലൈ 20-ന് അമ്മമാർക്ക് സെമിനാർ നടത്തി. സി. മരീന എസ് എച്ച് ക്ലാസിന് നേതൃത്വം നൽകി. വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അൽഫോൻസ ക്വിസ്സ് നടത്തി. വാർഡ് മീറ്റിംഗിനോടനുബന്ധിച്ച് ലൈബ്രറി പുസ്തകം വായനയ്ക്ക് നൽകി.

**കയ്യൂന്നി**

ജൂലൈ 26 -ന് വി. അന്നായുടെ തിരുനാളിൽ ദിവ്യബലിയിൽ പങ്കുകൊള്ളാൻ വന്ന 65 വയസ്സിനുമുകളിൽ പ്രായമുള്ള മാതാപിതാക്കളെ ഓർക്കുകയും അവർക്കായി ബഹു. തോമസ് മണക്കുന്നേൽ അച്ചൻ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**ഇരുളം**

ജൂൺമാസത്തിലെ എല്ലാ ദിവസവും തിരുഹൃദയകൊന്ത ചൊല്ലി ഗർഭസ്ഥ ശിശുക്കൾക്കു വേണ്ടി അമ്മമാർ പ്രാർത്ഥിച്ചു. സർക്കാരിന്റെ മദ്യനയത്തിനെതിരെ കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. നവദമ്പതികളെ അനുമോദിച്ച് സമ്മാനം നൽകി. മഴ ലഭിക്കാൻ ദിവ്യകാരുണ്യ ആരാധന നടത്തി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**മരിയൻ സിംഗിൾസ്**

ആഗസ്റ്റ് 21 -ന് മീറ്റിംഗിൽ 12 പേർ പങ്കെടുത്തു. സി. മരീന ജോസ് എസ്. എച്ച്. നേതൃത്വം നൽകി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (4-8-17)**

സീയോൻ ടീം മീറ്റിംഗ് ആഗസ്റ്റ് 4 ന് സീയോൻ ധ്യാന കേന്ദ്രത്തിൽ 4 മണിക്ക് ആരംഭിച്ചു. ആദ്യശനി ഒരുക്കശുശ്രൂഷ നടത്തുകയും 6.30 ന് ജാഗരണപ്രാർത്ഥനയും, കുരിശിന്റെ വഴിയും വി.കുർബാനയ്ക്കും ശേഷം രാത്രി 12 മണിയോടുകൂടി ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ (5-8-17)**

പ്രഭാതപ്രാർത്ഥനകൾ രാവിലെ 6 മണിക്ക് ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവയ്ക്കുശേഷം 9.00 ന് കൺവെൻഷൻ ആരംഭിച്ചു. ബഹു. ഫാ. പോൾ മുണ്ടോളിക്കൽ വി.കുർബാനയർപ്പണവും വചനപ്രഘോഷണവും നടത്തി. 3.30 ന് സമാപിച്ചു. വൈദികർക്കും സമർപ്പിതർക്കുംവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തി.

**സ്പിരിച്ച്വൽ ഷെയറിംഗ് ദിനം (12-8-17)**

രണ്ടാം വെള്ളി സ്പിരിച്ച്വൽ ഡിറക്ടേഴ്സ് സീയോനിൽ വന്ന് നാല് മണിക്കൂറോളം സമയം പ്രാർത്ഥിച്ചൊരുങ്ങി. ശനിയാഴ്ച ശുശ്രൂഷ നടത്തി. 79 പേർ പങ്കെടുത്തു.

**ശുശ്രൂഷകരുടെ ധ്യാനം (ആഗസ്റ്റ് 8-9)**

സീയോൻ സി ആർ സിയിൽ ശുശ്രൂഷ ചെയ്യുന്ന മുഴുവൻ ശുശ്രൂഷകർക്കുംവേണ്ടി ഏകദിന ധ്യാനം നടത്തി. ചൊവ്വാഴ്ച വൈകുന്നേരം 4.30 ന് ആരംഭിച്ചു. ബുധനാഴ്ച വൈകിട്ട് 4.30 ന് സമാപിച്ചു. മുഴുവൻ ശുശ്രൂഷകരും പങ്കെടുത്തു. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നിന്നും ബ്രദർ ഫ്രാൻസീസ്, ബ്രദർ ബിജു, ബ്രദർ ബാബു എന്നിവർ നേതൃത്വം നൽകി.

**കരിസ്മാറ്റിക് ജൂബിലി (ആഗസ്റ്റ് 12-15)**

ഇരിങ്ങാലക്കുടയിൽ വച്ച് നടന്ന കരിസ്മാറ്റിക്ക് മഹാജൂബിലി സമ്മേളനത്തിന് സീയോൻ ധ്യാനകേന്ദ്രത്തിൽ നിന്നും മാനന്തവാടി സോണിൽ നിന്നും 6 വൈദികരും 20 സിസ്റ്റേഴ്സും 189 അത്മായരും പങ്കെടുത്തു.

**വിധവാ – വിധുരൻ ഫോളോഅപ്പ് (ആഗസ്റ്റ് 16 )**

ജൂലൈ മാസത്തിൽ നടന്ന വിധവാ-വിധുരൻ ധ്യാനത്തിന്റെ ഫോളോഅപ്പ് സീയോനിൽ വച്ച് നടന്നു. 40 പേർ പങ്കെടുത്തു.

**ജാഗരണദിനം (ആഗസ്റ്റ് 18)**

മൂന്നാംവെള്ളി ജാഗരണം നടത്തി. വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് ശനിയാഴ്ച രാവിലെ 5 മണി വരെ. റവ. ഫാ. വിനോദ് പാക്കാനിക്കുഴി നേതൃത്വം നൽകി.

**താമസിച്ചുള്ള ധ്യാനം (ആഗസ്റ്റ് 20–24)**

സീയോനിൽ വച്ച് ആന്തരിക സൗഖ്യധ്യാനം നടന്നു. റവ. ഫാ. സോണി വാഴേകാട്ട്, റവ. ഫാ. ബാബു മൂത്തേടത്ത്, റവ. ഫാ. സണ്ണി മഠത്തിൽ, റവ. ഫാ. സനോജ്, റവ. ഫാ. ജെയ്മോൻ, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, ശ്രീമതി എൽസി കുളത്തിങ്കൽ എന്നിവർ നേതൃത്വം നൽകി.

**രോഗസൗഖ്യ ദിനം – ആഗസ്റ്റ് 26**

സൗഖ്യത്തിനായി സീയോനിലേക്ക് കടന്നു വരുന്ന രോഗികൾക്കു വേണ്ടി ജപമാല, സ്തുതി ആരാധന, കുരിശിന്റെ വഴി എന്നീ ശുശ്രൂഷകളോടെ പ്രാർത്ഥന ആരംഭിച്ചു. ബഹു. സോണി വാഴകാട്ടച്ചൻ വി. കുർബാനയർപ്പിക്കുകയും സൗഖ്യപ്രാർത്ഥനയും കൈവയ്പ്പ് ശുശ്രൂഷയും നടത്തി. സൗഖ്യം ലഭിച്ചവർ സാക്ഷ്യം നൽകി.

**സെപ്റ്റംബറിലേയ്ക്കൊരു എത്തിനോട്ടം**

| | | |
|---|---|---|
| 1 ആദ്യവെള്ളി | – | ഒരുക്കശുശ്രൂഷ, ജാഗരണം |
| 2 ആദ്യശനി | – | ഏകദിന കൺവെൻഷൻ |
| 2–6 (ശനി–ബുധൻ) (ബോയ്സ് ടൗൺ) | – | കോളേജ് കുട്ടികളുടെ ധ്യാനം കണിയാരം കത്തീഡ്രൽ |
| 8 രണ്ടാം വെള്ളി | – | തൂവാനീസ കൂട്ടായ്മ |
| 9 രണ്ടാം ശനി | – | സ്പിരിച്ചൽ ഷെയറിംഗ് |
| 10–14 (ഞായർ–വ്യാഴം) | – | മരിയൻ ധ്യാനം (മാതാക്കൾക്കു മാത്രം) |
| 15 മൂന്നാം വെള്ളി (6 pm–6 am) | – | ജാഗരണ പ്രാർത്ഥന |
| 18–21 (തിങ്കൾ – വ്യാഴം) | – | ഇടവക ധ്യാനം – തരിയോട് |
| 23 നാലാം ശനി | – | രോഗസൗഖ്യദിനം |

ഒത്തിരിസ്നേഹത്തോടെ,

**ഫാ. സോണി വാഴേകാട്ട്**

ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ടവരെ,

നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് ഏഴ് പതിററാണ്ടുകൾ പിന്നിടുകയാണ്. അസ്വാതന്ത്ര്യം അനുഭവിച്ചവർക്കെ സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ രുചി അറിയുവാൻ സാധിക്കുകയുള്ളു. വിവിധ ഭാഷകൾ സംസാരിക്കുന്നവരും, വിഭിന്ന ജാതികളിൽപ്പെട്ടവരും, വ്യത്യസ്ഥ മത വിഭാഗങ്ങളിൽപ്പെട്ടവരും ഏകോദര സഹോദരങ്ങളായി വാഴുന്ന–ലോകത്തിന് മാതൃകയായ–നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ സന്ദേശത്തിലധിഷ്ഠിതമായിരുന്നു നമ്മുടെ രാജ്യം. ഇന്ന് ഏകത്വത്തിന് പകരം പല കോണുകളിൽനിന്നും ഭിന്നിപ്പിന്റെ സ്വരമാണ് ഉയരുന്നത്. ഇവിടെ ക്രൈസ്തവദർശനങ്ങളുടെയും പ്രാർത്ഥനയുടെയും ആവശ്യകത വർദ്ധിക്കുകയാണ്. സത്യം, സമത്വം, സ്വാതന്ത്ര്യം എന്നിവ ഉയർത്തിപ്പിടിച്ച് അപരന്റെ ജാതിമതങ്ങൾ നോക്കാതെ അവരുടെ സഹോദരരാകുവാനുള്ള ദൈവവിളിയാണ് ഓരോ വിൻസെൻഷ്യൻ പ്രവർത്തകനുമുണ്ടാകേണ്ടത്. ഓരോ വിൻസെൻഷ്യന്റെയും ജീവിതത്തിൽ ഒട്ടേറെ പ്രതിബന്ധങ്ങളും കഷ്ടപ്പാടുകളും നേരിടേണ്ടിവരും. നാം ചെയ്യുന്ന സദ്പ്രവർത്തികളെ വിമർശിക്കുന്നവരും അവഹേളിക്കുന്നവരും നമുക്ക് ചുററുമുണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. എന്നാൽ ഇവയ്ക്കു മുന്നിൽ പതറാതെ, ദൈവകരങ്ങളിൽ മുറുകെപിടിച്ച് മുന്നേറുവാനുള്ള ആർജ്ജവം നമുക്കുണ്ടാവണം. നമ്മുടെ ഓരോ സദ്പ്രവർത്തികളിലും ദൈവം നമ്മോടൊപ്പമുണ്ടെന്ന ആഴമായ ബോധ്യം നമ്മിൽ വളർത്തണം. നമ്മുടെ എല്ലാ പ്രവർത്തികളും ദൈവസ്നേഹം പകർന്നു നിൽകുന്നവയാകണം. ഓരോ വിൻസെൻഷ്യനിലും ദൈവത്തെ കാണുന്നതിനുതകുന്ന പ്രവർത്തികളിലേക്ക് നമുക്ക് വ്യാപരിക്കാം. ഭിന്നിപ്പിക്കുന്നതിനു പകരം ഒന്നിപ്പിക്കുന്നവരായി നമുക്ക് മാറാം.

സെപ്റ്റംബർമാസം വിൻസെൻറ് ഡി പോൾ സൊസൈററി പ്രവർത്തകർ പ്രത്യേകം അനുസ്മരിക്കേണ്ട ചില ദിവസങ്ങൾ ഉണ്ട്. 5 – വി. മദർ തെരേസയുടെ തിരുനാൾ, 8 – പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെ ചരമദിനം

(8.9.1853), 14–കുരിശിന്റെ പുകഴ്ച, 15–വ്യാകുലമാതാവിന്റെ തിരുനാൾ, 27– വി.വിൻസെന്റ് ഡി പോളിന്റെ തിരുനാൾ.

**എ.സി. സന്ദർശനങ്ങൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനായി എ.സി.തല സന്ദർശനങ്ങൾ നടന്നുവരികയാണല്ലൊ. ഓഗസ്റ്റ് 6–ന് ഗൂഡല്ലൂർ എ.സി.സന്ദർശനം നടന്നു. എ.സി. പ്രസിഡന്റ് ബ്രദർ. തങ്കച്ചൻ പാറേക്കാട്ടിൽ അധ്യക്ഷതവഹിച്ചു. അരുൾനിലയം പള്ളി വികാരി റവ.ഫാ. ജോസ് തെങ്ങടയിൽ ഉദ്ഘാടനം ചെയ്തു. സി.സി. ഭാരവാഹികളായ ബ്രദർ ജോർജ്ജ് ആക്കാന്തിരി, ബ്രദർ ബാബു നമ്പുടാകം, ബ്രദർ വിൻസെന്റ് ജോൺ വടക്കുഞ്ചേരി, ബ്രദർ എൻ.യു.ജോൺ എന്നിവർ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. ബ്രദർ ജോസ് വട്ടുകുളം, വത്സമ്മ പീറ്റർ എളയച്ചാനി തുടങ്ങിയവർ നേതൃത്വം നല്കി.

തോണിച്ചാൽ എ.സി.യോഗം ദ്വാരക ദൈവാലയഹാളിൽ നടന്നു. ബ്രദർ തോമസ് വൻമേലിൽ അധ്യക്ഷത വഹിച്ചു. ഇടവക വികാരി റവ.ഫാ.ജോസ് തേക്കനടി ഉദ്ഘാടനം ചെയ്തു. സി.സി. ഭാരവാഹികളായ ബ്രദർ ജോർജ്ജ് ആക്കാന്തിരി, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ എൻ.യു. ജോൺ നെടുങ്കൊമ്പിൽ, ബ്രദർ വിൻസെന്റ് ജോൺ, ബ്രദർ പോൾ ആലുങ്കൽ, ബ്രദർ ബാബു നമ്പുടാകം എന്നിവർ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് മാർഗനിർദ്ദേശങ്ങൾ നല്കി.

**ഓസാനാംഭവൻ**

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തുന്ന ഓസാനാംഭവനിൽ നിയമബോധവത്ക്കരണ സെമിനാർ നടത്തി. വൃദ്ധജനങ്ങൾക്കുള്ള നിയമപരിരക്ഷ, സ്ഥാപനം നടത്തുന്നതിനുവേണ്ടതായ നിയമപരമായ രേഖകൾ, പ്രവർത്തനം എന്നിവയെക്കുറിച്ച് വയനാട് ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ.ജോസഫ് മാത്യു ക്ലാസ് എടുത്തു. ഓസാനാംഭവൻ നിവാസികളുടെ സംശയങ്ങൾക്ക് അദ്ദേഹം മറുപടി നല്കി. ഓസാനാംഭവൻ ഭരണസമിതി സെക്രട്ടറി വിൻസെൻറ് ജോൺ വടക്കുഞ്ചേരി, ബാബു നമ്പുടാകം, ജിൽസ് മേക്കൻ എന്നിവർ പ്രസംഗിച്ചു.

**ഓസാനാംഭവൻ സന്ദർശനം**

സെപ്തംമ്പർ മാസത്തിൽ ഓസാനാംഭവൻ സന്ദർശിക്കേണ്ടത് ഒന്നാം തീയതി മുതൽ 15–ാം തീയതിവരെ പുൽപ്പള്ളി എ.സി.യുടെ കീഴിലുള്ള കോൺഫ്രൻസുകൾ, 15–മുതൽ 30–വരെ വാഴവററ എ.സി –യുടെ കീഴിലുള്ള കോൺഫ്രൻസുകളുമാണ്. സന്ദർശന കാര്യങ്ങൾ

കൃത്യമായി പാലിക്കുന്ന കാര്യം അതാത് എ.സി.പ്രസിഡന്റുമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

അടുത്തമാസം മുതൽ മാസത്തിലെ ഓരോ ദിവസവും സി.സി. അംഗങ്ങളുടെ ഓസാനാംഭവൻ സന്ദർശനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച വിവരങ്ങൾ നേരിട്ട് അറിയിക്കുന്നതാണ്.

**എ.സി. സന്ദർശനങ്ങൾ**

സെപ്റ്റംബർ 10-കല്പ്പററ -ഡിപോൾ പള്ളിഹാൾ-ഉച്ചകഴിഞ്ഞ് 2-4.
സെപ്റ്റംബർ 17-കൊട്ടിയൂർ-ചുങ്കകുന്ന് പള്ളിഹാൾ-ഉച്ചകഴിഞ്ഞ് 2-4.
സെപ്റ്റംബർ 24-കുറുമ്പാല-കുറുമ്പാല പള്ളിഹാൾ- ഉച്ചകഴിഞ്ഞ് 2-4.
ഒക്ടോബർ 1-മാനന്തവാടി-മാനന്തവാടി കത്തീഡ്രൽഹാൾ - ഉച്ച കഴിഞ്ഞ് 2-4.
ഒക്ടോബർ 15-പാടിച്ചിറ-പാടിച്ചിറ പള്ളിഹാൾ - ഉച്ചകഴിഞ്ഞ് 2-4.
ഒക്ടോബർ 18-മണിമൂളി-മണിമൂളി പാരിഷ്ഹാൾ- ഉച്ചകഴിഞ്ഞ് 2-4.

**പുതിയ എ.സി. പ്രസിഡന്റുമാർ**

ഗൂഡല്ലൂർ, തോണിച്ചാൽ എന്നീ ഏര്യകൗൺസിലുകൾക്ക് പുതിയ പ്രസിഡന്റുമാരെ തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പിന് എ.സി. സീനിയർ വൈസ്പ്രസിഡന്റുമാർ, സി.സി.ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി. ഗൂഡല്ലൂർ എ.സി. പ്രസിഡൻറായി സിസ്റ്റർ വത്സമ്മ പീററർ എളയച്ചാനി (അരുൾനിലയം ഇടവകാംഗം, ഫോൺ-9487344234), തോണിച്ചാൽ എ.സി. പ്രസിഡന്റായി ബ്രദർ രാജു ചൊവ്വാററുകുന്നേൽ (ദ്വാരക ഇടവകാംഗം, ഫോൺ -9496442075) എന്നിവരെ തെരഞ്ഞെടുത്തു. തോണിച്ചാൽ എ.സി. വൈസ് പ്രസിഡന്റായി ബ്രദർ ജോർജ്ജ് തടത്തിൽപുത്തൻപുരയെയും തെരഞ്ഞെടുത്തു.

സ്നേഹാശംസകളോടെ,

**ബ്രദർ ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം**

ആശാകിരണം ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം മാനന്തവാടി രൂപതയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിൽ വരുത്തുന്നു. ക്യാൻസർ രോഗികളെ സഹായിക്കുന്നതോടൊപ്പം ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ആശാകിരണം പദ്ധതിയിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

ആശാകിരണം പദ്ധതിയുടെ യൂണിറ്റ്തല ഉദ്ഘാടനം കണിയാംപറ്റ, മംഗലശ്ശേരി, യവനാർകുളം, ശശിമല എന്നിവിടങ്ങളിൽ നടന്നു. ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ കണിയാരം, കല്ലോടി, മൂഴിമല, കോട്ടത്തറ എന്നിവിടങ്ങളിലും മൊതക്കരയിൽ കുട നിർമ്മാണവും കബനിഗിരിയിൽ പ്ലാസ്റ്റിക് നിർമ്മാർജനവും പാടിച്ചിറയിൽ മഴക്കുഴി നിർമ്മാണ സെമിനാറും, സീതാമൗണ്ടിൽ പഴയ വസ്ത്രശേഖരണവും നടന്നു. എടയൂർക്കുന്ന്, പോരൂർ എന്നിവിടങ്ങളിൽ മെഡിക്കൽ ക്ലാസ്സുകളും നടന്നു.

ആശാകിരണം സാമ്പത്തിക സഹായഫണ്ട് രൂപീകരണത്തിന്റെ ഭാഗമായി നൽകിയ സമ്മാണക്കൂപ്പൺ വഴി ഇതുവരെ ഒരു ലക്ഷം രൂപ സമാഹരിച്ചു.

**ജനകീയ സംഘാടനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജനകീയ സംഘാടന വിഭാഗമായി സോഷ്യൽ വെൽഫയർ സൊസൈറ്റി പ്രവർത്തിക്കുന്നു. ജലലഭ്യതയുടെ അഭാവം പരിഗണിച്ച് വിവിധ യൂണിറ്റുകളിൽ ജലസംരക്ഷണത്തെക്കുറിച്ച് ക്ലാസ്സുകൾ നടന്നു. ഭക്ഷ്യസുരക്ഷ ക്യാൻസർ സുരക്ഷ വിവിധ വിഷയങ്ങളിൽ സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ സെമിനാറുകൾ നടന്നു.

നബാർഡിന്റെ സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിൽ വരുത്തുന്ന വനിതാ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. നാല് ഗ്രൂപ്പുകൾക്ക് വിവിധ ബാങ്കുകളിൽ നിന്നും 15 ലക്ഷത്തോളം രൂപ പുതിയ വായ്പ ലഭിച്ചു. ഒൻപത്

ഗ്രൂപ്പുകൾക്ക് 30 ലക്ഷത്തോളം രൂപ വായ്പ പുതുക്കി ലഭിച്ചു. ആശാ കിരണം ക്യാൻസർ സുരക്ഷായജ്ഞത്തെ സഹായിക്കാനായി സാമ്പത്തികവും പ്രവർത്തനപരവുമായ സഹായങ്ങൾ സോഷ്യൽ വെൽഫയർ സൊസൈറ്റികളിലൂടെ നൽകുന്നു.

**കേരളാ ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊളിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരളാ ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**രജിസ്ട്രേഷൻ**

കേരള ടൈലറിംഗ് വർക്കേഴ്സ് ഫോറം സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ എന്നീ ക്ഷേമനിധിയിൽ അംഗങ്ങളെ ചേർത്തു.

**സിറ്റിംഗ്**

ആഗസ്റ്റ് 1-ാം തീയതി കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ 31 പേരുടെ സിറ്റിംഗ് നടന്നു (തയ്യൽ തൊഴിലാളി).

**കർഷക തൊഴിലാളി ക്ഷേമനിധി (KAWF)**

ഭൂവുടമകളുടെ ഭൂമിയിൽ വേതനത്തിനുവേണ്ടി കൃഷിപ്പണിയോ അതുമായി ബന്ധപ്പെട്ട ജോലിയോ ചെയ്യുന്ന കർഷക തൊളിലാളികളെ ജാതിമതഭേദമെന്യേ കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് ഫോറം (KAWF) ന്റെ നേതൃത്വത്തിൽ ക്ഷേമനിധിയിൽ ചേർക്കുന്നു. പ്രായപരിധി 18 നും 55 നും മദ്ധ്യേ.

**ഹാജരാക്കേണ്ട രേഖകൾ**

1. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
2. നോമിനേഷൻ ഫോറം
3. ആധാർ കോപ്പി
4. റേഷൻകാർഡ് കോപ്പി
5. പാസ്സ്പോർട്ട് സൈസ് ഫോട്ടോ - 3
6. ബാങ്ക് പാസ്സ് ബുക്ക് കോപ്പി

**ക്ഷേമാനുകൂല്യങ്ങൾ**

പെൻഷൻ, മരണാനന്തരസഹായം, വിവാഹധനസഹായം, പ്രസവധനസഹായം, ചികിത്സാസഹായം, വിദ്യാഭ്യാസ ധനസഹായം.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

KLM എക്സിക്യൂട്ടീവ് മീറ്റിംഗ് 31-7-17 ന് WSSS ഓഡിറ്റോറിയത്തിൽ നടന്നു. KLM രൂപതാ വൈസ് പ്രസിഡണ്ട് ശ്രീമതി സിസിലി

മാത്യു അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ KTWF ഫോറം ലീഡർ സുമരാജൻ സ്വാഗതം ആശംസിച്ചു. റവ. ഫാ. പോൾ കൂട്ടാല, ഫാ.ജിനോജ് പാലത്തടത്തിൽ, രൂപതാ സെക്രട്ടറി ശ്രീ. ബിജു മരോട്ടി മൂട്ടിൽ, ശ്രീമതി ആലീസ് സിസിൽ, N.J. ചാക്കോ, EU പൈലി എന്നിവർ പങ്കെടുത്തു. KLM കോഡിനേറ്റർ മിനി രൂപതയിലെ KLM ന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. KLM എക്സിക്യൂട്ടീവ് അംഗം EU പൈലി നന്ദി പറഞ്ഞു.

**സേവ് എ ഫാമിലി പ്ലാൻ**

മാനന്തവാടി രൂപത സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു. ഇപ്പോൾ 325 കുടുംബങ്ങൾ ഈ പദ്ധതിയിൽ നിന്നും സഹായം സ്വീകരിച്ചു വരുന്നു.

സേവ് എ ഫാമിലി പ്ലാനിന്റെ മേഖലാതല യോഗങ്ങൾ ആഗസ്റ്റ് 2,3,4 തീയതികളിലായി പുൽപ്പള്ളി, മാനന്തവാടി, കൽപ്പറ്റ മേഖലകളിൽ വച്ച് നടത്തി. WSSS അസി. ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ സമ്പാദ്യശീലത്തെക്കുറിച്ചും സേവ് എ ഫാമിലി കുടുംബങ്ങളിൽ അതിനുള്ള പ്രാധാന്യത്തെക്കുറിച്ചും പ്രസ്തുത യോഗങ്ങളിൽ ക്ലാസെടുത്തു. സേവ് എ ഫാമിലി പ്ലാൻ കോ-ഓഡിനേറ്റർ സി.ആനി ഈ യോഗത്തിന് പൊതുനിർദ്ദേശങ്ങൾ നൽകുകയും സഹായികൾക്ക് കത്തുകൾ എഴുതുമ്പോൾ കൂടുതൽ വ്യക്തതയോടെയും കൃത്യതയോടെയും എഴുതണമെന്ന കാര്യം ഓർമ്മപ്പെടുത്തുകയും ചെയ്തു.

സേവ് എ പ്ലാനിന്റെ പുതിയ കുടുംബങ്ങൾക്കായുള്ള തിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. അർഹതപ്പെട്ട കുടുംബങ്ങൾ ഉണ്ടെങ്കിൽ WSSS ഓഫീസുമായി ബന്ധപ്പെടുക. പുൽപ്പള്ളി മേഖലയിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന.

**DDU - GKY & NULM**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്.

DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള കുട്ടികളുടെ അഡ്മിഷൻ ഇപ്പോൾ നടക്കുന്നു. ഫുഡ് പ്രോസിസ്സിംഗ് (എസ്എസ്എൽസി), ഫാഷൻ ഡിസൈൻ (പ്ലസ് ടു), ബിപിഒ (കോൾ സെന്റർ) (എസ്എസ്എൽസി), ടൈലറിംഗ് (8 ക്ലാസ്) എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. കോഴ്സുകൾ 3 മാസം മുതൽ 6 മാസം വരെ ദൈർഘ്യം ഉള്ളവയാണ്. താത്പര്യമുള്ളവർ എത്രയും വേഗം WSSS മായി ബന്ധപ്പെടുക.

പുതിയ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ഫുഡ് പ്രോസ്സസിംഗ് കോഴ്സിൽ 33 കുട്ടികളുമായി ഒന്നാം ബാച്ച് ആരംഭിച്ചു. പുതിയ കുട്ടികൾക്ക് 28-7-17 നു പ്രവേശനോത്സവം നടത്തി. ബിപിഒ (കോൾ സെന്റർ), ഫാഷൻ ഡിസൈനിംങ്ങ് എന്നീ കോഴ്സുകൾക്ക് കുറച്ചു സീറ്റുകൾ കൂടി ഒഴിവുണ്ട്. താത്പര്യമുള്ളവർ എത്രയും വേഗം WSSS ഓഫീസുമായി ബന്ധപ്പെടുക.

മാനന്തവാടി മുൻസിപ്പാലിറ്റിയിലെ 22 കുട്ടികൾക്ക് NULM മായി ചേർന്ന് ഫുഡ് പ്രോസ്സസിംഗ് കോഴ്സ് ആരംഭിച്ചു.

കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് മൂന്നുമാസ ദൈർഘ്യമുള്ള ഫുഡ് പ്രോസിസ്സിംഗ് കോഴ്സ് NULM മായി ചേർന്ന് കൽപ്പറ്റയിൽ ആരംഭിക്കുന്നു. താത്പര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

**ബോർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി കാര്യക്ഷമമായി പുരോഗമിക്കുന്നു. 2017 ജൂലൈ മാസത്തിൽ കുരുമുളക്, കാപ്പി, കമ്പോസ്റ്റ് എന്നിവയുടെ വിതരണം പൂർത്തീകരിച്ചു. പാലോട്ട്, എടത്തന എന്നീ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. കൂടാതെ 10 കോളനികൾ കേന്ദ്രീകരിച്ച് വിളപരിപാലനത്തെക്കുറിച്ച് സെമിനാർ നടത്തി.

**പങ്കാളിത്ത പഠനം (PRA)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റികളിൽ പഠനത്തിനായി വന്ന നബാർഡ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പാലോട്ട്

തറവാട്ടിൽ വച്ച് പങ്കാളിത്ത പഠനം (PRA) നടത്തി. പഠനത്തിന്റെ ഭാഗമായി വിഭവഭൂപടം, സാമൂഹ്യഭൂപടം, സ്ഥാപന പഠനം, ചരിത്രരേഖാപഠനം, പഠനപദയാത്ര എന്നിവ സംഘടിപ്പിച്ചു. പരിശീലനത്തിന് WSSS പ്രോഗ്രാം ഓഫീസർ പി.എ. ജോസ് നേതൃത്വം നൽകി.

**നബാർഡ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം**

നബാർഡിൽ പുതുതായി ജോലിയിൽ പ്രവേശിച്ചവർക്കായി ഇന്ത്യയിൽ തെരഞ്ഞെടുക്കപ്പെട്ട 8 സഹായസംഘടനകളിൽ വെച്ച് സംഘടിപ്പിച്ച് ഒരു മാസത്തെ തീവ്രപരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വിജയകരമായി പൂർത്തിയായി. നാബാർഡ് കേന്ദ്ര ഓഫീസ് മുംബൈ, ഗോവ മേഖലാ ഓഫീസ്, തിരുവനന്തപുരം മേഖലാ ഓഫീസ് എന്നിവിടങ്ങളിൽ നിന്നുള്ള 06 ഉദ്യോഗസ്ഥരാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ പരിശീലനം പൂർത്തീകരിച്ചത്. പങ്കാളിത്ത പഠനം, സ്വാശ്രയസംഘ തുല്യബാധ്യതാ സംഘങ്ങൾ, നീർത്തട വികസന പദ്ധതി, സമഗ്ര ആദിവാസി വികസന പദ്ധതി, ജൈവകൃഷി വ്യാപനം, കർഷക ഉൽപ്പാദക സംഘങ്ങൾ തുടങ്ങിയവയെ മുൻനിർത്തിയാണ് പരിശീലനം നൽകിയത്. കൂടാതെ വയനാട്ടിലെ വിവിധ സന്നദ്ധസംഘടനകൾ, പൂക്കോട് വെറ്റിനറി കോളേജ്, അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, ജില്ലാ സഹകരണ ബാങ്ക്, വിവിധ ക്ഷീരസംഘങ്ങൾ തുടങ്ങിയവ സന്ദർശിച്ച് പഠനം നടത്തി. പരിശീലനത്തിന് WSSS ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ നേതൃത്വം നൽകി.

**പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി**

പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ മാസം നടന്നു. പദ്ധതിയുടെ പ്രധാന പ്രവർത്തനത്തിന്റെ ഭാഗമായി കുരുമുളകിനങ്ങളുടെ ശേഖരണം നടന്നുവരുന്നു. ഇതിനോടകം ഐപിരിയൻ, കരിങ്കോട്ട, ജീരകമുണ്ടി തുടങ്ങിയ ഇനങ്ങളുടെ തൈകൾ ജീൻ ബാങ്കിനായി തയ്യാറാക്കിയിട്ടുള്ള സ്ഥലത്ത് നട്ടു. ഈ ഇനങ്ങൾ വളരെ ദുർലഭമായിട്ടേ കർഷകരുടെ കൃഷിസ്ഥലത്ത് കണ്ടുവരുന്നുള്ളു. ഇവയുടെ അധിക ഉല്പ്പാദനം ലക്ഷ്യം വച്ചുകൊണ്ട് നിലവിലുള്ള നഴ്സറിയിൽ മാതൃസസ്യങ്ങൾ വളർത്തുന്നതിനായുള്ള സ്ഥിരം കാലുകൾ സ്ഥാപിക്കുകയും അതിൽ തൈകൾ വളർത്താനും ആരംഭിച്ചു. പൂർണ്ണമായും ജൈവകൃഷിയും ബയോഡയനാമിക് കൃഷിരീതിയും അവലംബിച്ചുകൊണ്ടാണ് ഈ കൃഷികൾ ആരംഭിച്ചിരിക്കുന്നത്. 17-ൽ പരം

കാലുകൾ ഇതിനായി നഴ്സറിയിൽ സ്ഥാപിച്ചിട്ടുണ്ട്. സ്ഥിരം ശ്രദ്ധ വേണ്ടിവരുന്ന ഇനങ്ങൾ ആയതിനാൽ ആണ് ഇവയെ നഴ്സറിയിൽ നട്ടുവളർത്തിയിരിക്കുന്നത്.

ഈ പദ്ധതിയോടൊപ്പം ബോയ്സ് ടൗണിൽ നിലവിലുള്ള ഔഷധ തോട്ടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തി. ഇതിന്റെ ഭാഗമായി ഫീൽഡ് സർവ്വെ നടത്തുകയും ചില അപൂർവ്വയിനം ഔഷധ സസ്യങ്ങൾ ശേഖരിക്കുകയും ചെയ്തു. കാട്ടുചേന, കാട്ടുപടവലം, ജീവകം തുടങ്ങിയ ഇനങ്ങൾ ശേഖരിക്കുകയും തോട്ടത്തിൽ നടുകയും ചെയ്തു.

ബയോഡയനാമിക് കൃഷി സമ്പ്രദായത്തിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള കാർഷിക പ്രവർത്തനങ്ങൾ നടത്തി. ഇതിനായി പരീക്ഷണ തോട്ടവും നിരീക്ഷണ തോട്ടവും സജ്ജീകരിക്കുകയും ഇതിൽ ജൈവ വളകൂട്ടുകൾ പ്രയോഗിക്കുകയും ചെയ്തു. ഇതിനോടൊപ്പം തന്നെ നിലവിലുള്ള മണ്ണുപരിശോധനാ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തി. നവീകരിച്ച ആധുനിക രീതിയിലുള്ള മണ്ണുപരിശോധന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി. നിലവിലുള്ള ബോട്ടാണിക് മ്യൂസിയത്തിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള ഔഷധ സസ്യങ്ങളുടെ ഹെർബേറിയം സ്പെസിമെൻസിന്റെ കെമിക്കൽ ട്രീറ്റ്മെന്റും മറ്റു പ്രവർത്തനങ്ങളും മ്യൂസിയം നിലനിർത്തുന്നതിന്റെ ഭാഗമായി നടന്നു. നിലവിലുള്ള വിവര-വിജ്ഞാനവ്യാപന കേന്ദ്രത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി വൃക്ഷായുർവ്വേദവുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുവാനും കഴിഞ്ഞു.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മണ്ണ്, ജലം, വായു സംരക്ഷണത്തിലൂന്നി രാസപദാർത്ഥങ്ങളെ അകറ്റിനിർത്തിയുള്ള കാർഷിക വൃത്തിയിലൂടെ മികച്ച വിളവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും നേടിയെടുക്കാൻ കർഷകനെ പരിശീലിപ്പിക്കുന്ന ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. ജൂലൈ മാസത്തിൽ പദ്ധതിയിലേക്ക് പുതിയതായി 563 കർഷകർ അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ ഇവരെ പ്രാദേശിക അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് സഹായിക്കുകയും അവർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു.

**സെമിനാറുകൾ നടത്തി**

ജൈവ വളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 21 സെമിനാറുകൾ നടത്തി. എ.ഇ.ഓ. മാരായ കുമാരി റീബ, കുമാരി ലിജി എന്നിവർ ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**കർഷക ഗ്രൂപ്പ് (ഐ സി എസ്) രജിസ്ട്രേഷൻ**

കഴിഞ്ഞ ഒരു വർഷമായി പദ്ധതിയിൽ അംഗങ്ങളായ കർഷകരെ 25 മുതൽ 500 വരെ കർഷകരുൾപ്പെടുന്നഗ്രൂപ്പുകളാക്കി പ്രാദേശിക അടിസ്ഥാനത്തിൽ രൂപീകരിക്കുകയും അവരിൽ നിന്നും ഒരു ഭരണ സമിതിയെ തിരഞ്ഞെടുക്കുകയും, കർഷകരെ APEDA യിൽ നിന്നും രജിസ്റ്റർ ചെയ്യുന്നതിന്റെ ആദ്യപടിയായി ഐ സി എസ്സുകളെ സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ശേഷിക്കുന്ന കൃഷിയിടങ്ങളിൽ പ്രാഥമിക പരിശോധന നടത്തി വരികയും ചെയ്യുന്നു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർട്രേഡ്

സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും മീറ്റിംങ്ങുകളിൽ റീജിയണൽ കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**ഫെയർട്രേഡ്**

**സംഭരണം**

വൊഫായിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജൂലൈ മാസം 12918 കിലോ കാപ്പി 76-90 രൂപ നിരക്കിലും 2815.35 കിലോ കുരുമുളക് 470 രൂപ നിരക്കിലും സംഭരിച്ചു.

**നടീൽ തൈ വിതരണം**

2016-17 സാമ്പത്തിക വർഷത്തിൽ 10,00,000 കുരുമുളക് തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി നേഴ്സറിയിൽ ക്രമീകരിക്കുകയും അവയുടെ വിതരണം ആരംഭിക്കുകയും ചെയ്തു. ജൂലൈ മാസം 14-ാം തീയതി ശ്രീ. റുഡോൾഫ് ബ്യൂളർ (ജർമ്മനി) കുരുമുളക് തൈ കർഷകർക്ക് വിതരണം ചെയ്ത് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

**വൊഫാ എക്സിക്യൂട്ടീവ് മീറ്റിംങ്ങ് നടന്നു**

ജൂലൈ മാസം 14-ാം തീയതി ബയോവിൻ ഓഡിറ്റോറിയത്തിൽ വച്ച് ചേർന്ന അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷനായിരുന്ന വൊഫാ എക്സിക്യൂട്ടീവ് യോഗത്തിൽ മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം പങ്കെടുക്കുകയും വോഫായുടെ പ്രവർത്തനങ്ങൾ മനസിലാക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് ശ്രീ. റുഡോൾഫ് ബ്യൂളർ (ജർമ്മനി) ജൈവഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയും കർഷക പ്രതിനിധികളെ നേരിട്ട് കണ്ടതിൽ സന്തോഷമറിയിക്കുയും ചെയ്തു.

**തീരുമാനങ്ങൾ**

- യോഗത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ വോഫയിൽ നിന്നുള്ള ചികിത്സാ സഹായത്തിനായി ക്യാൻസർ, കിഡ്നി സംബന്ധമായും മറ്റും രോഗികളായവരും സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരുമായവരിൽ നിന്നും അപേക്ഷകൾ ഓഗസ്റ്റ് മാസം 30 -ാം തീയതി വരെ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പഠനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഈ അപേക്ഷകൾ 2017 ആഗസ്റ്റ് മാസം 30-ാം തീയതിക്ക് മുമ്പായി ഫീൽഡ് കോർഡിനേറ്റർ വശം സമർപ്പിക്കേണ്ടതാണ്.
- കുരുമുളക് തൈകൾ വൊഫായിലെ കർഷകർക്ക് കവറിലെ തൈകളുടെ എണ്ണത്തിനനുസൃതമായി രണ്ട് തലയുള്ള കൂടിന് 10 രൂപ, മൂന്നോ അതിലധികമോ തലയുള്ള കൂടിന് 12 രൂപ എന്നീ നിരക്കുകളിൽ വിതരണം ചെയ്യുവാൻ തീരുമാനിച്ചു.
- മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനായി വിഷമുക്തവും ജൈവ രീതിയിൽ വികസിപ്പിച്ചെടുത്തതുമായ ജൈവവളങ്ങൾ കർഷകർക്ക് 50% സബ്സീഡി നിരക്കിൽ വിതരണം ചെയ്യുവാൻ തീരുമാനിച്ചു.

യോഗത്തിൽ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ കൃതജ്ഞത രേഖപ്പെടുത്തി.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജൂൺ മാസത്തിലും കാപ്പി, കുരുമുളക്, തേങ്ങ, പൈനാപ്പിൾ, ചക്ക, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**മാനേജ്മെന്റ് കമ്മിറ്റി**

2017 –2019 ടേം മാനേജ്മെന്റ് കമ്മിറ്റിയുടെ ഈ വർഷത്തെ ആദ്യയോഗം ഓഗസ്റ്റ് 13 ന് ഉച്ചകഴിഞ്ഞ് 2.30 ന് ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കലിന്റെ അദ്ധ്യക്ഷതയിൽ മാറ്റൊലിറേഡിയോ നിലയത്തിൽ നടന്നു. സുവർണയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പുതിയ അംഗങ്ങളായി റവ.ഫാ പോൾ കൂട്ടാല, റവ. ഫാ. ജിൽസൺ കോക്കണ്ടത്തിൽ, കെ. മമ്മൂട്ടി, ഫാത്തിമ ബീഗം, സുനിൽ കെ. ജി, ഡോ. കെ എം ജോസ്, ഡോ. വി. ജിതേഷ്, ഷാജു പി ജെയിംസ്, സാബു പി. എ, എം. പി വത്സൻ, രാകേഷ്, ദേവകി. കെ എന്നിവർക്ക് ഔദ്യോഗികമായി സ്വീകരണം നൽകി. 2019 മെയ് 31 വരെയായിരിക്കും ഇവരുടെ പ്രവർത്തന കാലാവധി. പുതിയ മാനേജ്മെന്റ് കമ്മിറ്റിയംഗങ്ങൾക്ക് അനുമോദനങ്ങളും വിജയാശംസകളും സ്വാഗതവും നേർന്ന് സ്റ്റേഷൻ ഡയറക്ടർ സംസാരിച്ചു. അംഗങ്ങളെല്ലാവരും സ്വയം പരിചയപ്പെടുത്തി. മാറ്റൊലിയെക്കുറിച്ചും വയനാടിനെക്കുറിച്ചുമുള്ള തങ്ങളുടെ സ്വപ്നങ്ങൾ പങ്കുവെച്ചു. സാമൂഹിക റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങളെകുറിച്ച് പവർ പോയിന്റ് പ്രസന്റേഷൻ നടത്തി. ജൂനിയർ സൂപ്രണ്ട് സിന്ധു ജസ്റ്റിൻ മിനിറ്റ്സ് അവതരിപ്പിച്ചു. ഫാ. സന്തോഷ് കാവുങ്കൽ, ഫാ. മനോജ് കാക്കോനാൽ, ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവർ ബ്രോഡ് കാസ്റ്റിംഗ്, മാർക്കറ്റിംഗ്, പ്രോഗ്രാം എന്നിവയെകുറിച്ച് വിശദീകരിച്ചു. അവശർക്കും കിടപ്പുരോഗികൾക്കും റേഡിയോസെറ്റ് വിതരണം ചെയ്യുന്ന ഫണ്ടിലേക്ക് ഡോ. കെ എം ജോസ് 10,000 രൂപ സംഭാവന ചെയ്തു. റേഡിയോ നിർമ്മാണത്തിനുള്ള എല്ലാ സാങ്കേതിക സഹായങ്ങളും ഗ്രേസി ചിറ്റിനപ്പിള്ളി ടീച്ചർ വാഗ്ദാനം ചെയ്തു. റേഡിയോയുടെ ഫ്രീക്വൻസി കൂട്ടുന്നതിനേകുറിച്ചും കഴിയുമെങ്കിൽ ഇത്രയും നല്ല പ്രോഗ്രാമുകൾ വയനാട്ടിലെ മുഴുവൻ ജനങ്ങളിലു മെത്തിക്കാനുള്ള സാധ്യതകളേക്കുറിച്ചും യോഗം ചർച്ച ചെയ്തു. പത്താം വാർഷികാഘോഷത്തെക്കുറിച്ച് സജീവമായ ആശയവിനിമയം

നടത്തി. മാനേജ്മെന്റ് കമ്മിറ്റിയിലെ ഉപസമിതിയിലേക്ക് പുതിയഅംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിച്ചു. ദേശീയഗാനത്തോടെ യോഗം സമാപിച്ചു.

**ഉപസമിതികൾ**

1. **ഗോത്രജന പുരോഗതി–നീതി–നിയമം**
   ഡോ. ഫാ. തോമസ് ജോസഫ് തേരകം, അഡ്വ. മരിയ, ദേവകി. കെ, ഗ്രേസി ജേക്കബ്.
2. **കൃഷി – പരിസ്ഥിതി**
   ടി. ഉഷാകുമാരി, പി.എ. ജോസ്, സാബു പി.എ, സുനിൽ കെ.ജി, കെ. മമ്മൂട്ടി, ഫാ. ജെയ്സ് ബേബി ചെട്ട്യാശ്ശേരി.
3. **വനിതാക്ഷേമം – ആരോഗ്യം – ശുചിത്വം**
   ഉഷ വിജയൻ, സി.വി. ജോയി, ഡോ. വി. ജിതേഷ്, ഫാ. ബിജോ കറുകപ്പിള്ളി.
4. **വിദ്യാഭ്യാസം – തൊഴിൽ**
   ഡോ. പി.പി.ഷാജു, സി. ക്രിസ്റ്റീന, ഡോ. ജോസ് കെ.എം., എം. പി. വത്സൻ, ഫാ. പോൾ കൂട്ടാല.
5. **പ്രചാരണം – ജനപങ്കാളിത്തം–പൊതുജനസേവനം**
   ഷാജു പി. ജെയിംസ്, രാകേഷ്, കെ.കെ. ചന്ദ്രശേഖരൻ, ഫാത്തിമ ബീഗം, ഫാ. ജിൽസൺ കോക്കണ്ടത്തിൽ.

**മാറ്റൊലി ടീം മീറ്റിംഗ്**

മാറ്റൊലിയുടെ പ്രതിമാസ ടീം മീറ്റിംഗിൽ കഴിഞ്ഞ പ്രക്ഷേപണങ്ങളെയും പ്രവർത്തനങ്ങളേയും വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നല്കുകയും ചെയ്തു.

**പ്രസംഗമത്സരം – ഭാരതം എന്റെ നാടാണ്**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി റേഡിയോ മാറ്റൊലി പ്രസംഗ മത്സരം സംഘടിപ്പിച്ചു. ഭാരതം എന്റെ നാടാണ് എന്ന് തുടങ്ങുന്ന ദേശീയ പ്രതിജ്ഞയെ ആസ്പദമാക്കി നാല് വിഭാഗങ്ങളിലായാണ് മത്സരം നടത്തിയത്. എൽ.കെ.ജി.മുതൽ ഒന്നാം ക്ലാസ്സ് വരെയുള്ള വിഭാഗത്തിൽ ദ്വാരക എ.യു.പി.സ്കൂളിലെ ഒന്നാം ക്ലാസ്സ് വിദ്യാർത്ഥിനി അയന സതീഷ് ഒന്നാം സ്ഥാനം നേടി. രണ്ട് മുതൽ നാലാം ക്ലാസ്സ് വരെയുള്ള വിഭാഗത്തിൽ മേപ്പാടി സെന്റ് ജോസഫ് യു.പി.സ്കൂളിലെ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥിയായ ഷിയ സുബൈറും അഞ്ച് മുതൽ ഏഴ് വരെയുള്ള വിഭാഗത്തിൽ കേളകം എം.ജി.എം. ശാലോം സെക്കന്ററി സ്കൂൾ ഏഴാം ക്ലാസ്സ് വിദ്യാർത്ഥിനി

ജനിയ ഷൈജനും ഒന്നാം സ്ഥാനം നേടി. എട്ട് മുതൽ പത്ത് വരെയുള്ള വിഭാഗത്തിൽ മുട്ടിൽ ഡബ്ല്യു.ഒ.വി.എച്ച്.എസ്.എസിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ മുഹമ്മദ് അഷ്ഫാകിനാണ് ഒന്നാം സ്ഥാനം. വിജയികൾക്കുള്ള സർട്ടിഫിക്കറ്റും സമ്മാനവും അതാത് സ്കൂളുകളിൽ വെച്ച് വിതരണം ചെയ്യും.

**ആദരാഞ്ജലി, അനുശോചനം**

അസോസിയേറ്റ് ഡയറക്ടർ ഫാ. മനോജ് കാക്കോനാലിന്റെ വല്ല്യമ്മയുടെ നിര്യാണത്തിൽ മാറ്റൊലിക്കൂട്ടത്തിന്റെ അനുശോചനം. സ്റ്റേഷൻ ഡയറക്ടർ, അസോസിയേറ്റ് ഡയറക്ടർമാർ, ലിതിൻ, റെനീഷ്, സിസ്റ്റർ ജുസ്സെ, മംഗലശ്ശേരി മാധവൻ മാസ്റ്റർ എന്നിവർ ശവസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ആധാറുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള സംശയങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. അക്ഷയ ജില്ലാ പ്രോജക്ട് മാനേജർ ജെറിൻ സി ബോബൻ ശ്രോതാക്കളുടെ സംശയങ്ങൾക്കു മറുപടി പറഞ്ഞു.

**നേരും പൊരുളും**

സമകാലിക വിഷയങ്ങൾ വിശകലനം ചെയ്യുന്ന പരിപാടിയായ നേരും പൊരുളും ആരംഭിച്ചു. എല്ലാ ദിവസവും രാവിലെ 11 മണി മുതൽ 12 മണി വരെ തത്സമയമാണ് പ്രക്ഷേപണം.

**നിയമവും ജനങ്ങളും**

നിയമസാക്ഷരത ഉറപ്പാക്കി സാധാരണക്കാരിൽ നിയമാവ ബോധം സൃഷ്ടിക്കുന്നതിന് റേഡിയോ മാറ്റൊലിയിൽ നിയമവും ജനങ്ങളും എന്ന നിയമബോധവത്കരണ പരിപാടി ആരംഭിച്ചു. ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയും റേഡിയോ മാറ്റൊലിയും സംയുക്തമായാണ് പരിപാടി അവതരിപ്പിക്കുന്നത്. ജില്ലാ ജഡ്ജ് ഡോ. വി.വിജയകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ കോടതി സമുച്ചയത്തിൽ നടന്ന ചടങ്ങിൽ അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. മനോജ് കാക്കോനാൽ , ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവർ പങ്കെടുത്തു സംസാരിച്ചു.

**പ്രത്യേക പരിപാടികൾ**

രാമായണ മാസാചരണത്തിന്റെ ഭാഗമായി കർക്കിടകം എന്ന പേരിൽ ഒരുമാസം നീണ്ടുനിന്ന പരിപാടി സംഘടിപ്പിച്ചു. ആദിവാസി

ഗോത്രവിഭാഗങ്ങളുടെ അന്താരാഷ്ട്രദിനത്തോടനുബന്ധിച്ച് ഒരാഴ്ച നീണ്ടു നിന്ന പരിപാടികൾ സംഘടിപ്പിച്ചു. ആദിവാസി ഭാഷയിലുള്ള പ്രത്യേക സല്ലാപം ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കർഷകദിനാചരണത്തിന്റെ ഭാഗമായി ഒരാഴ്ച നീണ്ടുനിന്ന പരിപാടികൾ പ്രക്ഷേപണം ചെയ്തു. അന്താരാഷ്ട്ര യുവജനദിനത്തോടനുബന്ധിച്ച് വിവിധങ്ങളായ പരിപാടികൾ പ്രക്ഷേപണം ചെയ്തു. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു. സ്വാതന്ത്ര്യദിനത്തിന് ശ്രോതാക്കളാവശ്യപ്പെട്ട ഗാനങ്ങൾ പ്രക്ഷേപണം ചെയ്തു. ഫോൺ, SMS, WhatsApp എന്നിവയിലൂടെ ആവശ്യപ്പെട്ട ഗാനങ്ങളാണ് പ്രക്ഷേപണം ചെയ്തത്.

**പങ്കാളിത്തം**

നാഷനൽ കൺസൾട്ടേഷൻ മീറ്റിംഗ്-ഒറീസ്സ-ഒറീസ്സയിൽ വെച്ചു നടന്ന കമ്മ്യൂണിറ്റി റേഡിയോകളുടെ നാഷനൽ കൺസൾട്ടേഷൻ മീറ്റിംഗിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്തു. കമ്മ്യൂണിറ്റി റേഡിയോയിലെ പുതുമകളെക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു.

**ദ്വാരക ഗുരുകുലം കോളേജ്**

ദ്വാരക ഗുരുകുലം കോളേജിൽ കണ്ണൂർ സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം സോഷ്യോളജി പരീക്ഷയിൽ റാങ്കുകൾ നേടിയവരേയും 100% വിജയം കരസ്ഥമാക്കാൻ സഹായിച്ച വിദ്യാർത്ഥികളേയും ആദരിച്ച ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്ത് ഉപഹാര സമർപ്പണം നടത്തി.

നടവയൽ സെന്റ് തോമസ് ഹയർ സെക്കണ്ടറിസ്കൂളിൽ മാധ്യമ സാക്ഷരത  എന്ന വിഷയത്തിൽ ഫാ. മനോജ്, ഫാ.ജസ്റ്റിൻ എന്നിവർ ക്ലാസ്സെടുത്തു.

WSSS ൽ സംഘടിപ്പിച്ച GST യെക്കുറിച്ചുള്ള ക്ലാസ്സിൽ ഫാ.സെബാസ്റ്റ്യൻ, ഫാ. സന്തോഷ്, സിന്ധു ജസ്റ്റിൻ, റെനീഷ് ആര്യപ്പിള്ളിൽ എന്നിവർ പങ്കെടുത്തു.

**അന്താരാഷ്ട്ര ചക്കമഹോത്സവം**

ആഗസ്റ്റ് 9 മുതൽ 14 വരെ അമ്പലവയലിൽ നടന്ന അന്താരാഷ്ട്ര ചക്കമഹോത്സവത്തിന്റെ മീഡിയ പാട്ണർ ആയി റേഡിയോമാറ്റൊലി പ്രവർത്തിച്ചു. സെമിനാറുകൾ റെക്കോർഡുചെയ്യുകയും പ്രക്ഷേപണം

ചെയ്യുകയും ചെയ്തു. സ്റ്റേഷൻ ഡയറക്ടർ സെമിനാറിൽ സംബന്ധിക്കുകയും സംഘാടകരെ അനുമോദിക്കുകയും ചെയ്തു.

**സന്ദർശനങ്ങൾ**

ജില്ലാ പ്രിൻസിപ്പൽ & സെഷൻസ് ജഡ്ജ് ഡോ. വി. വിജയകുമാർ റേഡിയോ മാറ്റൊലി സന്ദർശിച്ചു. മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ നിന്നും മാറ്റൊലി റേഡിയോയെക്കുറിച്ച് പി. എച്ച്. ഡി ചെയ്യുന്ന കെ. പത്മകുമാർ മാറ്റൊലി സന്ദർശിച്ച് വിവര ശേഖരണം നടത്തി. ആസ്സാമിലെ ജോർഹട്ടിലെ MSW ഗവേഷകൻ ഫാ. അനീഷ് മാറ്റൊലി സന്ദർശിച്ചു. മേരിമാതാ ആർട്സ് & സയൻസ് കോളേജ് മാനന്തവാടി, ഡബ്ല്യൂ എം ഓ സ്കൂൾ വെള്ളമുണ്ട എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ റേഡിയോ മാറ്റൊലി സന്ദർശിക്കുകയും വിവിധ റേഡിയോ പ്രോഗ്രാമുകൾ റെക്കോർഡു ചെയ്യുകയും ചെയ്തു. കൊച്ചി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**കൂടിക്കാഴ്ച**

ജില്ല ലീഗൽ സർവീസ് അതോറിറ്റി ചെയർമാനും പ്രിൻസിപ്പൽ & സെഷൻസ് ജഡ്ജുമായ ഡോ.വി. വിജയകുമാറിനെ സ്റ്റേഷൻ ഡയറക്ടറും അസോസിയേറ്റ് ഡയറക്ടർമാരും സന്ദർശിച്ച് പുതിയ പ്രക്ഷേപണത്തേക്കുറിച്ചും മറ്റു സഹകരിച്ചു പ്രവർത്തിക്കേണ്ട മേഖലകളേക്കുറിച്ചും ചർച്ച ചെയ്തു.

ജില്ല സാക്ഷരതാ മിഷൻ കോ ഓർഡിനേറ്റർ സി. കെ പ്രദീപ് കുമാർ, ഹോമിയോ ഡി എം ഓ ഡോ സോമൻ, ആയുർവേദ ഡി എം ഓ ഡോ പ്രീത എന്നിവരുമായി ഫാ. ജസ്റ്റിൻ മാത്യു കൂടിക്കാഴ്ച നടത്തി.

കേരള അക്കാദമി ഓഫ് എൻജിനീയറിംഗിന്റെ സഹകരണ ത്തോടെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന റേഡിയോ നിർമ്മാണയൂണി റ്റിന്റെ സാധ്യതകളെക്കുറിച്ച് സ്റ്റേഷൻ ഡയറക്ടറും ടീം അംഗങ്ങളും കോളേജ് എം.ഡി. ശ്രീ. ജേക്കബ്, പ്രിൻസിപ്പാൾ ശ്രീമതി ഗ്രേസി ജേക്കബ് എന്നിവരുമായി ചർച്ച നടത്തി.

**മാറ്റൊലിക്കൂട്ടം**

മാറ്റൊലിയുടെ ശ്രോതാക്കളുടെയും സന്നദ്ധപ്രവർത്തകരു ടെയും സഹകാരികളുടെയും അഭ്യുദയകാംഷികളുടെയും വക്താക്ക ളുടെയും പ്രാദേശിക കൂട്ടായ്മയായ മാറ്റൊലിക്കൂട്ടത്തിന്റെ രൂപീകരണയോഗങ്ങൾ വിവിധ സ്ഥലങ്ങളിൽ നടന്നു.

**വേങ്ങൂർ**

ബത്തേരി നഗരസഭയിലെ വേങ്ങൂരിൽ ആരംഭിച്ച മാറ്റൊലിക്കൂട്ടം നഗരസഭ കൗൺസിലർ ബിന്ദു സുധീർ ബാബു ഉദ്ഘാടനം ചെയ്തു. മാറ്റൊലിക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് മാർക്കോസ് പി.യു. പ്രസിഡന്റായും സുബ്രഹ്മണ്യൻ. സി. സെക്രട്ടറിയായും സൂര്യ വിനോദ് ട്രഷററുമായുള്ള ഭരണസമിതിക്ക് രൂപം കൊടുത്തു. ജയൻ കുപ്പാടി, മൊയ്തു. കെ, അമ്മിണി ജോർജ്ജ്, മൊയ്തു ബ്ലാങ്കർ എന്നിവരാണ് മറ്റു ഭാരവാഹികൾ.

**പള്ളിക്കുന്ന്**

പനമരം പഞ്ചായത്തിൽ പള്ളിക്കുന്നിൽ ആരംഭിച്ച മാറ്റൊലിക്കൂട്ടം പഞ്ചായത്ത് മെമ്പർ രാമചന്ദ്രൻ എം. കെ. ഉദ്ഘാടനം ചെയ്തു. മാർക്കോസ് പി.യു. പ്രസിഡന്റായും കെ.എം. രാജൻ സെക്രട്ടറിയായും രജിനി റ്റി. ട്രഷററായും ഭരണസമിതി രൂപീകരിച്ചു. ദിവാകരൻ. ടി, രഞ്ജിത് കുമാർ ടി, സജി മുന്തിരിക്കാട്ടിൽ, ബീന സജി എന്നിവരാണ് മറ്റു ഭാരവാഹികൾ.

**പഴേരി**

സുൽത്താൻ ബത്തേരി നഗരസഭയിലെ പഴേരിയിലെ മാറ്റൊലിക്കൂട്ടം രൂപീകരണയോഗം മുൻ പഞ്ചായത്തംഗം ശ്രീ. നൂറുദ്ദീൻ ഉദ്ഘാടനം ചെയ്തു. ഡിവിഷൻ കൗൺസിലർ ബിന്ദു സുധീർ ബാബു അധ്യക്ഷത വഹിച്ചു. രാജീവ് കുമാർ പ്രസിഡന്റും ബാബു സെക്രട്ടറിയും സാലി നെടുമണ്ണിൽ ട്രഷറുമായി തെരഞ്ഞെടുക്കപ്പെട്ടു.

**സ്വാതന്ത്ര്യദിനാഘോഷം**

മാറ്റൊലിക്കൂട്ടത്തിന്റെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി പഴേരിയിൽ സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു. കുട്ടികളുടെ കലാപരിപാടികളും ജയൻ കുപ്പാടിയുടെ മാജിക് ഷോയും ഇതോടനുബന്ധിച്ച് അവതരിപ്പിച്ചു. പഴേരി ഗ്രാമോദയ് ക്ലബ്ബിന് ചടങ്ങിൽ വെച്ച് റേഡിയോ സെറ്റ് നൽകി. ബത്തേരി മുൻ പഞ്ചായത്ത് മെമ്പർ നൂറുദ്ദീൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഡിവിഷണൽ കൗൺസിലർ ബിന്ദു സുധീർ ബാബു അധ്യക്ഷത വഹിച്ചു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ മുഖ്യപ്രഭാഷണം നടത്തി.

**കർഷക ദിനാഘോഷം - മീനങ്ങാടി**

മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വ ത്തിൽ മീനങ്ങാടി കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തിയ കർഷക ദിനാഘോഷ

പരിപാടികളിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ റവ. ഫാ. ഡോ. സെബാസ്റ്റ്യൻ പുത്തേൻ, മാറ്റൊലിക്കൂട്ടം കോർഡിനേറ്റർ ഷാജു. പി ജയിംസ്, റെനീഷ് ആര്യപ്പിള്ളി എന്നിവർ പങ്കെടുത്തു.

**അഖില വയനാട് ഓണപ്പാട്ടുമത്സരം – ഓണപ്പൂക്കൾ**

ഓണപൂക്കൾ എന്ന പേരിൽ ഓണത്തോടനുബന്ധിച്ച് മാറ്റൊലിക്കൂട്ടങ്ങൾക്കായി ഓണപ്പാട്ടുമത്സരം സംഘടിപ്പിക്കുന്നു. ഒരു മാറ്റൊലിക്കൂട്ടത്തിൽ നിന്നും 7 പേര് അടങ്ങുന്ന ഒരു ടീമിനായിരിക്കും പങ്കെടുക്കുവാൻ അവസരം. ഓണം തീം ആയിട്ടുള്ള പാട്ടുകൾ ആണ് ആലപിക്കേണ്ടത്. 7 മിനിറ്റ് ആയിരിക്കും സമയപരിധി. ആവശ്യമുള്ള വാദ്യോപകരണങ്ങളുടെ കരോക്കെ ഉപയോഗിക്കാം. പങ്കെടുക്കാൻ താൽപര്യമുള്ള മാറ്റൊലി ക്കൂട്ടങ്ങൾ പേര് കേന്ദ്രസമിതിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓണപൂക്കൾ എന്ന പേരിൽ നടത്തപ്പെടുന്ന ഓണപ്പാട്ടുകളിൽ മികച്ച ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നൽകുന്നതായിരിക്കും.

**ഒരുമ നേതൃത്വ പരിശീലനം**

വയനാട് ജില്ലയിൽ ഇതുവരെ ആരംഭിച്ച എല്ലാ മാറ്റൊലിക്കൂട്ടങ്ങളിലെയും ഭാരവാഹികളുടെ ഒത്തുചേരൽ സെപ്തംബർ 9–ാം തീയതി ഒരുമ എന്ന പേരിൽ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നു. മാറ്റൊലിക്കൂട്ടങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട ഏഴുഭാരവാഹികളും ഈ കുടുംബസംഗമത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. നേതൃത്വ പരിശീലനം, ചർച്ചകൾ, കർമ്മപരിപാടികളുടെ ആസൂത്രണം എന്നിവ കാര്യപരിപാടികളായിരിക്കും. സെപ്തംബർ 9–ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് സമാപിക്കും.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**July-August 2017**

Classes have been in full swing after the completion of admissions to the first year Degree Programmes. The Election Commission of India, as part of a voter enrolment campaign, conducted classes for the students. The Teaching Departments conducted programmes involving the freshers and seniors to facilitate the integration of the first year students with the senior students. The foundation stone for the upcoming UGC assisted Staff Quarters-cum-Guest House was laid by Rev Msgr Abraham Nellickal, the Vicar General of the Diocese of Mananthavady. The College Quiz Team comprising Arun MS & Anusha Tom won the second Prize in the intercollegiate Green Quiz competition conducted at MG College Iritty. The PG Department of Computer Science started a NET coaching programme for the PG students in collaboration with the Career Guidance Wing of the college. The interviews for the admissions to the PG courses will take place on 18 August 2017 and admissions will close on 31 August 2017. The Independence Day was celebrated in a befitting manner. After the ceremonial Flag hoisting, the College Manager and the Principal spoke to the students prior to the cultural programmes by the NCC cadets and the regular work activities by the NSS volunteers.

**Dr. Savio James V**
Principal

### രൂപതാ ജനറൽ ബോഡി

2017 ആഗസ്റ്റ് 13 ന് 4 മണിക്ക് ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ രൂപതാ ജനറൽ ബോഡി യോഗം ടൗൺ ചർച്ച് പാരീഷ് ഹാളിൽ ചേർന്നു. ഓരോ ഫൊറോനയിലെയും പ്രതിനിധികൾ ഡി.എഫ്.സി യുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് വിശദമായ ചർച്ച നടന്നു. ഡി.എഫ്.സി അംഗങ്ങൾ ദീപിക പത്രത്തിന്റെ സർക്കുലേഷനുമായി ബന്ധപ്പെട്ട് കാര്യക്ഷമതയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി. ഫൊറോന തല കൺവെൻഷനുകൾ ആഗസ്റ്റ് 26 മുതൽ നടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത കൺവെൻഷനുകളിലേക്ക് ഓരോ ഇടവകയിൽ നിന്നും 10 വീതം പ്രതിനിധികളെ പങ്കെടുപ്പിക്കുവാൻ തീരുമാനമെടുത്തു. ഡി.എഫ്സി. യുടെ നേതൃത്വത്തിൽ ക്ലാസ്സുകളെടുക്കുവാൻ കഴിവുള്ളവരെ കണ്ടെത്തി പരിശീലനം നൽകി ഒരു റിസോഴ്സ് ടീമിനെ സജ്ജമാക്കുവാൻ തീരുമാനിച്ചു.

സെപ്റ്റംബർ 13, 14 തീയതികളിലായി കോട്ടയത്തുവച്ച് നടക്കുന്ന ഡി.എഫ്.സി സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിൽ രൂപതയിൽ നിന്നും പത്ത് പ്രതിനിധികൾ പങ്കെടുക്കുന്നതിന് യോഗം അംഗീകാരം നൽകി. ജിജോ ഇട്ടംപറമ്പിലിനെ രൂപതാ ജോയിന്റ് സെക്രട്ടറിയായി യോഗം തെരഞ്ഞെടുത്തു.

ഡി.എഫ്.സി രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ യോഗം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അലക്സ് കടൈക്കാട്ട് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് ബെന്നി പൂതറയിൽ, ജിജോ ഇട്ടൻപറമ്പിൽ, പീറ്റർ ഞരളക്കാട്ട്, ഷൈജൻ തടങ്ങഴിയിൽ, തോമസ് പട്ടമന, തോമസ് പാര്യത്ത്, ദീപിക കോഴിക്കോട് യൂണിറ്റ് സർക്കുലേഷൻ മനേജർ പ്രിൻസി ജോസ് എന്നിവർ പ്രസംഗിച്ചു. ഡി.എഫ്.സി രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ സ്വാഗതവും ട്രഷറർ സജി ജോർജ് പൂവാറ്റിൻചിറ നന്ദിയും പറഞ്ഞു.

### ഫൊറോന കൺവെൻഷൻ

മാനന്തവാടി രൂപതാ ഡി.എഫ്.സി യുടെ ഒന്നാം വാർഷികത്തിന് മുന്നോടിയായി എല്ലാ ഫൊറോനകളിലും ഫൊറോനാതല

കൺവെൻഷനുകൾ ആരംഭിക്കുന്നു. 2017 ആഗസ്റ്റ് 26–ാം തീയതി ശനി യാഴ്ച 4 മണിക്ക് ദ്വാരക ഫൊറാനാതല കൺവെൻഷൻ ദ്വാരക പള്ളി യിൽ വെച്ചും ആഗസ്റ്റ് 27–ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് തരിയോട് ഫൊറോന കൺവെൻഷൻ ചെന്നലോട് പള്ളിയിൽ വെച്ചും നടക്കുന്നതാണ്. കൺവെൻഷനുകളിലേക്ക് ഒരു ഇടവകയിൽ നിന്നും ഡി.എഫ്.സി. ഭാരവാഹികളും കമ്മറ്റി അംഗങ്ങളും ഉൾപ്പെടെ 10 പ്രതിനിധികൾ എങ്കിലും പങ്കെടുക്കണം. മറ്റ് ഫൊറോനകളിലെ കൺവെൻഷൻ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**
ഡി.എഫ്.സി രൂപതാ സെക്രട്ടറി

# അറിയിപ്പുകൾ

**ചെന്നൈ ചിന്നമലയിൽ മാർത്തോമ്മാ തീർത്ഥാടനകേന്ദ്രം**

മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച ചിന്നമലയിൽ സീറോ മലബാർ തീർത്ഥാടനകേന്ദ്രം തുറന്നിരിക്കുന്നു. വി. കുർബാന അർപ്പിക്കാനും താമസത്തിനും സൗകര്യമുണ്ടായിരിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് താഴെപ്പറയുന്ന അഡ്രസ്സിൽ ബന്ധപ്പെടാവുന്നതാണ്.

Rev. Fr. George Chirammel
Vicar, St. Thomas Syro Malabar Catholic Church,
Little Mount 6/74-3, North Silver 1st Street
St. Thomas Mount, Chennai - 600016
Ph: 044-22314690, Cell: 0091-9500101620, 9003047636

# Pastoral Centre Programme



**September 2017**

| | |
|---|---|
| 1-2 | Department of Youth Ministry |
| 2 | Zion |
| 4 | Thiru Onam |
| 6-9 | Marriage Preparation Course |
| 8-9 | Department of Youth Ministry |
| 9 | KCYM |
| 10-14 | Zion Retreat |
| 11 | Marian Singles |
| 14 | SMMA Roopatha Executive |
| 17- 22 | Priests' Retreat |
| 24-29 | Priests' Retreat |
| 29-Oct 2 | Jesus Youth Retreat |
| 29-30 | Department of Youth Ministry |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***September 2017***

| | | |
|---|---|---|
| *1* | *Fri 4 Mon .........* | *Mount St. Thomas- Kakkanad: Synod* |
| *5* | *Tue 6 Wed .........* | *Good Shepherd Major Seminary, Kunnoth* |
| *7* | *Thu Afternoon...* | *Pastoral Council - Standing Committee Meeting* |
| *8* | *Fri 11 Mon .......* | *Out of Station* |
| *12* | *Tue .................* | *Payyampally: Ordination of Dn. Martin Kuzhikandathil PSDP* |
| *13* | *Wed .................* | *Visitors' Day* |
| *14* | *Thu ..................* | *Mary Matha College: Excellence Day* |
| *15* | *Fri ....................* | *Out of Station* |
| *17* | *Sun 22 Fri ........* | *Priests' Retreat* |
| *23* | *Sat ...................* | *Malom* |
| *24* | *Sun 29 Fri ........* | *Priests' Retreat* |
| *30* | *Sat ...................* | *Sulthan Bathery: Blessing of the Church* |
| | *Afternoon .......* | *Jesus Youth Retreat* |

***October 2017***

| | | |
|---|---|---|
| *1* | *Sun 31 Tue.........* | *Out of Station* |